# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 4
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജൂലൈ 2012

2012-17



## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

പങ്കാളിത്ത ആസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയുമാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പൊതുസമീപനം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രപദ്ധതികളാണ് തയ്യാറാക്കേണ്ടത്.

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്




# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: സ്വാശ്രയ പഞ്ചായത്ത് എന്ന സ്വപ്ന സാക്ഷാത്കാരം
ഡോ. എം.കെ.മുനീർ

8 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസനവും
പി.കെ. ജയലക്ഷ്മി

10 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: വിപുലമായ അധികാരങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കണം
സി.പി. ജോൺ



12 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി: ആസൂത്രണവും നിർവ്വഹണവും
ഡോ. പി.പി. ബാലൻ



17 സമഗ്ര വികസനത്തിന് പഞ്ചവത്സര പദ്ധതി, ഭ്രമണ പദ്ധതി, ജില്ലാ പദ്ധതി
ഡോ. ജെ.ബി. രാജൻ



20 വനിതാ ഘടകപദ്ധതിയും ലിംഗപദവി തുല്യതയും
ഡോ. പീറ്റർ. എം. രാജ്






24 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും പട്ടികജാതി-പട്ടികവർഗ്ഗ വികസനവും
ഡോ. എബി ജോർജ്ജ്

26 പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി: വാർഷികപദ്ധതി മാർഗ്ഗരേഖ സംക്ഷിപ്തം
എ. സെയ്ദ്



30 പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി: കിലയുടെ ഒന്നാംഘട്ട പരിശീലനം

32 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

34 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്: സേവന പ്രവർത്തനങ്ങളുമായി ജനങ്ങളിലേക്ക്
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

35 ഗതകാല സ്മൃതി ഉണർത്തി ഗ്രാമയാത്ര
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



38 കുടുംബശ്രീയും കുട്ടികളും
ടി. ഷാഹുൽ ഹമീദ്



40 തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളിധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### ഓരോ തുള്ളി ജലവും കരുതണം

ജലം സംരക്ഷിക്കേണ്ടതിന്റെയും ജലശുദ്ധീകരണത്തെപ്പറ്റിയും ജൂൺ ലക്കം പഞ്ചായത്ത്‌രാജ് മാസികയിലെ ലേഖനങ്ങൾ അവസരോചിതമായി. കേരളത്തിലെ കാലാവസ്ഥയ്ക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നു. മഴ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന കേരളം ഇന്ന് വരൾച്ചയുടെ പിടിയിലായിക്കഴിഞ്ഞു. മണലൂറ്റലും തണ്ണീർത്തടങ്ങൾ നികത്തലും മൂലം പുഴകളും നീർത്തടങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഉള്ള ജലത്തെ നമ്മൾതന്നെ മലിനപ്പെടുത്തുന്നു. നാം തുരത്തിയെന്ന് പറഞ്ഞിരുന്ന പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇക്കാര്യങ്ങൾ ആശങ്ക ഉണർത്തുന്നവയാണ്. മാലിന്യമകറ്റാനും ജലം സംരക്ഷിക്കാനും ഇനിയും അമാന്തിച്ചുകൂട. പഞ്ചായത്തുകളുടെ പഞ്ചവത്സരപദ്ധതിയിൽ ഇക്കാര്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ മാതൃകാപരമായ രീതിയിൽ കാര്യക്ഷമമായി നടപ്പാക്കണം. ജലവിഭവ വകുപ്പ് മന്ത്രി ആഹ്വാനം ചെയ്തതുപോലെ ഓരോ തുള്ളി ജലവും കരുതണം. പ്രകൃതിയെ ഇനിയും നശിപ്പിക്കാതിരിക്കുക.

***ജോണി***, ഇരുമ്പനം, കൊച്ചി

## ശ്മശാനങ്ങളും അറവുശാലകളും നിർമ്മിക്കുന്നതിന് സഹായധനം: അപേക്ഷ ക്ഷണിച്ചു

2012-13 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങളും അറവുശാലകളും നിർമ്മിക്കുന്നതിനായി പ്രോത്സാഹന സഹായധനം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ശ്മശാന നിർമ്മാണത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്കും അറവുശാല നിർമ്മാണത്തിന് 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്കുമാണ് സഹായധനം നൽകുന്നത്. ഇതിനു വേണ്ടിവരുന്ന അധിക വിഭവം അതത് ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തേണ്ടതാണ് പ്രസ്തുത ആവശ്യത്തിലേക്ക് സ്ഥലം ഏറ്റെടുത്തതിനുശേഷം മാത്രമേ തുക കൈമാറി നൽകുകയുള്ളൂ. നിലവിൽ സ്വന്തമായി ഭൂമിയുള്ള ഗ്രാമപഞ്ചായത്തുകൾക്കും പദ്ധതി നടത്തിപ്പ് ചെലവിന്റെ 50% പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുൻഗണന നൽകുന്നതാണ്. മുൻകാലങ്ങളിൽ ഈ പദ്ധതി പ്രകാരം സഹായധനം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ പരിഗണിക്കുന്നതല്ല.അപേക്ഷകൾ 2012 ജൂലൈ 31ന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് നൽകേണ്ടതാണ്.

## പഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ചു

ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള സാംഖ്യ, സുലേഖ, സേവന, സഞ്ചയ, സൂചിക, സ്ഥാപന, സുഗമ, സങ്കേതം, സകർമ്മ, സചിത്ര തുടങ്ങിയ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിച്ച് പഞ്ചായത്തുകളുടെ ഇ-ഗവേണൻസ് പ്രവർത്തനം നടപ്പാക്കുന്നതിനും കമ്പ്യൂട്ടർവൽക്കൃതമായി പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകളിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും വേണ്ടി ഓരോ കമ്പ്യൂട്ടർ വീതവും പഞ്ചായത്തിന് ഒരു സെർവർ കമ്പ്യൂട്ടറും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായി. കമ്പ്യൂട്ടർ വാങ്ങുമ്പോൾ ഐ.കെ.എം. നിർദ്ദേശിക്കുന്ന വിധത്തിൽ ലൈസൻസുള്ള/ലൈസൻസ് ആവശ്യമില്ലാത്ത ഓപ്പറേറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ കൂടെ വാങ്ങുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇപ്രകാരം സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതോടൊപ്പം ക്രമേണ കടലാസ്സ് രഹിത (പേപ്പർലെസ്സ്) ഓഫീസ് എന്ന ലക്ഷ്യത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്തിച്ചേരേണ്ടതാണ്. ഇതിനുള്ള പ്രവർത്തനം ഐ.കെ.എം. ദ്രുതഗതിയിൽ സമയബന്ധിതമായി നടത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കമ്പ്യൂട്ടറുകൾക്കു പുറമേ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമാക്കി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുബന്ധ ഉപകരണങ്ങൾ വിഭവ പരിമിതി കണക്കിലെടുത്ത് ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് ആവശ്യാനുസരണം വാങ്ങാവുന്നതാണ്. (സ.ഉ.(സാധാ)നം. 1838/2012/തസ്വഭവ, തീയതി 3.7.2012)


**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2012
പുസ്തകം 52
ലക്കം 4
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**റ്റി.കെ. മനോജ്കുമാർ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ജെ. സദാനന്ദൻ**
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)



എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
**ജെ. സദാനന്ദൻ**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


*എഡിറ്ററുടെ പേന*

## സേവനപ്രദാന സംവിധാനങ്ങൾ മെച്ചപ്പെടുത്തണം

ശ്രദ്ധേയമായ നിയമനിർമ്മാണങ്ങളിലൂടെ രാജ്യത്തിനു പലപ്പോഴും മാതൃകയായ സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ നിയമനിർമ്മാണ രംഗത്ത് വിപ്ലവകരമെന്ന് വിശേഷിക്കപ്പെടുന്ന വിവരാവകാശ നിയമം പ്രാബല്ല്യത്തിൽ വരുന്നതിനു എത്രയോ മുൻപുതന്നെ പൗരന് അറിയുവാനുള്ള അവകാശം നിയമത്തിൽ വ്യവസ്ഥ ചെയ്ത സംസ്ഥാനമാണ് നമ്മുടേത്. പൗരന് പൊതു അധികാരസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങളുടെ ലഭ്യത ഒരു അവകാശമായി മാറിയതിന്റെ ചുവടു പിടിച്ച്, രാജ്യത്തിനു മാതൃകയായി നമ്മുടെ സംസ്ഥാനത്ത് പൊതു സ്ഥാപനങ്ങൾ നൽകുന്ന സേവനവും അവകാശമായി മാറാൻ പോവുകയാണ്. അതിനർത്ഥം വിവരാവകാശ നിയമപ്രകാരം ഇപ്പോൾ നിശ്ചിത ദിവസങ്ങൾക്കകം വിവരം ലഭ്യമാക്കുന്നതു പോലെ പൊതുജനങ്ങൾക്ക് കൃത്യമായ സമയപരിധിക്കുള്ളിൽ സേവനവും പ്രദാനം ചെയ്യാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥരാകുമെന്നാണ്.

ഇന്ന് ജനങ്ങളുമായി ഏറ്റവും അടുത്തിടപഴകുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്കും സേവനങ്ങളുടെ 90 ശതമാനവും പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്കും ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായിരിക്കും സേവന അവകാശ നിയമം പ്രാബല്ല്യത്തിൽവരുന്നതോടുകൂടി കടുത്ത വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടി വരിക. സേവനമേഖലയിൽ ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം, പരിമിതമായ ഭൗതിക സൗകര്യങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങളാൽ ഇപ്പോൾ തന്നെ സേവനപ്രദാന രംഗത്ത് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദീർഘവീക്ഷണത്തോടെയുള്ള തയ്യാറെടുപ്പുകൾ നടത്തി കാര്യശേഷി വർദ്ധിപ്പിച്ചാൽ മാത്രമേ സംജാതമാകുവാൻ പോകുന്ന പുതിയ സാഹചര്യവുമായി അവയ്ക്ക് പൊരുത്തപ്പെടാൻ കഴിയൂ.

അധികാരവികേന്ദ്രീകരണത്തെത്തുടർന്ന് ലഭ്യമായ വിഭവസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ആഫീസ് സംവിധാനം മെച്ചപ്പെടുത്തിയ സ്ഥാപനങ്ങൾ നിരവധിയാണ്. എന്നാൽ ഇതിനൊന്നും ഒരു പ്രാധാന്യവും കൽപ്പിക്കാതെ ഉപയോഗശൂന്യമായ സാധനസാമഗ്രികൾക്കും പൊടിയണിഞ്ഞ ഫയൽ കൂമ്പാരങ്ങൾക്കും ശ്വാസംമുട്ടുന്ന സ്ഥലസൗകര്യങ്ങൾക്കുമിടയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ആഫീസുകളും ഇവിടെയുണ്ട്. പൊതുജനങ്ങൾക്ക് അപേക്ഷ എഴുതുന്നതിനോ, മഴയും വെയിലും ഏൽക്കാതെ നിൽക്കുന്നതിനോ ഇത്തരം സ്ഥാപനങ്ങളിൽ സ്ഥല സൗകര്യം ഇല്ല എന്നത് ദു;ഖകരമായ വസ്തുതയാണ്. മതിയായ ഫണ്ടില്ലായെന്നാണ് പലരും കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഇതിന് പരിഹാരമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ലോകബാങ്ക് ധനസഹായത്തോടെ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് 2011-12 വർഷം മുതൽ സർക്കാർ ആരംഭിച്ചത്. 2011-12 മുതൽ 2014-15 വരെയുള്ള 4 വർഷത്തിനുള്ളിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റായി ഏകദേശം 1097.56 കോടി രൂപ ലഭിക്കും. പഞ്ചായത്തുകൾക്ക് മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും, ഫ്രണ്ടാഫീസ് സംവിധാനം, പഞ്ചാത്തലവികസനം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ-ഗവേണൻസ്, ജിയോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റം, ഓൺലൈൻ സർവ്വീസ്, പ്രോപ്പർട്ടി ടാക്സ് മാപ്പിംഗ് തുടങ്ങി സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടത്. വർഷാവസാനം ചെലവഴിക്കാത്ത തുക ലാപ്സായി പോകുന്നതല്ല. എന്നാൽ മുൻ വർഷത്തെ പ്രോജക്ട് നടത്തിപ്പ്, നടപ്പ് വർഷത്തെ പദ്ധതി രൂപീകരണം എന്നിവ വിലയിരുത്തിയാണ് തുടർവർഷങ്ങളിൽ ഗ്രാന്റ് അനുവദിക്കുക. അതിനാൽ പഞ്ചായത്തുകളുടെ ഭൗതിക സംവിധാനം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ജി.എസ്.ഡി.പി. കാര്യക്ഷമമായി നിർവഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം.

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ പഞ്ചായത്ത് ആഫീസുകളെ കടലാസ് രഹിത ആഫീസുകളാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുവേണ്ടി I.K.M വികസിപ്പിച്ച എല്ലാ സോഫ്റ്റ്‌വെയറുകളും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, ഫ്രണ്ട് ആഫീസ്/ജനസേവന കേന്ദ്രങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടർ, മാനേജ്മെന്റ് ഡിവൈസുകൾ, ഓൺലൈൻ യു.പി.എസ്, ടച്ച് സ്ക്രീൻ കിയോസ്ക്, ഡിസ്പ്ലേ സ്ക്രീൻ തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇവയെല്ലാം കണക്കിലെടുത്ത് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയും വാർഷിക പദ്ധതിയും ആസൂത്രണം ചെയ്യുന്ന ഈ വേളയിൽ മെച്ചപ്പെട്ട സേവനപ്രദാന സംവിധാനങ്ങൾ ദീർഘവീക്ഷണത്തോടെ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകുമെന്ന് പ്രത്യാശിക്കുന്നു.

പഞ്ചായത്ത് രാജ്

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

# സ്വാശ്രയ പഞ്ചായത്ത് എന്ന സ്വപ്ന സാക്ഷാത്കാരം



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

**തങ്ങളുടെ ഗ്രാമം എങ്ങനെ ആയിത്തീരണം എന്ന് ഗ്രാമവാസികളും ജനപ്രതിനിധികളും ചേർന്ന് തീരുമാനിക്കുന്നു. വികസനപരിപ്രേക്ഷ്യം അവരുടേത് മാത്രമാണ്. ജനങ്ങളും ജനപ്രതിനിധികളും കൂടുതൽ പ്രതിബദ്ധതയും ഉത്തരവാദിത്തവും ഉള്ളവരായി മാറുന്നു. ആത്യന്തികമായി സ്വാശ്രയ ഗ്രാമത്തിലേക്കുള്ള വഴി തുറക്കുന്ന മഹായത്നത്തിൽ ഒരുമിച്ച് സമഗ്രവും സാർത്ഥകവുമായ ഒരു മുന്നേറ്റം പഞ്ചവത്സരപദ്ധതിയിലൂടെ സാധ്യമാവുന്നു. ഗ്രാമസ്വരാജിലേക്കുള്ള ദൂരം കുറയുന്നു – സ്വാശ്രയഗ്രാമം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ നാം മുന്നോട്ട്.**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ അധികാരം, വിവേകപൂർണ്ണവും യാഥാർത്ഥ്യാധിഷ്ഠിതവും ദീർഘവീക്ഷണാത്മകവുമായ വിനിയോഗത്തിലൂടെ അവയ്ക്ക് പൂർണ്ണ സ്വാശ്രയത്വം കൈവരിക്കാൻ ഉതകുന്നതാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി(2012–17) മാർഗ്ഗരേഖ പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അതിവിപുലമായ സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് നല്കുന്നു. പദ്ധതിപ്പണം പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതമായി വിനിയോഗിക്കാൻ കഴിയുന്നതോടൊപ്പം ഗ്രാമസഭകൾ ശക്തിപ്പെടുക കൂടി ചെയ്യുന്ന ഈ പ്രക്രിയ ലോകത്തിന് മുമ്പാകെ തന്നെ ജനകീയാസൂത്രണത്തിന്റെയും വികേന്ദ്രീകൃത ജനാധിപത്യത്തിന്റെയും സമുജ്ജ്വല മാതൃകകൾ തീർക്കാൻ പോവുകയാണ്. പ്ലാൻ ഫണ്ട് പാഴാക്കാതെ ഉപയോഗിക്കാൻ കഴിയുന്നു എന്ന ഒരു സവിശേഷത കൂടി പഞ്ചവൽസര പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികളെ തുടർന്നു കേരളത്തിൽ പഞ്ചായത്ത്‌രാജ് നിയമം പാസ്സാക്കുന്നത് 1994–ലാണ്. ബഹുമാനപ്പെട്ട സി.റ്റി. അഹമ്മദാലി സമർത്ഥമായി പൈലറ്റ് ചെയ്ത നിയമം അധികാരം ജനങ്ങൾക്ക് പകർന്നു നൽകികൊണ്ടുള്ള വിപ്ലവത്തിന് തുടക്കമിട്ടു. തുടർന്ന് 1995–ൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് ആദ്യതെരഞ്ഞെടുപ്പ് നടന്നു. പിന്നീടുള്ളത് ചരിത്രത്തിന്റെ ഭാഗം. തുടർന്നു വന്ന വർഷങ്ങളിൽ ഏറ്റവും മാതൃകാപരവും വിജയകരവുമായ തദ്ദേശഭരണനടത്തിപ്പിന് മികച്ച സംസ്ഥാനത്തിനുള്ള കേന്ദ്രഗവൺമെന്റിന്റെ പുരസ്കാരത്തിന് കേരളം നാല് പ്രാവശ്യം അർഹമായി. ഈ നേട്ടങ്ങളുടെ അടിയുറച്ച പശ്ചാത്തലത്തിൽ നിലയുറപ്പിച്ചുകൊണ്ട് കൂടുതൽ കരുത്താർജ്ജിച്ച് മുന്നേറുകയാണ് നമ്മുടെ ലക്ഷ്യം. പങ്കാളിത്ത/ആസൂത്രണത്തിലൂടെ സമഗ്രവികസനമാണ് പൊതുസമീപനം. ആസൂത്രണത്തിന്റെ മുൻഗണനാമേഖലകളിലേക്ക് ഒന്നു കണ്ണോടിക്കുന്നത് പ്രസക്തമായിരിക്കും.

(1) ഉൽപ്പാദനമേഖലയുടെ സ്ഥായിയായ വളർച്ച. ഉദാ: ഭക്ഷ്യവിള, പാൽ, മുട്ട, മാംസം, മൽസ്യം, ഉൽപന്ന സംസ്കരണം, വിപണനം.

(2) പരിസ്ഥിതി – പ്രകൃതി വിഭവ സംരക്ഷണം.

(3) ആരോഗ്യ–വിദ്യാഭ്യാസ–തൊഴിൽമേഖലകൾക്ക് പ്രത്യേക പരിഗണന.

(4) അടിസ്ഥാന സൗകര്യ വികസനം: വീട്, കുടിവെള്ളം, വൈദ്യുതി, ഗതാഗതം, പരിസരശുചിത്വം.

(5) സേവനരംഗത്തിന്റെ ഗുണമേന്മ: ആശുപത്രികൾ, സ്കൂൾ, അംഗൻവാടി.

(6) സാമൂഹിക നീതി ഉറപ്പാക്കൽ – പാർശ്വവൽകൃതർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും – സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, പട്ടികജാതി – പട്ടികവർഗ്ഗം, വ്യത്യസ്ത ശേഷിയുള്ളവർ.

(7) പുതിയ ആസ്തി സൃഷ്ടിയും നിലവിൽ ഉള്ളവയുടെ പരിപാലനവും.

പ്രാദേശിക പ്രത്യേകതകൾ ഉൾക്കൊണ്ട് ആസൂത്രണം നടത്താൻ കഴിയുന്നു എന്നത് സ്വാശ്രയഗ്രാമം എന്ന സ്വപ്നത്തിലേക്കുള്ള വഴിയാണ്. വിപുലമായ സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് പ്രയോജനപ്പെടുത്താം TAG എടുത്ത് മാറ്റിയതിലൂടെ ആസൂത്രണത്തിലും നടത്തിപ്പിലും യഥാർത്ഥ ജനാഭിലാഷത്തിന് മുൻകൈ ലഭിക്കുകയാണ്. വളരെ യാഥാർത്ഥ്യബോധത്തോടെ മുന്നേറാൻ കഴിയും എന്നതോടൊപ്പം ഉദ്യോഗസ്ഥരെ തേടിപ്പിടിച്ച് അനുമതി തേടേണ്ട ദുര്യോഗത്തിന് അറുതിയും ആകും.

പ്ലാൻ ഫണ്ടിന്റെ 10% സ്ത്രീ കേന്ദ്രീകൃത പദ്ധതികൾക്കായിരിക്കണം എന്ന് നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. സ്ത്രീ ശാക്തീകരണവും സ്ത്രീ അർഹിക്കുന്ന സുരക്ഷയും സേവനവും പ്രദാനം ചെയ്യുന്നതിൽ ഈ വ്യവസ്ഥ വലിയ പരിവർത്തനം സൃഷ്ടിക്കുകതന്നെ ചെയ്യും. ജാഗ്രതാ സമിതികൾ, നിർഭയ, പെൺകുട്ടികൾക്കായുള്ള ടോയ്‌ലെറ്റുകൾ, കെട്ടിടങ്ങൾ, സ്കൂൾ ജാഗ്രതാ സമിതികൾ, അംഗൻവാടി കൗമാര ക്ലാസ്സുകൾ, ഭൂമി പാട്ടത്തിനെടുക്കൽ – വാങ്ങൽ തുടങ്ങിയ വിപുലമായ മേഖലകളിൽ ഇത് പ്രയോജനപ്പെടുത്താൻ കഴിയും.

അങ്കണവാടികളും പോഷകാഹാര വിതരണവും ഏറെ ശ്രദ്ധ അർഹിക്കുന്ന ഒരു രംഗമാണ്. സമൂഹത്തിന്റെ താഴെത്തട്ടിൽ കഴിയുന്നവരിൽ നിന്ന് ആരോഗ്യമുള്ള പുത്തൻതലമുറ ഉയർന്നുവരുന്നതിന് സവിശേഷ പ്രാധാന്യം നൽകാനുള്ള അവസരം കൂടി പ്രാദേശിക സർക്കാരുകൾക്ക് കൈവന്നിരിക്കുകയാണ്.



**പ്രാദേശിക പ്രത്യേകതകൾ ഉൾക്കൊണ്ട് ആസൂത്രണം നടത്താൻ കഴിയുന്നു എന്നത് സ്വാശ്രയഗ്രാമം എന്ന സ്വപ്നത്തിലേക്കുള്ള വഴിയാണ്. വിപുലമായ സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് പ്രയോജനപ്പെടുത്താം TAG എടുത്ത് മാറ്റിയതിലൂടെ ആസൂത്രണത്തിലും നടത്തിപ്പിലും യഥാർത്ഥ ജനാഭിലാഷത്തിന് മുൻകൈ ലഭിക്കുകയാണ്. വളരെ യാഥാർത്ഥ്യബോധത്തോടെ മുന്നേറാൻ കഴിയും എന്നതോടൊപ്പം ഉദ്യോഗസ്ഥരെ തേടിപ്പിടിച്ച് അനുമതി തേടേണ്ട ദുര്യോഗത്തിന് അറുതിയും ആകും.**

പദ്ധതി ആസൂത്രണത്തിനായുള്ള ഗ്രാമസഭാ/വാർഡ്സഭാ കാര്യപരിപാടി വളരെയേറെ ക്രിയാത്മകമാണ്. പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, ഗ്രാമസഭയുടെ അവകാശങ്ങൾ/ചുമതലകൾ, പദ്ധതി നിർവഹണ റിപ്പോർട്ട്, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പൊതുചർച്ച, ഗ്രൂപ്പ് ചർച്ച, ചർച്ചാ റിപ്പോർട്ടിംഗ്, ക്രോഡീകരണം, മിനിറ്റ്സ് എന്നിവ ഏറ്റവും ഉത്തരവാദിത്വത്തോടെ ഏറ്റവും ജനകീയമായി നിർവഹിക്കപ്പെടുന്നു. തങ്ങളുടെ ഗ്രാമം എങ്ങനെ ആയിത്തീരണം എന്ന് അവിടത്തെ ഗ്രാമവാസികളും ജനപ്രതിനിധികളും ചേർന്ന് തീരുമാനിക്കുന്നു. വികസനപരിപ്രേക്ഷ്യം അവരുടേത് മാത്രമാണ്. ജനങ്ങളും ജനപ്രതിനിധികളും കൂടുതൽ പ്രതിബദ്ധതയും ഉത്തരവാദിത്തവും ഉള്ളവരായി മാറുന്നു. ആത്യന്തികമായി സ്വാശ്രയ ഗ്രാമത്തിലേക്കുള്ള വഴി തുറക്കുന്ന മഹായത്നത്തിൽ ഒരുമിച്ച് സമഗ്രവും സാർത്ഥകവുമായ ഒരു മുന്നേറ്റം പഞ്ചവത്സരപദ്ധതിയിലൂടെ സാധ്യമാവുന്നു. ഗ്രാമസ്വരാജിലേക്കുള്ള ദൂരം കുറയുന്നു – സ്വാശ്രയഗ്രാമം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ നാം മുന്നോട്ട്.■




# തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസനവും



**പി.കെ. ജയലക്ഷ്മി**
പട്ടികവർഗ്ഗക്ഷേമ യുവജനകാര്യ വകുപ്പുമന്ത്രി

**കേവലം സാമ്പത്തിക പിന്നോക്കാവസ്ഥ എന്ന നിലയിൽ മാത്രം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളെ സമീപിക്കുന്നത് പലപ്പോഴും വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നുണ്ട്. സ്വന്തം പിന്നോക്കാവസ്ഥകളും പ്രശ്നങ്ങളും സ്വയം തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും അതിൽ നിന്നുള്ള മോചനത്തിന്റെ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഈ വിഭാഗങ്ങൾക്ക് ശേഷിയുണ്ടാക്കുവാൻ ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച പ്രവർത്തനത്തിലൂടെ ശ്രമിക്കേണ്ടതുണ്ട്. ഓരോരുത്തരുടെയും ജീവിതം എങ്ങനെ ആയിരിക്കണമെന്ന് അവരവർതന്നെ തീരുമാനിക്കുകയും ആ തീരുമാനം ഇച്ഛാനുസരണം പ്രാവർത്തികമാക്കാനുള്ള അവസരവും കഴിവും അവർക്ക് ലഭ്യമാവുകയും ചെയ്യുമ്പോഴാണ് ഒരു സമൂഹം വികസനത്തിന്റെ പാതയിലാണ് എന്ന് പറയാൻ കഴിയുക.**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ എത്രമാത്രം നീതി പുലർത്താനായി എന്നത് വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിൽ പ്രധാനപ്പെട്ട മാനദണ്ഡമാണ്. കഴിഞ്ഞ പതിനൊന്ന് പഞ്ചവത്സര പദ്ധതികളിലൂടെ വിവിധ മേഖലകളിൽ സംസ്ഥാനം കൈവരിച്ച വികസനനേട്ടങ്ങളിൽ പൊതുസമൂഹത്തോടൊപ്പം പൂർണ്ണതോതിൽ ഭാഗഭാക്കാകുവാൻ കഴിയാതെപോയ ഈ വിഭാഗങ്ങൾക്ക് സവിശേഷ പരിഗണന നൽകുവാൻ നമുക്കു കഴിയേണ്ടതുണ്ട്. വികസന പ്രക്രിയയിൽ ഉൾപ്പെടാതെ പോയവരെ കൂടി ഉൾപ്പെടുത്തുമ്പോൾ മാത്രമേ സാമൂഹിക നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം യാഥാർത്ഥ്യമാവുകയുള്ളൂ. അധികാരവികേന്ദ്രീകരണവും ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയയും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കുകയുണ്ടായി. പട്ടികവർഗ്ഗ ഉപപദ്ധതിക്കായി വകയിരുത്തിയ തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റിവച്ചു. പട്ടികവർഗ്ഗ ജനസമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്ക്കരിക്കുക, ഗുണമേന്മയുള്ള ആസൂത്രണ നിർവ്വഹണ സംവിധാനങ്ങൾ സൃഷ്ടിക്കുക, ഫലപ്രദമായ സൂക്ഷ്മതല മോണിട്ടറിംഗ് നടപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ പട്ടികവർഗ്ഗ സമൂഹത്തിന്റെ വികസനം സാധ്യമാക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. വികസനം എന്നത് ഭൗതിക സൗകര്യങ്ങൾ ഒരുക്കുക മാത്രമല്ലെന്നും ഒരു സമൂഹം എന്ന നിലയിൽ അർത്ഥപൂർണ്ണമായ നിലനിൽപ്പിന് സൗകര്യം ഉണ്ടാവുന്ന അവസ്ഥ സൃഷ്ടിക്കുക എന്നതാണെന്നുമുള്ള തിരിച്ചറിവിന്റെ ഫലമായി അനേകം ഗുണമേന്മയുള്ള പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. പക്ഷേ, കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ജീവിതസാഹചര്യം പ്രതീക്ഷയ്ക്കൊപ്പം ഉയർന്നില്ല. മാത്രമല്ല, പട്ടികവർഗ്ഗക്കാരുടെ വികസനത്തിന്റെ വളർച്ചാനിരക്ക് മറ്റ് വിഭാഗങ്ങളുടേതിനെ അപേക്ഷിച്ച് വളരെ കുറഞ്ഞതോതിലാണ് എന്ന വസ്തുത വിവിധ പഠനങ്ങളിലൂടെ വെളിപ്പെടുകയും ചെയ്തു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പടിവാതിൽക്കൽ നിൽക്കുമ്പോൾ ഈ വസ്തുത ഗൗരവപൂർവ്വം പരിഗണിക്കേണ്ടതായിട്ടുണ്ട്. പട്ടികവർഗ്ഗ വികസനത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൈകോർത്ത് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഇന്ന് സംജാതമായിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ 110.98 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. 418 ഗ്രാമപഞ്ചായത്തുകൾക്കും 101 ബ്ലോക്ക് പഞ്ചായത്തുകൾക്കും 14 ജില്ലാ പഞ്ചായത്തുകൾക്കുമായാണ് ഈ തുക വിഭജിച്ചു നൽകിയിട്ടുള്ളത്. നഗരപ്രദേശങ്ങളിൽ 7 നഗരസഭകൾക്കു മാത്രമാണ് തുക വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ വിതരണം നടത്തുമ്പോൾ 166 ഗ്രാമപഞ്ചായത്തുകൾക്ക് രണ്ടുലക്ഷം രൂപയിൽ താഴെ മാത്രമാണ് ലഭിക്കുന്നത്. ഒരുകോടി രൂപയിൽ കൂടുതൽ ലഭിക്കുന്ന 15 ഗ്രാമപഞ്ചായത്തുകളുണ്ട്.

പ്രത്യക്ഷ ജനാധിപത്യത്തിന്റെ വേദികളാണ് ഗ്രാമസഭയും ഊരുകൂട്ടവും. ഇവയെ ശാക്തീകരിക്കുന്നതിലൂടെ ജനാധിപത്യത്തെ അഗാധവത്ക്കരിക്കുകയാണ് നാം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങളും വികസന ആവശ്യങ്ങളും ഇഴ പിരിച്ച് അറിയുന്നതിനും അവയ്ക്ക് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ വേദികളായി ഈ സൂക്ഷ്മതല ജനാധിപത്യ സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരിക്കുമ്പോൾ ഊരുകൂട്ടങ്ങൾ നിർബന്ധമായും വിളിച്ചുചേർക്കുകയും ഊരിലെ 50 ശതമാനത്തിലധികം വോട്ടർമാർ അതിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പട്ടികവർഗ്ഗ ഫണ്ടിന്റെ 50 ശതമാനം തുകയെങ്കിലും ഈ വിഭാഗത്തിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിനായി മാറ്റിവയ്ക്കണം. ഓരോ കുടുംബത്തിന്റെയും സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് ഊന്നൽ നൽകുന്ന പ്രോജക്ടുകൾ കണ്ടെത്താൻ ശ്രമിക്കണം. അടിസ്ഥാന സൗകര്യവികസനം, ഉല്പാദനം തുടങ്ങിയ മേഖലകളെക്കാൾ കുടുംബകേന്ദ്രീകൃത സമീപനമാണ് കൂടുതൽ ഫലപ്രദമാവുക. പട്ടികവർഗ്ഗ പ്രദേശങ്ങൾ വികസിക്കുകയും പട്ടികവർഗ്ഗ വിഭാഗങ്ങൾ വേണ്ടത്ര പുരോഗതി നേടാതിരിക്കുകയും ചെയ്യുന്നു എന്ന സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് ബോധപൂർവ്വമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാരഥികളിൽ നിന്നും ഉണ്ടാവേണ്ടതുണ്ട്. പട്ടികവർഗ്ഗ ഫണ്ട് വിനിയോഗത്തിന് മേഖലാവിഭജനം സംബന്ധിച്ച് നിബന്ധനകൾ ഒന്നുംതന്നെ സർക്കാർ നൽകിയിട്ടില്ല എന്നത് തദ്ദേശഭരണസ്ഥാപനങ്ങളെ വിശ്വാസത്തിൽ എടുത്തിരിക്കുന്നതിന്റെ സൂചനയാണ്. പക്ഷേ, റോഡുകളുടെ നിർമ്മാണം കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പട്ടികവർഗ്ഗ കോളനിയിലേക്ക് റോഡ് നിർമ്മിക്കുമ്പോൾ ആവശ്യമെങ്കിൽ ആനുപാതികമായ തുക പട്ടികവർഗ്ഗ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിൽ 50 ശതമാനത്തിലധികവും വിദ്യാഭ്യാസകാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സഹായം നൽകാൻ കഴിയും. വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള ധനസഹായവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വകയിരുത്താവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനും വകുപ്പിന്റെ പ്രവർത്തനങ്ങളുമായി പരസ്പരപൂരകമായി പ്രവർത്തിക്കാനും കഴിയണം. ആസൂത്രണത്തിലും നിർവ്വഹണത്തിലും പട്ടികവർഗ്ഗ ഉപപദ്ധതിക്ക് പ്രഥമപരിഗണന നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് മാർഗ്ഗദർശകമാവേണ്ടത് ജനപ്രതിനിധികളാണ്. ആരോഗ്യം, വിദ്യാഭ്യാസം, വനം, കുടിവെള്ളം, ഉപജീവന ഉപാധികൾ തുടങ്ങി ഓരോ ഊരിലും വ്യത്യസ്തമായ ആവശ്യങ്ങളും പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. കുറുമ്പർ, കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ പ്രാക്തനഗോത്രവർഗ്ഗ വിഭാഗങ്ങൾ മുതൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തുള്ളതുമായ പണിയർ ഉൾപ്പടെ 36 പട്ടികവർഗ്ഗ വിഭാഗങ്ങളാണ് സംസ്ഥാനത്തിലുള്ളത്. ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഭാഷയും വേഷവും സംസ്കാരവുമുണ്ട്. സാമൂഹ്യശാസ്ത്രപരമായും നരവംശശാസ്ത്രപരമായും വ്യത്യസ്തതകളുണ്ട്. കേവലം സാമ്പത്തിക പിന്നോക്കാവസ്ഥ എന്ന നിലയിൽ മാത്രം ഈ വിഭാഗങ്ങളുടെ പ്രശ്നങ്ങളെ സമീപിക്കുന്നത് പലപ്പോഴും വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നുണ്ട്. സ്വന്തം പിന്നോക്കാവസ്ഥകളും പ്രശ്നങ്ങളും സ്വയം തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും അതിൽ നിന്നുള്ള മോചനത്തിന്റെ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഈ വിഭാഗങ്ങൾക്ക് ശേഷിയുണ്ടാക്കുവാൻ ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച പ്രവർത്തനത്തിലൂടെ ശ്രമിക്കേണ്ടതുണ്ട്. ഓരോരുത്തരുടെയും ജീവിതം എങ്ങനെ ആയിരിക്കണമെന്ന് അവരവർതന്നെ തീരുമാനിക്കുകയും ആ തീരുമാനം ഇച്ഛാനുസരണം പ്രാവർത്തികമാക്കാനുള്ള അവസരവും കഴിവും അവർക്ക് ലഭ്യമാവുകയും ചെയ്യുമ്പോഴാണ് ഒരു സമൂഹം വികസനത്തിന്റെ പാതയിലാണ് എന്ന് പറയാൻ കഴിയുക. ഇതിന് വിദ്യാഭ്യാസപരമായും ആരോഗ്യപരമായും സാമ്പത്തികമായും സാമൂഹികമായും ശാക്തികരിക്കപ്പെടണം. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇതിനായുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടെ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയും എന്ന് പ്രത്യാശിക്കാം.■




## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

# വിപുലമായ അധികാരങ്ങൾ സൂക്ഷ്മതയോടെ നിർവഹിക്കണം

സി.പി. ജോൺ

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പഞ്ചായത്തുകൾ എങ്ങനെ ഓരോ മേഖലയ്ക്കും പണം മാറ്റി വയ്ക്കുമെന്ന് രാജ്യം മുഴുവൻ ശ്രദ്ധിക്കുന്നുണ്ട് എന്ന ബോധ്യം പഞ്ചായത്തുകൾക്ക് ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തുകൾക്ക് ലഭിച്ച ധനവിനിയോഗ അധികാരം അർഹിക്കുന്ന തലത്തിൽ അതാത് മേഖലകളിലേക്ക് ചെല്ലാതിരുന്നാൽ പഞ്ചായത്ത്രാജിന്റെ പ്രസക്തിയെക്കുറിച്ച് തന്നെ വിമർശനങ്ങൾ ഉയരാം. പഞ്ചായത്തുകളിലെ പദ്ധതി പ്രവത്തനങ്ങൾ എന്നത്തേക്കാളും സൂക്ഷ്മതയോടു കൂടി നിർവ്വഹിക്കേണ്ട കാലഘട്ടമാണിത്. എന്നാൽ പ്രബുദ്ധമായ കേരളത്തിന്റെ അന്തസ്സിനനുസരിച്ച് ഉത്തരവാദിത്വത്തോടു കൂടിയ ഒരു ജനകീയ പദ്ധതിയാണ് വരും വർഷങ്ങളിൽ ഉരുത്തിരിയുന്നതെങ്കിൽ കൂടുതൽ അധികാരങ്ങളും ധന–വിഭവങ്ങളും പഞ്ചായത്തുകളിലേക്ക് ഒഴുകും.**

### പഞ്ചായത്തുകൾ എല്ലാ അർത്ഥത്തിലും പ്രാദേശിക സർക്കാരുകളായിരിക്കുന്നു

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പഞ്ചായത്തുകളിൽ നടപ്പാക്കപ്പെടുന്നത് തികച്ചും പുതിയ രീതിയിലായിരിക്കും. എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ (1994–ൽ) 73–ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായുള്ള പഞ്ചായത്ത് നിയമഭേദഗതികൾ നിലവിൽ വന്നു. 1995–ൽ തെരഞ്ഞെടുപ്പുനടന്നു. പക്ഷേ ഒമ്പതാം പഞ്ചവത്സരപദ്ധതി മുതലാണ് ഈ നിയമം അടിസ്ഥാനപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾ പഞ്ചായത്തുതല പദ്ധതികളായി നടപ്പാക്കിതുടങ്ങിയത്. ഒമ്പതാം പദ്ധതിയിൽ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകളിലേക്ക് എത്തി. കേരളത്തിലെ ഓരോ പഞ്ചായത്തിലും നിശ്ചിത തുക വികസനത്തിനെത്തുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. പക്ഷേ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ ആദ്യഘട്ടത്തിലുണ്ടായ ജനകീയ ഉണർവ്വ് കുറഞ്ഞതോടെ ജനകീയാസൂത്രണം ഉണർത്തിവിട്ട വൻ പ്രതീക്ഷകൾക്ക് മങ്ങലേറ്റു. തൊണ്ണൂറുകളുടെ അവസാന വർഷങ്ങളിൽ ഇന്ത്യയിലെമ്പാടും സംസ്ഥാന ഗവൺമെന്റ് ഖജനാവുകൾക്കുണ്ടായ ധനകാര്യ പ്രതിസന്ധി കേരളത്തിലെ പഞ്ചായത്ത്രാജിനെയും ബാധിച്ചു. കരാറുകാരെ ഒഴിവാക്കി ഗുണഭോക്തൃ സമിതി വന്നത് നല്ല ലക്ഷ്യത്തോടെ ആയിരുന്നെങ്കിലും അതിൽ പലതും ഉദ്ദേശിച്ച ലക്ഷ്യം കണ്ടെത്തിയില്ലായെന്ന് മാത്രമല്ല ഒരുതരം അരാജകത്വത്തിന് തന്നെ വഴിവെച്ചു. പഞ്ചായത്തുകൾ നേരിട്ട് ചെക്കുകൾ നൽകിവന്നിരുന്ന സമ്പ്രദായം വലിയ വിമർശനത്തിന് വിധേയമായി. പദ്ധതിപ്പണം പലതരം അക്കൗണ്ടുകളിലും പാർക്ക് (Park) ചെയ്യുന്ന അവസ്ഥയുണ്ടായി. പക്ഷേ എന്തെല്ലാം പരിമിതികളുണ്ടായെങ്കിലും ഗ്രാമപ്രദേശങ്ങളിൽ പണമെത്തിയത് പുതിയൊരനുഭവമായിരുന്നു. ഗ്രാമീണ ഭവന നിർമ്മാണവും റോഡു നിർമ്മാണവും കുടിവെള്ള പദ്ധതികളും കേരളത്തിന്റെ മുക്കിലും മൂലയിലും വികസനത്തിന്റെ അന്തരീക്ഷമുണ്ടാക്കി. പത്താം പദ്ധതിക്കാലത്ത് ഖജനാവിന്റെ പ്രതിസന്ധി തുടർന്നെങ്കിലും മുൻകാലത്തെന്നപോലെ പഞ്ചായത്തുകൾക്ക് പണം നൽകി. ഒമ്പതാം പദ്ധതി ഒരു കാമ്പയിൻ (Campaign) രീതിയിൽ നടന്നെങ്കിൽ പത്താം പദ്ധതി വ്യവസ്ഥാപിതവൽക്കരണ (Institutionalisation) രീതിയിലാണ് നടന്നത്. അതിന്റെ ഫലമായി ചെക്ക് സമ്പ്രദായം മാറി ബിൽ സമ്പ്രദായം നിലവിൽ വന്നു. നിശ്ചിത തുകയ്ക്ക് (50,000 രൂപ) മുകളിലുള്ള പദ്ധതികൾ ടെണ്ടർ ചെയ്യണമെന്ന് നിബന്ധന കൊണ്ടുവന്നു. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഓരോ പ്രോജക്ടിനും പ്രത്യേക നമ്പർ നൽകി പദ്ധതിപ്പണം ഏതേത് മേഖലകളിലാണ് ചെലവായതെന്ന് വ്യക്തമായ ധാരണയുണ്ടാക്കി. കേരള വികസന പദ്ധതിയെന്ന പേരിലാണ് 10–ാം പഞ്ചവത്സര പദ്ധതി നടപ്പാക്കിയത്.

11–ാം പഞ്ചവത്സര പദ്ധതി പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അതിന് തൊട്ടു മുമ്പുള്ള പദ്ധതികളുടെ കേവലമായ തുടർച്ചമാത്രമായിരുന്നു. 9,10 പദ്ധതികളിൽ നടപ്പാക്കാൻ ശ്രമിച്ച സാങ്കേതിക ഉപദേശക ഗ്രൂപ്പ് (TAG) 11–ാം പദ്ധതിക്കാലത്ത് ഒരു ബാദ്ധ്യതയായി മാറി. പദ്ധതി നിർവ്വഹണത്തിന്റെ നൂലാമാലകൾ പദ്ധതിയെത്തന്നെ വരിഞ്ഞു മുറുക്കി. TAG ലെ അംഗങ്ങളുടെ താൽപ്പര്യമില്ലായ്മയും പഞ്ചായത്ത് രാജിനെ സംബന്ധിച്ച പൊതുവിലുള്ള ശ്രദ്ധക്കുറവും പങ്കാളിത്ത വികസനത്തെ സംബന്ധിച്ച് അന്നത്തെ സർക്കാരിനകത്തെ ദാർശനിക വിഭാഗീയതയും പഞ്ചായത്ത് രാജിന്റെ ശോഭ കെടുത്തി. പഞ്ചായത്തുതല വികസനം വഴിപാടായി മാറുകയാണോയെന്ന് സംശയമുണർത്തി. അവസാനത്തെ മാസം എങ്ങനെയെങ്കിലും പണം ചെലവഴിച്ചുവെന്ന് വരുത്തി തീർക്കുന്ന രീതിയാണ് പലയിടത്തും ഉണ്ടായത്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരുത്തുവാനാണ് പുതിയ ഗവൺമെന്റ് ശ്രമിച്ചത്. പഞ്ചായത്തുതലത്തിലുള്ള പഞ്ചായത്തുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളുടെയും യോഗം വിളി





### പഞ്ചായത്തുകൾക്ക് ഒരു കൈ കൊണ്ട് പണം നൽകുകയും മറു കൈ കൊണ്ട് നിയന്ത്രണം അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന രീതി അവസാനിച്ചു

ച്ചുചേർത്ത് അഭിപ്രായം ആരാഞ്ഞ ശേഷം തദ്ദേശസ്വയംഭരണ വകുപ്പും പ്ലാനിംഗ് ബോർഡും വിശദമായി ചർച്ച ചെയ്ത ശേഷമാണ് 12–ാം പദ്ധതിയുടെ മാർഗ്ഗരേഖ ക്യാബിനറ്റ്(മന്ത്രിസഭ) അംഗീകരിച്ചത്. 'കില'യുടെ നേതൃത്വത്തിൽ വിപുലമായ പരിശീലന പരിപാടിയും നടന്നുകഴിഞ്ഞു. പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ വലിയതോതിൽ ഈ മാർഗ്ഗരേഖയെ സ്വാഗതം ചെയ്തിരിക്കുകയാണ്. കാരണം പഞ്ചായത്തുകൾ എല്ലാ അർത്ഥത്തിലും പ്രാദേശിക സർക്കാരുകളായിരിക്കുന്നു. പഞ്ചായത്തുകൾക്ക് ഒരു കൈ കൊണ്ട് പണം നൽകുകയും മറു കൈ കൊണ്ട് നിയന്ത്രണം അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന രീതി അവസാനിച്ചു. 5% തുക വൃദ്ധർ, രോഗികൾ, അവഗണന അനുഭവിക്കുന്നവർക്കും 10% സ്ത്രീകളുടെ വികസനത്തിനും മാറ്റിവച്ചാൽ ബാക്കി വരുന്ന 85% തുകയും പഞ്ചായത്തുകൾക്ക് സ്വതന്ത്രമായി ചെലവഴിക്കാം. പശ്ചാത്തലമേഖലയിൽ 45% അധികമാവരുത് എന്നു മാത്രം. TAG സമ്പ്രദായം അവസാനിപ്പിച്ച് ജനപ്രതിനിധികൾ എടുക്കുന്ന തീരുമാനം സാങ്കേതികമായി നടപ്പാക്കാവുന്നതാണോയെന്ന് പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം അതിന് അർഹതയുള്ള ഉദ്യോഗസ്ഥർക്ക് നൽകിയതോടെ പലപ്പോഴും കാഴ്ചക്കാരായി നിന്ന ഉദ്യോഗസ്ഥവൃന്ദം പദ്ധതി പ്രവർത്തനത്തിന്റെ ഉത്തരവാദിത്വമുള്ളവരായിത്തീർന്നു. പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥർ ബ്ലോക്ക്, ജില്ലാതല ഉദ്യോഗസ്ഥരെ സമീപിക്കേണ്ടതുണ്ട്. ഇതിന്റെ ഫലമായി പഞ്ചായത്തുകളിലെ പദ്ധതികളും ഡിപ്പാർട്ടുമെന്റ് പദ്ധതികളും പരസ്പരം കണ്ടുമുട്ടുന്ന അവസ്ഥയുണ്ടാകും. ഡിപ്പാർട്ടുമെന്റ് പദ്ധതികളും പഞ്ചായത്ത് പദ്ധതികളും സമാന്തരമായി സഞ്ചരിച്ചിരുന്ന കഴിഞ്ഞ 15 വർഷത്തെ രീതിയിൽ നിന്നും മാറി നടക്കലായിരിക്കും ഇത്. പദ്ധതി രൂപീകരണത്തിൽ എന്തെങ്കിലും തടസ്സമുണ്ടായാൽ അത് ജില്ലാതലത്തിൽ പരിശോധിക്കുവാനുള്ള സംവിധാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ രൂപീകൃതമാകും.

സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും എന്നപോലെ ഗ്രാമപഞ്ചായത്തുകൾ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയെ അവരുടെ പ്ലാനുമായി സമീപിക്കേണ്ടതുണ്ട്. പ്ലാൻ DPC അംഗീകരിക്കുമ്പോൾ പ്രോജക്ടുകൾ മിക്കവാറും ബ്ലോക്ക് തലത്തിൽ തന്നെ അംഗീകരിച്ചാൽ മതിയാകും. DPC യുടെ പ്രാധാന്യം വർദ്ധിക്കുകയാണ്. DPC അംഗീകരിച്ച പദ്ധതി പ്രകൃതിക്ഷോഭം പോലുള്ള അസാധാരണ ഘട്ടത്തിലല്ലാതെ പഞ്ചായത്തുകൾക്ക് മാറ്റം വരുത്തുവാൻ കഴിയുകയില്ല. ഇനിമുതൽ 'മാറ്റപ്ലാനു'കളുടെ പ്രളയം ഇല്ലാതാവുകയാണ്. പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം അഥവാ മോണിട്ടറിംഗ് നടത്തുവാൻ DPCകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ജില്ലാതല മാസ്റ്റർപ്ലാൻ ഉണ്ടാക്കുവാനും ഭാവിയിൽ അതിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ സമഗ്ര വികസനം ഉറപ്പു വരുത്തുവാനും DPCകൾ നടത്തുന്ന ശ്രമങ്ങൾ അവയെ നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട വികസന ഘടകങ്ങളാക്കി മാറ്റും.

പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രശ്നങ്ങൾ പഞ്ചായത്തുകളെ വളരെ അലട്ടിയിരുന്നു. ഇന്ന് ഈ സ്ഥിതിക്ക് മാറ്റം വന്നിരിക്കുകയാണ്. പട്ടികജാതി ഫണ്ട്, ആ ജനതയെ കുറഞ്ഞ വർഷങ്ങൾ കൊണ്ട് വലിയ മാറ്റങ്ങൾക്ക് വിധേയമാക്കുന്ന രീതിയിൽ വിനിയോഗിക്കാനാവും. ഈ രംഗത്തെ മറ്റു പദ്ധതികൾക്ക് പുറമെ നൂതനമായ വിവിധ നിർദ്ദേശങ്ങളും മാർഗ്ഗരേഖയിലുണ്ട്. ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഏറ്റെടുത്തു നടത്തുന്ന പാട്ടകൃഷിക്ക് പണം നൽകുവാൻ പഞ്ചായത്തുകൾക്ക് കഴിയും. തൊഴിലന്വേഷിച്ച് വിദേശത്ത് പോകുന്ന ഈ വിഭാഗക്കാർക്ക് യാത്രക്കൂലി നൽകുന്നതിനും വകുപ്പുണ്ട്. മിടുക്കന്മാരായ കുട്ടികൾക്ക് കേരളത്തിന് പുറത്തും ഇന്ത്യയ്ക്കകത്തും പുറത്തും വിദ്യാഭ്യാസത്തിന് പോകേണ്ടിവന്നാൽ ഇത്തരം മിടുക്കന്മാരെയും മിടുക്കികളെയും സഹായിക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ടുപയോഗിച്ച് പൊതുറോഡുകൾ നിർമ്മിക്കുന്നതിന് പകരം കോളനികൾക്കകത്തെ റോഡുകൾ നന്നാക്കിയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും കോളനികളെ വാസയോഗ്യമാക്കണം. പട്ടികജാതി ഫണ്ട് കുടുംബാധിഷ്ഠിതമായി (Household centered approach) ചെയ്യുന്ന രീതിയാണ് മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ളത്.

കൃഷിക്കും ഉല്പാദന മേഖലയ്ക്കും നിശ്ചിത തുക മാറ്റി വയ്ക്കേണ്ടതില്ല എന്ന മാർഗ്ഗരേഖ നിർദ്ദേശം കൃഷിയുടെയും മറ്റും പ്രാധാന്യം കുറച്ചു കാണാനുള്ളതല്ല. കാർഷികപ്രാധാന്യമുള്ള പഞ്ചായത്തുകളിൽ യഥേഷ്ടം കൃഷിക്കാർക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക തന്നെ വേണം. ഈ മാർഗ്ഗരേഖയനുസരിച്ച് പഞ്ചായത്തുകൾ എങ്ങനെ ഓരോ മേഖലയ്ക്കും പണം മാറ്റി വയ്ക്കുമെന്ന് രാജ്യം മുഴുവൻ ശ്രദ്ധിക്കുന്നുണ്ട് എന്ന ബോധ്യം പഞ്ചായത്തുകൾക്ക് ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തുകൾക്ക് ലഭിച്ച ധനവിനിയോഗ അധികാരം അർഹിക്കുന്ന തലത്തിൽ അതാത് മേഖലകളിലേക്ക് ചെല്ലാതിരുന്നാൽ പഞ്ചായത്ത്രാജിന്റെ പ്രസക്തിയെക്കുറിച്ച് തന്നെ വിമർശനങ്ങൾ ഉയരാം. പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങൾ എന്നത്തേക്കാളും സൂക്ഷ്മതയോടു കൂടി നിർവ്വഹിക്കേണ്ട കാലഘട്ടമാണിത്. എന്നാൽ പ്രബുദ്ധമായ കേരളത്തിന്റെ അന്തസ്സിനനുസരിച്ച് ഉത്തരവാദിത്വത്തോടുകൂടിയ ഒരു ജനകീയ പദ്ധതിയാണ് വരും വർഷങ്ങളിൽ ഉരുത്തിരിയുന്നതെങ്കിൽ കൂടുതൽ അധികാരങ്ങളും ധന–വിഭവങ്ങളും പഞ്ചായത്തുകളിലേക്ക് ഒഴുകും.■

*ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ്.*

ഡോ. പി.പി. ബാലൻ






# ആസൂത്രണവും നിർവ്വഹണവും

പങ്കാളിത്ത ആസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയുമാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പൊതുസമീപനം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. ഇതിനായി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവ ചെയ്യുന്ന പ്രവർത്തനങ്ങളിൽ സംയോജിപ്പിക്കാൻ കഴിയുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. ദീർഘവീക്ഷണ കാഴ്ചപ്പാടോടുകൂടിയ പഞ്ചവത്സരപദ്ധതിയും ഓരോ രണ്ടുവർഷങ്ങളിലേക്കുമുള്ള വാർഷികപദ്ധതിയും തയ്യാറാക്കുക എന്നതാണ് 12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ സമീപനം.

### മുൻഗണനകൾ

ഉത്പാദനമേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണം. ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നിവയ്ക്കും പരിഗണന നൽകണം. പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനും നിലനിൽപ്പിനും പ്രാധാന്യം നൽകണം. മാനവവികസനത്തിന് അടിസ്ഥാനമായ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകണം. ജനങ്ങളുടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന് (എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി, ഗതാഗതസൗകര്യങ്ങൾ, ശുചിത്വം എന്നിവയ്ക്ക്) പരിഗണന നൽകണം. ആശുപത്രികൾ, അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങിയ സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേൻമ മെച്ചപ്പെടുത്തണം. സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് പാർശ്വവത്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ വിഭാഗങ്ങളെയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യതൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർ) പ്രത്യേകം പരിഗണിക്കണം. പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും പരിഗണന നൽകണം.

### പൊതുവ്യവസ്ഥകൾ

പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതും കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പാക്കാനുദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏതായിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രത്യേക നിർദ്ദേശമില്ലെ









*12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/സെക്രട്ടറിമാർക്കുള്ള സംസ്ഥാനതല പരിശീലനത്തിൽ പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ സംസാരിക്കുന്നു. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ജെ. സദാനന്ദൻ, കില ഡയറക്ടർ ഡോ. പി.പി. ബാലൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, പ്രസിഡന്റ് പി.ടി. മാത്യു തുടങ്ങിയവർ വേദിയിൽ.*

ങ്കിൽ പദ്ധതിയിൽ ഉൾച്ചേർക്കണം. കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങൾ, മണ്ണ് – ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവൽക്കരണം മുതലായവയ്ക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

### പഞ്ചവത്സരപദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള (2012–17) പഞ്ചവത്സര പദ്ധതി (പരിപ്രേക്ഷ്യ പദ്ധതി) തയ്യാറാക്കേണ്ടതാണ്. അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ പട്ടികയും (Shelf of Projects) വർഷം തിരിച്ചും മേഖല തിരിച്ചും മുൻഗണന അനുസരിച്ചും തയ്യാറാക്കണം.

മൂന്ന് ഭാഗങ്ങൾ അടങ്ങിയതായിരിക്കണം പഞ്ചവത്സര പദ്ധതിരേഖ.

1. ദീർഘകാല വികസന കാഴ്ച്ചപ്പാടും മുൻഗണനകളും (ഓരോ വിഷയമേഖലയിലേയും വികസന കാഴ്ചപ്പാട്, നയസമീപനം, വികസനതന്ത്രം, മുൻഗണനകൾ എന്നിവ) ഈ ഭാഗത്ത് പ്രതിപാദിക്കണം.
2. വിഭവ സ്രോതസ്സുകളും വകയിരുത്തലും (ഓരോ വർഷവും പ്രതീക്ഷിക്കുന്നവ). ആദ്യവർഷ വരുമാനത്തിന്റെ 15% വീതം ഓരോ വർഷവും അധികം ലഭിക്കുമെന്ന് കണക്കാക്കി പഞ്ചവത്സര അടങ്കൽ നിശ്ചയിക്കേണ്ടതാണ്.
3. അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹം (Shelf of Projects) തയ്യാറാക്കണം.

### വാർഷിക പദ്ധതികൾ

അഞ്ച് വർഷത്തേക്കുള്ള ദീർഘകാല പദ്ധതിയെ അടിസ്ഥാനമാക്കി ഓരോ രണ്ട് വർഷത്തേക്ക് വാർഷിക പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കേണ്ടതുണ്ട്. ഒന്നും രണ്ടും വർഷങ്ങളിലെ പദ്ധതി തരം തിരിച്ച് പ്രത്യേകമായി തയ്യാറാക്കണം.

### വികസനമേഖലകളും പ്രോജക്ടുകളും

ഉത്പാദനം, വികസനം, പശ്ചാത്തലം എന്നിങ്ങനെ മൂന്ന് മേഖലകളിലായിട്ടാണ് പ്രോജക്ടുകളെ തരം തിരിക്കേണ്ടത്.

### a. ഉത്പാദനമേഖല പ്രോജക്ടുകൾ

കൃഷി, ജലവിതരണത്തിനുള്ള ജലസേചന പ്രോജക്ടുകൾ, മണ്ണ് – ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, പരമ്പരാഗത ചന്തകൾ, വ്യവസായം, ഊർജ്ജോത്പാദനം, ജൈവമാലിന്യങ്ങളിൽ നിന്നുള്ള ജൈവവള നിർമ്മാണം. കൃഷിഭവൻ, മത്സ്യഭവൻ, മൃഗാശുപത്രി എന്നിവയുടെ കെട്ടിടനിർമ്മാണവും അവയുടെ മറ്റു പശ്ചാത്തല സൗകര്യവികസനവും. മണ്ണ്- ജല സംരക്ഷണ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയാണ് ചെയ്യേണ്ടത്.

### b സേവനമേഖല പ്രോജക്ടുകൾ

വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായിക വികസനം, യുവജനക്ഷേമം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, സാമൂഹ്യക്ഷേമം, പാർപ്പിടം, ഗാർഹിക വൈദ്യുതീകരണം, വൈദ്യുതീലൈൻ ദീർഘിപ്പിക്കൽ, സ്കൂൾ കെട്ടിടങ്ങൾ, സാംസ്ക്കാരിക നിലയങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, അങ്കണവാടി കെട്ടിടങ്ങൾ എന്നിവ ഈ മേഖലയിൽപ്പെടുന്നു.

### c പശ്ചാത്തലമേഖല പ്രോജക്ടുകൾ

റോഡുകൾ, പാലങ്ങൾ, ബസ്സ് സ്റ്റാന്റുകൾ, ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, ഓഫീസ് ആവശ്യത്തിനുള്ള വാഹനങ്ങൾ, ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, ഷോപ്പിംഗ് കോംപ്ലക്സ്സുകൾ, ഉത്പാദന-സേവന മേഖലയുമായി ബന്ധമില്ലാത്ത ആഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പാർശ്വഭിത്തി സംരക്ഷണം (തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ചോലകൾ എന്നിവയുടെ) ഫാം റോഡ്, ട്രാക്ടർ റാമ്പ് എന്നിവ പശ്ചാത്തലമേഖലയിലെ പ്രോജക്ടുകളായിരിക്കും.

### മേഖല വകയിരുത്തൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വികസന ഫണ്ട് വിനിയോഗിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു എന്നതാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന പ്രത്യേകത. ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വികസന ഫണ്ടിന്റെ 45 ശതമാനവും ജില്ലാ പഞ്ചായത്തിന് 50 ശതമാനവും നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും 55 ശതമാനവും പശ്ചാത്തലമേഖലയ്ക്കായി നീക്കിവെയ്ക്കാവുന്നതാണ്. കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മറ്റു ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കായി ചുരുങ്ങിയത് 5%വും വനിതാഘടക പദ്ധതിക്ക് 10%വും തുക നീക്കിവെയ്ക്കേണ്ടതാണ്.

### നിർബന്ധമായി വകയിരുത്തേണ്ട ഇനങ്ങൾ

a. അങ്കണവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാരം, ടി.എച്ച്.ആർ.എസ്, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരം, സബല, അങ്കണവാടി പോഷകാഹാരം ഇവയെല്ലാം ചേർത്ത് ഒറ്റ പ്രോജക്ടായി തയ്യാറാക്കി തുക വകകൊള്ളിക്കണം.

b. എസ്. എസ്. എ പ്രോജക്ടിലേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം.

c. വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് വകയിരുത്തേണ്ട പ്രോജക്ടുകൾ.

### പദ്ധതി ആസൂത്രണ പ്രക്രിയ

പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും ജനപങ്കാളിത്തത്തോടെയും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായും ആസൂത്രണം ചെയ്യു

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വികസന ഫണ്ട് വിനിയോഗിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു എന്നതാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന പ്രത്യേകത. ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വികസന ഫണ്ടിന്റെ 45 ശതമാനവും ജില്ലാ പഞ്ചായത്തിന് 50 ശതമാനവും നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും 55 ശതമാനവും പശ്ചാത്തലമേഖലയ്ക്കായി നീക്കിവെയ്ക്കാവുന്നതാണ്. കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മറ്റു ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കായി ചുരുങ്ങിയത് 5%വും വനിതാഘടക പദ്ധതിക്ക് 10%വും തുക നീക്കിവെയ്ക്കേണ്ടതാണ്.**

ന്നതിനുള്ള ലളിതമായ നടപടിക്രമങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനഭരണസമിതിയുടെ നേതൃത്വത്തിൽ തങ്ങളുടെ പ്രദേശത്ത് ലഭ്യമാകുന്ന ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധരുടെയും അനുഭവസമ്പത്തും കർമ്മശേഷിയും സേവന താൽപര്യവും ഉപയോഗപ്പെടുത്തിയാണ് പദ്ധതിരേഖ തയ്യാറാക്കേണ്ടത്.

**പ്രവർത്തന കമ്മിറ്റികൾ**

പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയ മേഖലകൾക്ക് പ്രവർത്തന കമ്മിറ്റികൾ ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കേണ്ടതാണ്.

**പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കേണ്ട വിഷയങ്ങൾ**

1. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ.
2. കൃഷിയും അനുബന്ധമേഖലകളും (മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവത്കരണം ഉൾപ്പെടെ).
3. മൃഗസംരക്ഷണവും ക്ഷീരവികസനവും.
4. ചെറുകിട വ്യവസായം.
5. പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)
6. ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ).
7. സാമൂഹിക ക്ഷേമം (വൃദ്ധർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ).
8. പട്ടികജാതി വികസനം.
9. പട്ടിക വർഗ്ഗവികസനം.
10. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം.
11. ആരോഗ്യം.
12. കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പെടെ).
13. വിദ്യാഭ്യാസം, സംസ്ക്കാരം, കല, കായിക വികസനം, യുവജനക്ഷേമം

പ്രാദേശികാവശ്യങ്ങളും കൺവീനർമാരാക്കാവുന്ന ഉദ്യോഗസ്ഥരുടെ ലഭ്യതയും കണക്കിലെടുത്ത് ആവശ്യമെങ്കിൽ വിഷയങ്ങൾ വിഭജിച്ച് പ്രവർത്തന കമ്മിറ്റികളുടെ എണ്ണം കൂട്ടാവുന്നതാണ്. ഈ വിഷയമേഖലകളുടെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാനല്ലാത്ത അംഗത്തെ പ്രവർത്തന കമ്മിറ്റിയുടെ ചെയർമാനും ബന്ധപ്പെട്ട വിഷയത്തിലെ പ്രധാന ഉദ്യോഗസ്ഥനെ കൺവീനറും ആയി നിശ്ചയിക്കേണ്ടതാണ്. അതാത് വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തന കമ്മിറ്റികൾ പ്രവർത്തിക്കേണ്ടത്. ഭരണസമിതിക്ക് ഇവയുടെ പൊതുവായ മേൽനോട്ട, നിയന്ത്രണ ചുമതല ഉണ്ടായിരിക്കും.

**പ്രവർത്തന കമ്മിറ്റിയുടെ ഘടന**

ഒരു പ്രവർത്തനകമ്മിറ്റിയിൽ ഏഴ് മുതൽ പതിനെട്ട് വരെ അംഗങ്ങൾ ആകാം. പ്രവർത്തന കമ്മിറ്റി യോഗത്തിൽ ചെയർപേഴ്സന്റെയും കൺവീനറുടെയും ഹാജർ നിർബന്ധമാണ്. പ്രവർത്തന കമ്മിറ്റിയുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിലൊന്നാണ്. ഒരു ജനപ്രതിനിധിയെ ഒന്നിലധികം പ്രവർത്തനകമ്മിറ്റികളുടെ ചെയർപേഴ്സണായി നിശ്ചയിക്കുന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ആവശ്യത്തിന് എണ്ണം അംഗങ്ങൾ ഇല്ലെങ്കിൽ മാത്രമായിരിക്കണം. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നിവയുടെ ചെയർപേഴ്സൻ യഥാക്രമം സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം ജനപ്രതിനിധികൾ ആയിരിക്കണം. ഓരോ പ്രവർത്തനകമ്മിറ്റിയിലും മൂന്നിലൊന്ന് അംഗങ്ങൾ സ്ത്രീകൾ ആയിരിക്കണം, പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി ആ വിഭാഗത്തിൽപ്പെട്ടവരെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും അംഗങ്ങളാക്കേണ്ടതാണ്. മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നവർ, പ്രാക്ടീഷണർമാർ, പ്രൊഫഷണലുകൾ, വിഷയ പ്രാവീണ്യമുള്ളവർ, പ്രത്യേക യോഗ്യതയുള്ളവർ, വിദ്യാഭ്യാസ/അക്കാദമിക സ്ഥാപന പ്രതിനിധികൾ എന്നിവരെയാണ് പ്രവർത്തന കമ്മിറ്റികളിൽ അംഗങ്ങളാക്കേണ്ടത്. ബാങ്കുകളുടെ പ്രതിനിധികളെയും വനപ്രദേശമുള്ള സ്ഥലങ്ങളിൽ വനം വകുപ്പിലെ ഉദ്യോഗസ്ഥരെയും പ്രവർത്തന കമ്മിറ്റികളിൽ അംഗങ്ങളാക്കേണ്ടതാണ്.

**പ്രവർത്തനകമ്മിറ്റികളുടെ ചുമതലകൾ**

സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ അതാത് വിഷയമേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ടും കരട് പ്രോജക്ടും നിർദ്ദേശങ്ങളും തയ്യാറാക്കുക, പദ്ധതിരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിവരങ്ങൾ തയ്യാറാക്കുക, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പ്രോജക്ടു രൂപീകരണത്തിനാവശ്യമായ ഉപദേശങ്ങൾ നൽകുക, പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ തയ്യാറാക്കുക, ഗ്രാമസഭ, സ്റ്റേക്ക്ഹോൾഡർ കൂടിയാലോചന, വികസന സെമിനാർ എന്നിവയിൽ ചർച്ചകൾക്ക് സഹായം നൽകുക, നടപ്പാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യുക, റിപ്പോർട്ട് തയ്യാറാക്കി നൽകുക തുടങ്ങിയവയാണ് പ്രവർത്തന കമ്മിറ്റികളുടെ പ്രധാന ചുമതലകൾ.

**സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ**

ഓരോ പ്രവർത്തനകമ്മിറ്റിയും അതാത് വിഷയമേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. മേഖലയുടെ ഇന്നത്തെ അവസ്ഥ, മുൻവർഷത്തിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ, പ്രയോജനം കൈവരിച്ചതും കൈവരിക്കാത്തതുമായ പ്രോജക്ടുകൾ, കാരണങ്ങൾ, നടപ്പാക്കാൻ കഴിയാതെ പോയവ, വകുപ്പുകളുടെ പരിപാടികൾ, പൂർത്തീകരിക്കാത്ത പ്രവർത്തികൾ, പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും, നയസമീപനം, കാഴ്ചപ്പാട്, വികസനതന്ത്രം, സമഗ്രപരിപാടികൾ, വിഭവസമാഹരണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും കരട് പ്രോജക്ട് നിർദ്ദേശങ്ങളും അടങ്ങിയതാണ് സ്റ്റാറ്റസ് റിപ്പോർട്ട്.

**ബാങ്കുകളുമായി ചർച്ച**

വായ്പാ സാധ്യതകളെക്കുറിച്ച് ലീഡ് ബാങ്ക് പ്രതിനിധികളുമായി പ്രവർത്തന കമ്മിറ്റികൾ വാർഷികപദ്ധതിക്ക് മുന്നോടിയായി ചർച്ച നടത്തേണ്ടതാണ്.

**സ്റ്റേക്ക്ഹോൾഡർമാരുമായുള്ള കൂടിയാലോചന**

പ്രവർത്തനകമ്മിറ്റികൾ ആ മേഖലയുമായി ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡർമാരുടെ യോഗത്തിൽ വാർഷികപദ്ധതികൾ ചർച്ചചെയ്യണം.

**പദ്ധതി ആസൂത്രണ ഗ്രാമസഭകൾ**

സ്റ്റാറ്റസ് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശങ്ങളും ചർച്ചചെയ്യുന്നതിന് പദ്ധതി ആസൂത്രണ ഗ്രാമസഭ ചേരണം. പ്രവർത്തന കമ്മിറ്റികളുടെ വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിഞ്ഞ് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുന്നു. വിഷയമേഖല ഗ്രൂപ്പിൽ നിന്നും ഓരോ പ്രതിനിധിയെ വികസന സെമിനാറിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കണം.

**സ്റ്റാറ്റസ് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശങ്ങളും അന്തിമമാക്കൽ**

ഗ്രാമസഭ യോഗങ്ങൾക്കുശേഷം ഓരോ പ്രവർത്തനകമ്മിറ്റിയും സ്റ്റാറ്റസ് റിപ്പോർട്ടും അഞ്ചുവർഷത്തേക്കുള്ളതും വാർഷികാടിസ്ഥാനത്തിൽ ഉള്ളതുമായ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകണം.

**വികസനരേഖ**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടും ഓരോ മേഖല സംബന്ധിച്ച വികസന കാഴ്ചപ്പാടും അവസ്ഥയും വ്യക്തമാക്കുന്ന രേഖയാണ് വികസനരേഖ.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു വിവരങ്ങൾ, ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും, ജനസംഖ്യ, സാമൂഹിക-സംസ്ക്കാരിക സാമ്പത്തിക സ്ഥിതി, വിഷയമേഖലകളിലെ – ഇന്നത്തെ അവസ്ഥ, നിലനിൽക്കുന്ന പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ, പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട-കോട്ടങ്ങളും, വകുപ്പുകൾ നടത്തിയ പദ്ധതികൾ – നേട്ട-കോട്ടങ്ങൾ, വികസന സാധ്യതകൾ, ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം വികസന രേഖ. പ്രവർത്തന കമ്മിറ്റികൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ നിന്നുള്ള ഭാഗങ്ങൾ ക്രോഡീകരിച്ചാണ് ഇത് തയ്യാറാക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും സെക്രട്ടറി കൺവീനറും പ്ലാൻ കോർഡിനേറ്റർ ജോയിന്റ് കൺവീനറും പ്രവർത്തനകമ്മിറ്റികളുടെ ചെയർമാന്മാരും കൺവീനർമാരും അംഗങ്ങളുമായ ഒരു ഉപസമിതി വികസനരേഖ തയ്യാറാക്കാനായി രൂപീകരിക്കണം.

കരട് വികസനരേഖ വികസന സെമിനാറിൽ ചർച്ച ചെയ്ത് അന്തിമ രൂപം നൽകണം. അന്തിമ വികസന രേഖ അച്ചടിച്ച് ജില്ലാ ആസൂത്രണ സമിതി, മുകൾതട്ട്/കീഴ്തട്ട് പഞ്ചായത്തുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകേണ്ടതാണ്.

**പദ്ധതിരേഖ**

വികസന രേഖ അടിസ്ഥാനമാക്കി പദ്ധതിരേഖ പഞ്ചവത്സര കാലയളവിലേക്ക് വേണ്ടിയും വാർഷിക പദ്ധതിക്കു വേണ്ടിയും തയ്യാറാക്കണം. താഴെച്ചേർത്ത അദ്ധ്യായങ്ങളും അവ സംബന്ധിച്ചുള്ള വിശദാംശങ്ങളും അടങ്ങിയതാണ് പദ്ധതിരേഖ.

*പദ്ധതിരേഖയുടെ അദ്ധ്യായങ്ങൾ*

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതിവിശേഷം
2. മുൻവാർഷിക പദ്ധതി/പഞ്ചവത്സര പദ്ധതി വിലയിരുത്തൽ
3. നടപ്പുവാർഷിക പദ്ധതി വിശകലനം
4. ജയ-പരാജയ കാരണങ്ങൾ
5. വകുപ്പുകൾ/ഏജൻസികൾ നടപ്പാക്കിയ പരിപാടികൾ
6. പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും
7. വികസന കാഴ്ചപ്പാട്, തന്ത്രം, നയസമീപനം
8. പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
9. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
10. പ്രത്യേക പദ്ധതികൾ, പരിപാടികൾ
11. മെയിന്റനൻസ് പദ്ധതി
12. വായ്പ ബന്ധങ്ങൾ
13. സംയോജന സാധ്യതകളും സമഗ്ര പരിപാടികളും
14. മോണിറ്ററിംഗ് സംവിധാനങ്ങൾ

കരട് പദ്ധതി രേഖ വികസന സെമിനാറിൽ ചർച്ചചെയ്ത ശേഷം ഭരണസമിതി അന്തിമ പദ്ധതിരേഖ തയ്യാറാക്കണം.

**സമഗ്ര പരിപാടി തയ്യാറാക്കൽ**

പ്രവർത്തനകമ്മിറ്റികൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള സമഗ്രപരിപാടികൾ പരിശോധിച്ച് അതാത് മേഖലയിലെ സമഗ്ര പരിപാടി തയ്യാറാക്കി പദ്ധതിരേഖയിൽ ഉൾപ്പെടുത്തണം.

സമഗ്ര പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ, നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ, പങ്കാളികളാകുന്ന സ്ഥാപനങ്ങൾ, വകുപ്പുകൾ, പ്രവർത്തനങ്ങൾ, സമഗ്രപരിപാടിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന മുഴുവൻ പ്രവർത്തനങ്ങൾ, മുൻ-പിൻ ബന്ധങ്ങൾ, ഏകോപനം-സംയോജനം എങ്ങനെ എന്നിവ അടങ്ങിയതായിരിക്കണം ഇത്.

**വികസന സെമിനാർ**

കരട് വികസനരേഖയും കരട് പദ്ധതിരേഖയും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കാനായി ഏകദിന വികസന സെമിനാർ സംഘടിപ്പിക്കണം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കായും തുടർന്ന് ഓരോ വർഷവും വികസന സെമിനാർ സംഘടിപ്പിക്കണം. ജനപ്രതിനിധികൾ, പ്രവർത്തനകമ്മിറ്റി അംഗങ്ങൾ, ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ട പ്രതിനിധികൾ, സി.

**സാങ്കേതിക അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ ആസൂത്രണ സമിതി ചെയർമാൻ ചെയർമാനും ജില്ലാകളക്ടർ കൺവീനറും ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി പ്രവർത്തിക്കുന്നതാണ്. മുൻസിപ്പൽ കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പ്രോജക്ടുകളുടെ സാങ്കേതിക അനുമതി മോണിറ്റർ ചെയ്യാൻ യഥാക്രമം നഗരകാര്യ വകുപ്പ് ഡയറക്ടറും തദ്ദേശഭരണ വകുപ്പ് സെക്രട്ടറിയും നയിക്കുന്ന കമ്മിറ്റികൾ ഉണ്ടായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ പ്രോജക്ടുകളുടെ സാങ്കേതിക അനുമതി കാര്യങ്ങൾ വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നതിന് ഈ കമ്മിറ്റികൾ ആവശ്യാനുസരണം യോഗം ചേരുന്നതാണ്.**

ഡി.എസ്. പ്രതിനിധികൾ, ധനകാര്യ സ്ഥാപന പ്രതിനിധികൾ, സ്റ്റേക്ക്ഹോൾഡർ പ്രതിനിധികൾ, വിദഗ്ധർ, പൊതു പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, അക്കാദമിക സ്ഥാപന പ്രതിനിധികൾ എന്നിവരെ വികസന സെമിനാറിലേക്ക് ക്ഷണിക്കേണ്ടതാണ്.

കരട് വികസനരേഖയും കരട് പദ്ധതിരേഖയും അച്ചടിച്ച് വികസന സെമിനാറിൽ നൽകേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ വികസന സെമിനാറിൽ റിപ്പോർട്ടു ചെയ്യണം.

**വികസന രേഖ അംഗീകരിക്കൽ**

വികസന സെമിനാറിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമരൂപം നൽകിയ വികസനരേഖ ഭരണസമിതി അംഗീകരിക്കണം.

**പദ്ധതി അടങ്കലും വകയിരുത്തലുകളും തീരുമാനിക്കൽ**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ പരിഗണിച്ച് ഓരോ മേഖലയ്ക്കും ഓരോ വിഭാഗത്തിനുമുള്ള വിഭവ വകയിരുത്തൽ ഭരണസമിതി തീരുമാനിക്കണം. ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നിർദ്ദേശം പരിഗണിച്ചായിരിക്കണം ഭരണസമിതി ഈ തീരുമാനം കൈക്കൊള്ളേണ്ടത്.

**പ്രോജക്ടുകൾ തയ്യാറാക്കൽ**

പ്രവർത്തനകമ്മിറ്റികൾ അതാത് വി

ഷയമേഖലയിലെ പ്രോജക്ടുകൾ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിച്ച് പ്രോജക്ട് ഫോറങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം തയ്യാറാക്കണം.

പ്രോജക്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്കായിരിക്കണം. നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായിരിക്കണം.

**സംയുക്ത പ്രോജക്ടുകൾ**

ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി ഏറ്റെടുക്കുന്ന പ്രോജക്ടുകളാണ് ഇവ. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി യോഗം ചേർന്ന് വേണം ഇവ തീരുമാനിക്കാൻ. സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കണം.

**ബഹുവർഷ പ്രോജക്ടുകൾ**

നിർവ്വഹണത്തിനായി ഒരു വർഷത്തിലധികം സമയം ആവശ്യമായതിനാലോ സാങ്കേതിക കാരണങ്ങളാലോ ഫണ്ടിന്റെ അപര്യാപ്തതയാലോ ഒരു നിർമ്മാണ പ്രവൃത്തി ഒന്നിലധികം വർഷം കൊണ്ടു മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെങ്കിൽ ബഹുവർഷ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

**പദ്ധതിക്ക് അന്തിമരൂപം നൽകൽ**

സ്റ്റാന്റിംഗ്കമ്മിറ്റികൾ തങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനകമ്മിറ്റികളുടെ യോഗം വിളിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് ധാരണയുണ്ടാക്കി അവയുടെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളണം. ഈ പ്രോജക്ടുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിക്കണം. ഇതിനുശേഷം സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് അന്തിമരൂപം നൽകി ഭരണസമിതിയുടെ അംഗീകാരത്തിന് നൽകണം.

**പദ്ധതിക്ക് ഭരണസമിതി അംഗീകാരം**

സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച പദ്ധതിരേഖയും പ്രോജക്ടുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ അവതരിപ്പിക്കണം. ഇതിന്റെ കോപ്പി എല്ലാ ഭരണസമിതി അംഗങ്ങൾക്കും നൽകണം. ഈ യോഗത്തിനു മൂന്നുദിവസത്തിന് ശേഷം ഭരണസമിതി യോഗം ചേർന്ന് പദ്ധതിക്ക് അംഗീകാരം നൽകണം.

**പ്രോജക്ട് പരിശോധനയും അനുമതി നൽകലും**

തദ്ദേശസ്വയംഭരണസ്ഥാപനം അംഗീകരിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട വിഷയമേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് നിർവ്വഹണ യോഗ്യമാണെങ്കിൽ സാക്ഷ്യപ്പെടുത്തണം. പ്രോജക്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ പ്രോജക്ട് പരിശോധിച്ച് വിലയിരുത്തി അംഗീകാരം നൽകണം.

നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് മരാമത്ത് ചട്ടപ്രകാരമുള്ള സാങ്കേതികാനുമതി വാങ്ങേണ്ടതാണ്.

**സാങ്കേതിക അനുമതി നിരീക്ഷണവും മോണിറ്ററിംഗും**

സാങ്കേതിക അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ ആസൂത്രണ സമിതി ചെയർമാൻ ചെയർമാനും ജില്ലാകളക്ടർ കൺവീനറുമായി ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി പ്രവർത്തിക്കുന്നതാണ്. മുൻസിപ്പൽ കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പ്രോജക്ടുകളുടെ സാങ്കേതിക അനുമതി മോണിറ്റർ ചെയ്യാൻ യഥാക്രമം നഗരകാര്യ വകുപ്പ് ഡയറക്ടറും തദ്ദേശഭരണ വകുപ്പ് സെക്രട്ടറിയും നയിക്കുന്ന കമ്മിറ്റികൾ ഉണ്ടായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ പ്രോജക്ടുകളുടെ സാങ്കേതിക അനുമതി കാര്യങ്ങൾ വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നതിന് ഈ കമ്മിറ്റികൾ ആവശ്യാനുസരണം യോഗം ചേരുന്നതാണ്.

**ജില്ലാതല ടെക്നിക്കൽ അപ്പലേറ്റ് കമ്മിറ്റി**

പ്രോജക്ടുകളുടെ സാങ്കേതിക അനുമതി നൽകിയതിനെക്കുറിച്ചുള്ള പരാതികളിൻമേൽ തീർപ്പുകൽപ്പിക്കാൻ ജില്ലാതലത്തിൻ ഒരു ടെക്നിക്കൽ അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഡിപിസി ചെയർമാൻ അദ്ധ്യക്ഷനും ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ ജോയിന്റ് ഡയറക്ടർ, സാങ്കേതികാനുമതിയുമായി ബന്ധപ്പെട്ട ജില്ലാതല ഉയർന്ന ഉദ്യോഗസ്ഥൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരായിരിക്കും ഇതിലെ അംഗങ്ങൾ. കമ്മിറ്റിക്ക് ആവശ്യമുള്ളപക്ഷം മറ്റു സാങ്കേതിക വിദഗ്ദ്ധരെ ഈ കമ്മിറ്റിയിലേക്ക് ക്ഷണിക്കാവുന്നതാണ്.

**വാർഷിക പദ്ധതി അംഗീകാരം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷിക പദ്ധതിക്ക് 20 പ്രവർത്തി ദിവസത്തിനുള്ളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകേണ്ടതാണ്. പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും ജില്ലാ ആസൂത്രണസമിതി ചെയ്യേണ്ടതില്ല. മാറ്റം ആവശ്യമെങ്കിൽ നിർദ്ദേശിച്ച രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാറ്റം വരുത്തി സമർപ്പിച്ചാൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നതാണ്.

**പദ്ധതിയും ബജറ്റും**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക വർഷത്തെ ബജറ്റിൽ ജില്ല ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി ഉൾപ്പെടുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കിയതിനുശേഷമാണ് പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതെങ്കിൽ പദ്ധതി ഉൾപ്പെടുത്തി പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതാണ്.

**പദ്ധതി നിർവ്വഹണം**

അനുമതി ലഭിച്ച പ്രോജക്ടുകളുടെ നിർവ്വഹണ കലണ്ടർ പ്രവർത്തന കമ്മിറ്റികൾ തയ്യാറാക്കണം. അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭരണ സമിതി സാമ്പത്തികാനുമതി നൽകണം. ഫണ്ടിന്റെ ലഭ്യത തദ്ദേശഭരണസ്ഥാപനം ഉറപ്പാക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഉണ്ടാക്കേണ്ടതാണ്.

**മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും**

പ്രവർത്തന കമ്മിറ്റികൾക്കാണ് പ്രോജക്ടുകളുടെ മോണിറ്ററിംഗിന്റെ ചുമതല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വിലയിരുത്തുന്നതിന് ശക്തമായ സോഷ്യൽ ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്നതാണ്. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മാർഗ്ഗരേഖ തയ്യാറാക്കുന്നതാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹിക്കുന്നതിന്റെ ഫലപ്രാപ്തി വിലയിരുത്താൻ ജില്ലാതലത്തിൽ ക്വാളിറ്റി മോണിറ്റേഴ്സിനെ ഡി.പി.സി. നിയമിക്കുന്നതാണ്. പ്രവർത്തി സ്ഥലത്ത് വിശദവിവരങ്ങളടങ്ങിയ ബോർഡ് പ്രദർശിപ്പിക്കണം. ഇത് ജില്ലയ്ക്കായുള്ള വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിൽ പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകുക എന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 15 വർഷത്തെ അനുഭവങ്ങളുടെയും പരിചയസമ്പത്തിന്റെയും അടിസ്ഥാനത്തിൽ മികച്ച പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കാൻ കാര്യക്ഷമമായ നിർവ്വഹണം നടത്താനും പഞ്ചായത്തുകൾക്ക് സാധിക്കേണ്ടതാണ്. ■

*ലേഖകൻ കില ഡയറക്ടറാണ്*








# സമഗ്ര വികസനത്തിന്

## പഞ്ചവത്സര പദ്ധതി | ഭ്രമണ പദ്ധതി | ജില്ലാ പദ്ധതി




**സമഗ്ര വികസനം സാധ്യമാകുന്നതിന് സ്ഥല– കാലവ്യാപ്തിക്ക് പ്രത്യേക ഊന്നൽ കൊടുക്കുന്നതാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ. വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവവിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കണമെന്ന് മാർഗ്ഗരേഖ വിവക്ഷിക്കുന്നു.**

**ഡോ. ജെ.ബി. രാജൻ**

പങ്കാളിത്ത ആസൂത്രണത്തിലൂടെ സമഗ്ര വികസനം എന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 168/12/തസ്വഭവ) വിഭാവനം ചെയ്യുന്ന പൊതു സമീപനം. സമഗ്ര വികസനം സാധ്യമാകുന്നതിന് സ്ഥല-കാല (Spatial and temporal) വ്യാപ്തിക്ക് പ്രത്യേക ഊന്നൽ കൊടുക്കുന്നതാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ. വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവവിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കണമെന്ന് മാർഗ്ഗരേഖ വിവക്ഷിക്കുന്നു. പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകുവാനും അതിനനുസൃതമായി ഓരോ വർഷത്തെയും പ്രോജക്ടുകൾ തയ്യാറാക്കുവാനുമുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശം ദീർഘവീക്ഷണത്തോടെയുള്ള വികസന ഇടപെടലിന് ഊന്നൽ നൽകുന്നതാണ്. വാർഡ്/ഡിവിഷൻ തലത്തിൽ നിന്നും തദ്ദേശസ്വയംഭരണ തലത്തിലേക്കും ഹ്രസ്വകാല ആസൂത്രണത്തിൽ നിന്നും ദീർഘകാലത്തേക്കും ആസൂത്രണദിശ വ്യാപിപ്പിക്കുന്നതിലൂടെ ഒരു ബൃഹത്തായ വികസനം സാധ്യമാകുമെന്നതാണ് പ്രത്യേകത. ഇവയ്ക്ക് നിദാനമായ മാർഗ്ഗരേഖ മുന്നോട്ടുവയ്ക്കുന്ന പഞ്ചവത്സര പദ്ധതി, ഭ്രമണ പദ്ധതി (Rolling Plan), ജില്ലാ പദ്ധതി എന്നിവയുടെ സവിശേഷതകളും രീതിയും വിശദീകരിക്കുകയാണ് ഈ ലേഖനം.

**പഞ്ചവത്സര പദ്ധതിയും ഭ്രമണ പദ്ധതിയും**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പഞ്ചവത്സര പദ്ധതിയും ഭ്രമണ പദ്ധതിയടിസ്ഥാനത്തിൽ വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ പ്രത്യേക ഊന്നൽ നൽകുന്നു. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന വികസനരേഖയെ അടിസ്ഥാനമാക്കി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള (2012-17) പഞ്ചവത്സര പദ്ധതിയും (Perspective Plan), അഞ്ച് വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും (Shelf of Projects) വർഷം തിരിച്ചും മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കേണ്ടതുണ്ട്. അഞ്ച് വർഷത്തേക്കുള്ള മേൽ സൂചിപ്പിച്ച ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികളും പ്രോജക്ടുകളും രണ്ട് വർഷത്തേക്ക് വീതം തയ്യാറാക്കണം. ഓരോ വർഷാവസാന ഘട്ടത്തിലും (ഒന്നാം വർഷം ജനുവരിയിലും തുടർ വർഷങ്ങളിൽ നവംബറിലും) ദ്രുതവിശകലനത്തിലൂടെ അടുത്ത വർഷത്തെ പ്രോജക്ടുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമരൂപം നൽകാം. സമഗ്ര വികസനം സാധ്യമാകുന്നതിന്

ദീർഘകാല കാഴ്ചപ്പാടോടെ പഞ്ചവത്സര പദ്ധതിയും പ്രോജക്ടുകളുടെ സംഗ്രഹവും തയ്യാറാക്കുന്നത് ചെറിയ പ്രോജക്ടുകളിലേക്ക് ധനവിഭവത്തിന്റെ ലോലമായ വിന്യാസം (Thin spread of resources) നിരുത്സാഹപ്പെടുത്താനും ദീർഘകാലാടിസ്ഥാനത്തിൽ ബൃഹദ് പദ്ധതികൾ ആവിഷ്ക്കരിക്കാനും സഹായിക്കും. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അടുത്ത അഞ്ച് വർഷത്തേക്ക് നടപ്പിലാക്കുവാൻപോകുന്ന പദ്ധതികളുടെ സംക്ഷിപ്തരൂപത്തെക്കുറിച്ച് മുൻകൂട്ടി ധാരണയുണ്ടാകുമെന്നതാണ് ഇതിന്റെ പ്രത്യേകത. വാർഷിക പദ്ധതി രണ്ട് വർഷത്തേക്ക് വീതം ഒരുമിച്ച് ഭ്രമണ പദ്ധതി രീതിയിൽ തയ്യാറാക്കുന്നത് അടുത്ത വർഷത്തെ പദ്ധതി മുൻകൂറായി രൂപപ്പെടാനും സുഗമവും സമയബന്ധിതവുമായ പദ്ധതി നിർവ്വഹണം സാധ്യമാക്കുവാനും സഹായിക്കും.

**ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പഞ്ചവത്സര പദ്ധതിയും ഭ്രമണ പദ്ധതിയടിസ്ഥാനത്തിൽ വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ പ്രത്യേക ഊന്നൽ നൽകുന്നു. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന വികസനരേഖയെ അടിസ്ഥാനമാക്കി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള (2012-17) പഞ്ചവത്സര പദ്ധതിയും (Perspective Plan), അഞ്ച് വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും (Shelf of Projects), വർഷം തിരിച്ചും മുൻഗണന അനുസരിച്ചും മേഖല തിരിച്ചും, തയ്യാറാക്കേണ്ടതുണ്ട്. അഞ്ച് വർഷത്തേക്കുള്ള മേൽ സൂചിപ്പിച്ച ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികളും പ്രോജക്ടുകളും രണ്ട് വർഷത്തേക്ക് വീതം തയ്യാറാക്കണം.**

ഇത്തരുണത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ട സുപ്രധാന രേഖകളാണ് വികസനരേഖയും പഞ്ചവത്സര പദ്ധതിരേഖയും വാർഷിക പദ്ധതിരേഖയും.

**വികസനരേഖ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടും ഓരോ വിഷയ മേഖല സംബന്ധിച്ച വികസന കാഴ്ചപ്പാടും അവസ്ഥയും വ്യക്തമാക്കുന്ന രേഖയാണ് വികസനരേഖ. ഇത് പഞ്ചവത്സര പദ്ധതികാലയളവിലേക്ക് മാത്രം തയ്യാറാക്കിയാൽ മതിയാകും.

**പഞ്ചവത്സര പദ്ധതിരേഖ**

വികസനരേഖയെ അടിസ്ഥാനമാക്കി തയ്യാറാക്കേണ്ട പഞ്ചവത്സര പദ്ധതിരേഖയ്ക്ക് ചുവടെപറയുന്ന മൂന്ന് ഭാഗങ്ങൾ ഉണ്ട്.

*(i) ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും*

ഓരോ വിഷയമേഖല സംബന്ധിച്ചും ദീർഘവീക്ഷണ കാഴ്ചപ്പാട്, നയസമീപനം, വികസനതന്ത്രം, മുൻഗണനകൾ എന്നിവയാണ് ഈ ഭാഗത്ത്. ഇവയെ ക്രോഡീകിരിച്ചും പരിഗണിച്ചുമാകണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും തയ്യാറാക്കേണ്ടത്.

*(ii) വിഭവസ്രോതസ്സുകളും വകയിരുത്തലുകളും*

ഓരോ വർഷവും പ്രതീക്ഷിക്കുന്ന എല്ലാ വിഭവസ്രോതസ്സുകളും പ്രതിവർഷ ഫണ്ടിന്റെ 15 ശതമാനം വീതം തുക ഓരോ വർഷവും അധികം ലഭിക്കുമെന്ന് കണക്കാക്കി പഞ്ചവത്സര കാലയളവിലെ പദ്ധതി അടങ്കൽ തുക നിശ്ചയിക്കാവുന്നതാണ്. പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച വികസന കാഴ്ചപ്പാടും മുൻഗണനകളും പരിഗണിച്ചുകൊണ്ടായിരിക്കണം വിവിധ മേഖലകളിൽ പ്രതീക്ഷിക്കുന്ന വകയിരുത്തൽ തിട്ടപ്പെടുത്തേണ്ടത്.

*(iii) പ്രോജക്ടുകളുടെ സംഗ്രഹം*

അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹം (Shelf of Projects), വർഷം, മേഖല തിരിച്ച് മുൻഗണന അനുസരിച്ച് തയ്യാറാക്കണം. സംഗ്രഹം എന്നതുകൊണ്ടുദ്ദേശിക്കുന്നത് അടുത്ത 5 വർഷക്കാലം ചെയ്യാനുദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികപ്പെടുത്തലാണ്; പ്രോജക്ടിന്റെ സൂക്ഷ്മ വിശദാംശങ്ങൾ അല്ല.

വികസനരേഖയും പഞ്ചവത്സര പദ്ധതിരേഖയും പരസ്പരപൂരകമായതിനാൽ ഇവ ഒറ്റ ഡോക്യുമെന്റായി പ്രസിദ്ധീകരിച്ചാലും മതിയാകും. അഞ്ച് വർഷകാലയളവിലേക്കുള്ള വികസന കാഴ്ചപ്പാട്, മുൻഗണന, വിഭവസ്രോതസ്സുകളും വകയിരുത്തലും, പ്രോജക്ടുകളും ഫണ്ടുകളും എന്നിവ ദീർഘവീക്ഷണത്തോടെ തയ്യാറാക്കാനും അതിലൂടെ സമഗ്ര വികസനം കൈവരിക്കാനും സഹായിക്കും എന്നതാണ് ഈ രേഖയുടെ പ്രത്യേകത.

**വാർഷിക പദ്ധതിരേഖ**

കരട് വികസനരേഖയുടെയും പദ്ധതിരേഖയുടെയും അടിസ്ഥാനത്തിലാണ് വാർഷിക പദ്ധതിരേഖ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതിരേഖയുടെ കരട് അച്ചടിച്ച് വികസന സെമിനാറിൽ വിതരണം ചെയ്യണം. വികസന സെമിനാറിനുശേഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ (നിർദ്ദിഷ്ട പ്രോജക്ട് ഫോറം പ്രകാരം) തയ്യാറാക്കി അംഗീകാരം വാങ്ങണം. അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ










അടിസ്ഥാനത്തിൽ വാർഷിക പദ്ധതിരേഖ അന്തിമമാക്കണം. ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം.

മേൽ സൂചിപ്പിച്ച ഭ്രമണ പദ്ധതി പ്രകാരം ഓരോ രണ്ട് വർഷത്തേക്ക് വീതം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുള്ളതിനാൽ അടുത്ത വർഷത്തേക്കുള്ള പ്രോജക്ടുകൾ കൂടി ഉൾക്കൊള്ളുന്ന വിധമായിരിക്കും അതത് വർഷത്തെ വാർഷിക പദ്ധതിരേഖ.

**ജില്ലാ പദ്ധതി**

ജില്ലയുടെ പൊതു വികസന കാഴ്ചപ്പാടും മുൻഗണനകളും വ്യക്തമാക്കുന്ന ഒരു ജില്ലാ പരിപ്രേക്ഷ്യരേഖ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പരിഗണിച്ചുകൊണ്ട് ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) അംഗീകരിക്കേണ്ടതും അതുപ്രകാരം പദ്ധതി തയ്യാറാക്കാൻ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണെന്ന് മാർഗ്ഗരേഖ വിവക്ഷിക്കുന്നു. ജില്ലയ്ക്കാകമാനം ഒരു വികസനപരിപ്രേക്ഷ്യം രൂപീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന ഈ പ്രക്രിയയിൽ ഡി.പി.സി.കൾക്ക് നിർണ്ണായക പങ്കുവഹിക്കാനാകും. കീഴ്തലത്തിൽ നിന്നും മുകളിലേക്കുള്ള (bottom-up) പ്രക്രിയയിലൂടെ പ്രാദേശിക പദ്ധതികളുടെ ഒരു സംഗ്രഹം ഡി.പി.സി. തയ്യാറാക്കണം. ഒപ്പം ജില്ലയിലെ വിവിധ വിഷയമേഖലകളുടെ വികസനാവസ്ഥ സൂചിപ്പിക്കുന്ന അവസ്ഥാവിശകലന റിപ്പോർട്ട് ഡി.പി.സി. യുടെ നേതൃത്വത്തിൽ തയ്യാറാക്കണം. പ്രാദേശിക പദ്ധതി സംഗ്രഹവും അവസ്ഥാവിശകലനവും റിപ്പോർട്ടും പരിഗണിച്ച് പൊതു വികസന കാഴ്ചപ്പാടും മുൻഗണനകളും സംബന്ധിച്ച പരിപ്രേക്ഷ്യരേഖ ഡി.പി.സി. നൽകുന്നതിലൂടെ സമഗ്ര വികസന കാഴ്ചപ്പാടിൽ പ്രോജക്ടുകൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. പഞ്ചായത്തുകളുടേതുൾപ്പെടെ ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പരിശോധനയും അംഗീകാരവും പൂർത്തിയായിക്കഴിഞ്ഞാൽ അവയും വകുപ്പുകളുടെയും മിഷനുകളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ബാങ്കുകളുടേയും മറ്റു ഏജൻസികളുടെയും വിവരങ്ങളും പദ്ധതികളും സംയോജിപ്പിച്ച് കൊണ്ട് സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾക്കനുസൃതമായി ജില്ലയുടെ മുഴുവനായ കരട് ജില്ലാ പദ്ധതി ഡി.പി.സി. തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നു.

ഓരോ പ്രദേശത്തിന്റെയും വ്യത്യസ്ത വിഭാഗങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും മനസ്സിലാക്കി വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നത് പ്രാദേശികാസൂത്രണത്തിലൂടെ ആണ്. അധികാരവികേന്ദ്രീകരണം പ്രകാരം അനുവർത്തിച്ചുവരുന്ന പ്രാദേശികാസൂത്രണത്തിന്റെ സമഗ്രത കൈവരിക്കാൻ ജില്ലാതല ആസൂത്രണം അനിവാര്യമാണ്. ഭരണഘടനയുടെ 74-ാം ഭേദഗതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ അനുച്ഛേദം 243 ദഉ(1) പ്രകാരം ത്രിതല പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും തയ്യാറാക്കുന്ന പദ്ധതികളെ സംയോജിപ്പിച്ച് ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്ന ചുമതല ഡി.പി.സി.ക്കാണ്. പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതികളുടെ ഏകോപന-സംയോജന ചുമതല ഡി.പി.സി.കൾക്കും. ഈ ചുമതല നിർവ്വഹിക്കുന്നതിനുള്ള ഉപാധിയാണ് ജില്ലാ പദ്ധതി. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലൂടെ വിവിധ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ പരസ്പരം അറിയുവാനും ആവർത്തനങ്ങൾ ഒഴിവാക്കാനും വികസന വിടവുകൾ നികത്താനും സംയോജന സാധ്യത

**ഓരോ പ്രദേശത്തിന്റെയും വ്യത്യസ്ത വിഭാഗങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും മനസ്സിലാക്കി വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നത് പ്രാദേശികാസൂത്രണത്തിലൂടെ ആണ്. അധികാരവികേന്ദ്രീകരണം പ്രകാരം അനുവർത്തിച്ചുവരുന്ന പ്രാദേശികാസൂത്രണത്തിന്റെ സമഗ്രത കൈവരിക്കാൻ ജില്ലാതല ആസൂത്രണം അനിവാര്യമാണ്. ഭരണഘടനയുടെ 74-ാം ഭേദഗതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ അനുച്ഛേദം 243 ദഉ(1) പ്രകാരം ത്രിതല പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും തയ്യാറാക്കുന്ന പദ്ധതികളെ സംയോജിപ്പിച്ച് ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്ന ചുമതല ഡി.പി.സി.ക്കാണ്.**

കൾ ആരായാനും ജില്ലാ ആസൂത്രണ സമിതിക്ക് സാധിക്കും. ഡി.പി.സി.യുടെ ആഭിമുഖ്യത്തിൽ ജനാധിപത്യ-പങ്കാളിത്ത (Democratic and Participative) രീതിയിലാണ് ഈ പ്രക്രിയ അനുവർത്തിക്കേണ്ടത്.

അധികാരവികേന്ദ്രീകരണം പ്രകാരം നിർവ്വഹിച്ചുവരുന്ന പ്രാദേശികാസൂത്രണത്തിന്റെ സമഗ്രത കൈവരിക്കാൻ ഉതകുന്നതരത്തിൽ പഞ്ചവത്സര പദ്ധതി, ഭ്രമണ പദ്ധതി, ജില്ലാ പദ്ധതി എന്നിവയിലൂടെ പന്ത്രണ്ടാം പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഊർജ്ജിതവും സമയബന്ധിതവുമായ ശ്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഡി.പി.സി.യുടെയും ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.■

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യിൽ അസിസ്റ്റന്റ് പ്രൊഫസറാണ്*



# വനിതാ ഘടകപദ്ധതിയും ലിംഗപദവി തുല്യതയും

**സ്ത്രീകൾ സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് ജീവിതാവസ്ഥയെ രൂപപ്പെടുത്താൻ പ്രാപ്തി നൽകുന്നതിനായിരിക്കണം വനിതാ ഘടക പദ്ധതി ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്ക് പൊതു വിഭവങ്ങളിൽ നിയന്ത്രണവും സ്വാതന്ത്ര്യവും പങ്കാളിത്തവും അവസര സമത്വവും ഉണ്ടാകണം. ഇത് തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ ഇല്ലാതാക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ആണ് വനിതാ ഘടക പദ്ധതി ലക്ഷ്യമിടേണ്ടത്. ഒറ്റപ്പെട്ടതും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവരുമായ സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. സ്ത്രീകളുടെ പ്രായോഗികമായ ആവശ്യങ്ങൾ പൊതു പദ്ധതിയിലും ലിംഗപദവിയിൽ ഊന്നിയ തന്ത്രപരമായ ആവശ്യങ്ങൾ വനിതാ ഘടകപദ്ധതിയിലുമാണ് ഉൾപ്പെടുത്തേണ്ടത്.**

**ഡോ. പീറ്റർ. എം. രാജ്**

സമൂഹത്തിൽ സ്ത്രീകളും പുരുഷൻമാരും ഒരു പോലെയല്ല പരിഗണിക്കപ്പെടുന്നത്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സാമൂഹ്യക്രമത്തിൽ പുരുഷന് കൂടുതൽ പദവിയും അധികാരവും സമ്പദ്ഘടനയുടെ മേൽ നിയന്ത്രണവും ലഭിച്ചുപോരുന്നു. നീതിപൂർവ്വമല്ലാത്ത ഇത്തരം സ്ത്രീ-പുരുഷ ബന്ധങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലയിലും വേർതിരിവ് സൃഷ്ടിക്കുന്നതായി കാണാം. അവസരങ്ങളുടെ അഭാവവും ലഭ്യമായ അവസരങ്ങൾ വിനിയോഗിക്കാനുള്ള സാഹചര്യങ്ങൾ നൽകാതെയും വരുമ്പോൾ പൊതുവിൽ മനുഷ്യശേഷിയിൽ വ്യത്യാസം സംഭവിക്കുക സ്വാഭാവികമാണ്. അത് സ്ത്രീയിലും പുരുഷനിലും ഉണ്ടാവും.

### കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും

മാനവ വികസന സൂചകങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ വെച്ച് നോക്കുമ്പോൾ കേരളത്തിലെ സ്ത്രീകൾക്ക് മെച്ചപ്പെട്ട അവസ്ഥയാണ് ഉള്ളത്. എന്നാൽ ഈ മെച്ചപ്പെട്ട അവസ്ഥ സ്ത്രീകളുടെ പദവി ഉയർത്താൻ സഹായകമായോ എന്ന കാര്യത്തിൽ സംശയമുണ്ട്. കേരളത്തിൽ പൊതുവായി സ്ത്രീകൾ നേരിടുന്ന ലിംഗപദവി പ്രശ്നങ്ങൾ ഇവയാണ്.

- കുറഞ്ഞ തൊഴിൽ പങ്കാളിത്തം
- കുറഞ്ഞ ഉടമസ്ഥാവകാശം
- കുറഞ്ഞ രാഷ്ട്രീയാധികാരം
- വർദ്ധിച്ച തോതിലുള്ള അതിക്രമം
- ജീവിത ശൈലീരോഗം
- ലിംഗാനുപാതത്തിലെ മാറ്റം
- വയോജനങ്ങളായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

കിലയുടെ നേതൃത്വത്തിൽ 37 പഞ്ചായത്തുകളിൽ നടത്തിയ സ്ത്രീ പദവി പഠനം താഴെ സൂചിപ്പിക്കുന്ന ലിംഗ പദവി പ്രശ്നങ്ങൾ ചൂണ്ടികാട്ടുന്നു.

- കുറഞ്ഞ തൊഴിൽ പങ്കാളിത്തം.
- പരിമിതമായ തൊഴിലവസരങ്ങൾ.
- വാസസ്ഥലത്തും തൊഴിൽ സ്ഥലങ്ങളിലും പങ്കാളിത്തവും അവകാശവും ഇല്ലായ്മ.
- തൊഴിൽ സംരംഭങ്ങളിൽ നിന്നുള്ള കുറഞ്ഞ വരുമാനം.
- ശാരീരിക-ലൈംഗിക അവബോധത്തിന്റെ കുറവ്
- കുടുംബഭാരം
- വിധവകളുടെ എണ്ണത്തിലുള്ള വർദ്ധനവ്
- തൊഴിൽജന്യ രോഗങ്ങൾ
- പോഷകാഹാരക്കുറവ്.
- തീരുമാനമെടുക്കൽ പ്രക്രിയയിൽ പങ്കാളിത്തമില്ലായ്മ.
- സാമൂഹ്യ-രാഷ്ട്രീയ-സംഘടനാ സംവിധാനത്തിലെ അദൃശ്യത.
- വർദ്ധിക്കുന്ന പീഢനങ്ങൾ.
- തൊഴിൽ സ്ഥലത്തെ സുരക്ഷിതമില്ലായ്മ.
- സ്ത്രീധനം.
- കുടുംബഭാരം-കടബാധ്യത.
- ആരോഗ്യ സേവന സംവിധാനത്തിലെ പരിമിതികൾ.
- പൊതു സേവന സ്ഥാപനങ്ങളിലെ സ്ത്രീ വിരുദ്ധ പ്രകൃതം.
- ആരോഗ്യ അവബോധ പരിമിതി.
- നിയമ സംവിധാനങ്ങളെ സംബന്ധിച്ച അവബോധമില്ലായ്മ.

കേരളത്തിലെ സ്ത്രീകൾ സവിശേഷമായി നേരിടുന്ന ജീവിതാവസ്ഥ മനസ്സിലാക്കിക്കൊണ്ടുള്ള വികസന ആസൂത്രണം അനിവാര്യമാണ്. സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനും ലിംഗപദവി തുല്യതയും തുല്യനീതിയും സൃഷ്ടിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകൾ നടത്തേണ്ടിയിരിക്കുന്നു.

### അധികാരവികേന്ദ്രീകരണവും സ്ത്രീ ശാക്തീകരണവും

കേരളത്തിന്റെ അധികാരവികേന്ദ്രീകരണ പ്രസ്ഥാനം കേരള സമൂഹത്തിൽ ലിംഗനീതിയിൽ അടിസ്ഥാനമായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായി. ഗ്രാമസഭ, വികസന സെമിനാർ, പദ്ധതിരേഖ തുടങ്ങി എല്ലായിടത്തും സ്ത്രീ പരിഗണന ഉറപ്പാക്കി. 10% തുക വനിതാഘടക പദ്ധതിക്കായി മാറ്റിവെയ്ക്കുന്നതിനുപുറമെ പൊതു പദ്ധതിയിൽ സ്ത്രീപക്ഷ സമീപനം ഉണ്ടാകണമെന്ന നിർദ്ദേശവുമുണ്ടായി. സ്ത്രീകളുടെ പദവി മനസ്സിലാക്കി ആസൂത്രണ ഇടപെടലുകൾ ഉണ്ടാവുന്നതിനായി സ്ത്രീ പദവി പഠനവും സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതിയും രൂപീകരിച്ചു.

### വനിതാ ഘടക പദ്ധതി

സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവും വ്യക്തിപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ എത്തിക്കുന്നതിനും കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനാണ് വനിതാ ഘടകപദ്ധതി എന്ന പേരിൽ പ്രത്യേക ഘടക പദ്ധതി രൂപംകൊണ്ടത്. ലഭിക്കുന്ന വികസന ഫണ്ടിന്റെ 10 ശതമാനമെങ്കിലും വനിതാ ഘടക പദ്ധതിക്കായി പ്രാദേശിക സർക്കാരുകൾ നീക്കിവെയ്ക്കണം.

സ്ത്രീകൾ സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് ജീവിതാവസ്ഥയെ രൂപപ്പെടുത്താൻ പ്രാപ്തി നൽകുന്നതിനായിരിക്കണം വനിതാ ഘടക പദ്ധതി ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്ക് പൊതു വിഭവങ്ങളിൽ നിയന്ത്രണവും സ്വാതന്ത്ര്യവും പങ്കാളിത്തവും അവസര സമത്വവും ഉണ്ടാകണം. ഇത് തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ ഇല്ലാതാക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ആണ് വനിതാ ഘടക പദ്ധതി ലക്ഷ്യമിടേണ്ടത്. ഒറ്റപ്പെട്ടതും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവരുമായ സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. സ്ത്രീകളുടെ പ്രായോഗികമായ ആവശ്യങ്ങൾ പൊതു പദ്ധതിയിലും ലിംഗപദവിയിൽ ഊന്നിയ തന്ത്രപരമായ ആവശ്യങ്ങൾ വനിതാ ഘടകപദ്ധതിയിലുമാണ് ഉൾപ്പെടുത്തേണ്ടത്. ലിംഗപദവി നിർണ്ണയിക്കുന്ന തന്ത്രപരമായ പ്രധാന ആവശ്യങ്ങൾ താഴെക്കൊടുക്കുന്നു.

- പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം.
- വിദ്യാലയങ്ങളിൽ ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ.
- പരിശീലനത്തിന് ആവശ്യമായ കെട്ടിടങ്ങൾ.
- ഓഫീസുകളിൽ ഇരിപ്പിടം സജ്ജീകരിക്കൽ.
- സഞ്ചാര സ്വാതന്ത്ര്യം.
- തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം.
- തുല്യ ജോലിക്ക് തുല്യ വേതനം.
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കൽ.
- സമ്പത്ത് ആർജ്ജിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം.
- സ്ത്രീജന്യ രോഗങ്ങൾ കണ്ടെത്തി പരിഹരിക്കൽ.
- തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തി പരിഹരിക്കൽ.
- വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ ഉതകുന്ന പരിശീലനങ്ങൾ.
- വിവിധ മാനേജ്മെന്റ് പരിശീലനങ്ങൾ.
- നിയമബോധന പ്രവർത്തനങ്ങൾ.
- പ്രത്യുൽപ്പാദന കാര്യങ്ങളിൽ തെരഞ്ഞെടുക്കാനുള്ള അവകാശം.
- രാഷ്ട്രീയ പൊതുരംഗങ്ങളിൽ തുല്യ പങ്കാളിത്തം.

കഴിഞ്ഞ 3 പഞ്ചവത്സര പദ്ധതികളുടെ അനുഭവത്തിൽ നിന്ന് വനിതാഘടകപദ്ധതിയെ പരിശോധിക്കുമ്പോൾ പല പോരായ്മകളും കാണുന്നു. പൊതുപദ്ധതിയിൽ വരേണ്ട പല പദ്ധതികളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. ഇത് അഭിലഷണീയമല്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായേ പറ്റൂ.

### 12-ാം പദ്ധതിയും വനിതാ വികസന പ്രവർത്തനങ്ങളും

12-ാം പദ്ധതി മാർഗരേഖയിൽ പേജ് 47-ൽ വനിതാ ഘടക പദ്ധതിയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം ഇവയാണ്.

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. വനിതാഘടക പദ്ധതിയുടെ വിശദാംശങ്ങൾ പദ്ധതിരേഖയുടെ അദ്ധ്യായത്തിൽ ചേർക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.



*12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറിമാർക്കുള്ള സംസ്ഥാനതല പരിശീലനത്തിൽ യുവജനകാര്യ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി സംസാരിക്കുന്നു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു തുടങ്ങിയവർ വേദിയിൽ.*

എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

### വനിതാ ഘടകപദ്ധതി ഇടപെടൽ സാധ്യതകൾ

സാമൂഹിക ഉല്പാദന രാഷ്ട്രീയ പ്രത്യുൽപ്പാദനപരമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് സ്ത്രീയുടെ ആവശ്യങ്ങൾ ഓരോ മേഖലയിലും വ്യത്യസ്തമാണ്. അത് കണ്ടുപിടിച്ച് ഓരോ മേഖലയിലും ഇടപെടൽ നടത്തേണ്ടതുണ്ട്. വനിതാ ഘടക പദ്ധതിയുടെ ഭാഗമായി പ്രധാനമായും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

### I. സ്ത്രീ പദവി പഠനം

ഓരോ പ്രദേശത്തും സ്ത്രീകൾ നേരിടുന്ന സവിശേഷമായ പ്രശ്നങ്ങൾ മനസ്സിലാക്കിയാവണം വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ നിശ്ചയിക്കേണ്ടത്. അതിന് ഏറ്റവും ശാസ്ത്രീയമായി സഹായിക്കുന്ന ഉപാധിയാണ് സ്ത്രീ പദവി പഠനം. ഇതിനാവശ്യമായ തുക വികസന ഫണ്ടിൽ നിന്നോ സ്വന്തം ഫണ്ടിൽ നിന്നോ കണ്ടെത്താവുന്നതാണ്.

### II. തൊഴിൽ – വരുമാനദായക പ്രവർത്തനങ്ങൾ

➢ ***പഞ്ചായത്തുതല പരിശീലനം (Training &Placement cell)***

വനിതകൾക്ക് തൊഴിൽ വരുമാനം ഉണ്ടാക്കേണ്ട തരത്തിലുള്ള ഒരു പഞ്ചായത്ത് റിസോഴ്സ് സെന്ററാണിത്. വിവിധതരം പരിശീലനം ഇവിടെയൊരുക്കാം. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങളും കരിയർ ഗൈഡൻസ്, തൊഴിൽ രജിസ്ട്രേഷൻ എന്നിവയും ഇവിടെ നടത്താം. സ്ത്രീകളുടെ മുൻകൈയിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഉതകുന്ന പുതിയ ഉൽപ്പാദന രീതികൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവ നൽകാം. ആവശ്യമെങ്കിൽ കേരളത്തിൽ ഇത്തരത്തിലുള്ള മാതൃകാപരമായ സംരംഭങ്ങൾ ചെന്ന് കാണാനുള്ള അവസരങ്ങൾ (Field Visit) ഒരുക്കണം.

- ➢ വിവിധ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കായി മാസത്തിൽ ഒരിക്കൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു മെഡിക്കൽ ക്യാമ്പ് നടപ്പാക്കാം. തൊഴിലുറപ്പ് പദ്ധതി, ശുചിത്വ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കും ഈ അവസരം ലഭ്യമാക്കണം.
- ➢ കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ഭൂമി സ്വന്തമായി വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ യന്ത്രങ്ങൾ വാങ്ങുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്താം.
- ➢ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഒരു അങ്കണവാടിയെങ്കിലും കേന്ദ്രീകരിച്ച് കുട്ടികളെ പരിപാലിക്കുന്ന ഒരു ക്രഷ് ഏർപ്പെടുത്താം.

**കേരളത്തിന്റെ അധികാരവികേന്ദ്രീകരണ പ്രസ്ഥാനം കേരള സമൂഹത്തിൽ ലിംഗനീതിയിൽ അടിസ്ഥാനമായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായി. ഗ്രാമസഭ, വികസന സെമിനാർ, പദ്ധതിരേഖ തുടങ്ങി എല്ലായിടത്തും സ്ത്രീ പരിഗണന ഉറപ്പാക്കി. 10% തുക വനിതാഘടക പദ്ധതിക്കായി മാറ്റിവെയ്ക്കുന്നതിനു പുറമെ പൊതുപദ്ധതിയിൽ സ്ത്രീ പക്ഷ സമീപനം ഉണ്ടാകണമെന്ന നിർദ്ദേശവുമുണ്ടായി.**

### II. വിദ്യാഭ്യാസം

- ➢ അങ്കണവാടി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കൗമാര ക്ലബുകളുടെ ഭാഗമായി മാസത്തിലൊരിക്കലെങ്കിലും എല്ലാ കൗമാരക്കാരായ പെൺകുട്ടികൾക്കും ഒത്തുച്ചേരാനുള്ള അവസരം ഒരുക്കണം. കൗമാര വിദ്യാഭ്യാസം, മെഡിക്കൽ ക്യാമ്പ് എന്നിവയും നടത്താം.
- ➢ ജില്ലാ പഞ്ചായത്ത് എസ്.എസ്.എയുമായി ചേർന്ന് അദ്ധ്യാപകർക്കായി ലിംഗ പദവി വിദ്യാഭ്യാസം നൽകുക.
- ➢ വിദ്യാഭ്യാസ മേഖലയിൽ പിന്നാക്കാവസ്ഥയിലുള്ള പെൺകുട്ടികൾക്കായി വിവിധ സ്കീമുകളെ സംയോജിപ്പിച്ചുക്കൊണ്ട് പ്രത്യേക പഠന പദ്ധതിക്ക് രൂപം നൽകണം.
- ➢ സ്കൂൾ ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.
- ➢ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക്, കളരിപ്പയറ്റ്, നീന്തൽ, സൈക്കിളിംഗ്, യോഗ, ഡ്രൈവിംഗ്, കൃഷി, ഗാർഡനിംഗ് എന്നിവയിൽ വിദഗ്ധ പരിശീലനങ്ങൾ നൽകാം.
- ➢ പി.എസ്.സി മത്സര പരീക്ഷകൾക്കുതകുന്ന ക്ലാസുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- ➢ പഞ്ചായത്തുകളിലെ എല്ലാ സ്കൂളുകൾക്കുമുള്ള കൗൺസിലിംഗ് സംവിധാനം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.
- ➢ പെൺകുട്ടികൾക്ക് മാത്രമായി ക്ലബ്, ലൈബ്രറി, മറ്റു സാംസ്ക്കാരിക പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ധനസഹായം നൽകാം.





**സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.**

### III. ആരോഗ്യം

- ➢ വിഷാദ രോഗം, ആത്മഹത്യാ പ്രവണത എന്നീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തുതലത്തിൽ വിദഗ്ധരുടെ ഒരു റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കണം. പാരമ്പര്യ രോഗങ്ങളെയും ജീവിത ശൈലീരോഗങ്ങളെയുംപ്പറ്റി അറിവ് നൽകണം. കാൻസർ പോലുള്ള മാരക രോഗങ്ങളെ സ്വയം തിരിച്ചറിയാൻ സഹായിക്കുന്ന പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
- ➢ എല്ലാ ഹൈസ്ക്കൂളുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീകൾക്കായുള്ള പൊതു ടോയ്ലെറ്റുകളിലും നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാം.
- ➢ ആരോഗ്യ കേന്ദ്രങ്ങളിൽ ഇരിപ്പിടം, ഫീഡിംഗ് കോർണർ, സ്ത്രീകൾക്കും സ്ത്രീ–ബൈ സ്റ്റാൻഡേർസിനുമുള്ള വിശ്രമമുറി എന്നിവ ഒരുക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാം.
- ➢ ആദിവാസി മേഖലയിൽ പ്രത്യുൽപ്പാദനാരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്താം.
- ➢ ഗർഭകാല സംരക്ഷണം, പ്രസവ രക്ഷാ പ്രോജക്ടുകൾ, ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യത്തിനായി നടപ്പാക്കുക.

### IV. സംരക്ഷണം, അതിക്രമം തടയൽ

i) ***ജാഗ്രതാ സമിതികളുടെ ശാക്തീകരണം***

സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി വിവിധ നീതി നിയമ സംവിധാനങ്ങളെ (Legal Service Authority) കൂട്ടിയോജിപ്പിച്ചുക്കൊണ്ട് ജാഗ്രതാ സമിതികൾ ശാക്തീകരിക്കേണ്ടതുണ്ട്. ജാഗ്രതാ സമിതികൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- ➢ പരാതി പരിഹരിക്കാനുള്ള ഇടപെടലുകൾ.
- ➢ സ്ത്രീപക്ഷ സമീപനത്തിലൂന്നിയ കൗൺസിലിംഗ് സൗകര്യങ്ങൾ കൗമാരപ്രായക്കാരായ കുട്ടികൾക്കും അതിക്രമത്തിനിരയായ സ്ത്രീകൾക്കും ഏർപ്പെടുത്തണം. ഇതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ വനിതാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്.
- ➢ ജനകീയ സംവിധാനങ്ങളുടെ സഹകരണത്തോടെ സ്ത്രീ സംരക്ഷണത്തിനായി ഗാർഹിക അതിക്രമങ്ങൾ, സ്ത്രീ പുരുഷ തുല്യത എന്നീ വിഷയങ്ങളിലൂന്നിയ ബോധവൽക്കരണ സംവിധാനങ്ങൾ നടപ്പാക്കുക.
- ➢ പരിഹരിക്കാനാവാത്ത കേസുകൾ, സ്ത്രീ ക്രിമിനൽ കേസുകൾ എന്നിവയ്ക്ക് താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായത്തോടെ സൗജന്യ നിയമ സഹായവും അദാലത്തും നടത്തുക.

ii അതിക്രമത്തിന് ഇരയായ സ്ത്രീകൾക്കായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അഭയ കേന്ദ്രങ്ങൾ ആരംഭിക്കുക.

iii പഞ്ചായത്തുതല ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങളും പിന്തുണാ സംവിധാനങ്ങളും ജില്ലാ ജാഗ്രതാ സമിതി ഏറ്റെടുക്കണം.

### V. പങ്കാളിത്തം – പൊതു വേദികൾ

- ➢ സ്ത്രീകളുടെ സാമൂഹിക രാഷ്ട്രീയ ശാക്തീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് മാനേജ്മെന്റ് കമ്മിറ്റി, ഗുണഭോക്തൃ സമിതികൾ തുടങ്ങിയ ആസൂത്രണ സംവിധാനങ്ങളിൽ സ്ത്രീകളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കണം.
- ➢ സ്ത്രീകളുടെ കൂട്ടായ്മയും പൊതുയിടങ്ങളും സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്ത്രീകളുടെ ലൈബ്രറി, ക്ലബ്ബുകൾ, കളിസ്ഥലങ്ങൾ, പാർക്ക് എന്നിവ ആരംഭിക്കാം.
- ➢ സ്ത്രീകൾക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വനിതാ ദിനാചരണം, മാതൃ ദിനാചരണം എന്നിവ സംഘടിപ്പിക്കണം. ഇതിന്റെ ഭാഗമായി എക്സിബിഷൻ, തെരുവ് നാടകങ്ങൾ എന്നിവയും സംഘടിപ്പിക്കാവുന്നതാണ്.

### ജെന്റർ ബജറ്റിംഗിലേക്ക്

ഒരു പ്രദേശത്തെ ലിംഗപദവി മനസ്സിലാക്കി സ്ത്രീ പുരുഷ തുല്യത ഉറപ്പാക്കാൻ ഉതകുന്ന ആസൂത്രണ ഇടപെടൽ നടത്തുന്ന പ്രക്രിയയാണ് ജെന്റർ ബജറ്റിംഗ്. വനിതാഘടക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ലിംഗ നീതിയിൽ അടിസ്ഥാനമാക്കിയ ആസൂത്രണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ പ്രാദേശിക സർക്കാരുകളെ തയ്യാറാക്കുക എന്നതാണ്. 12–ാം പദ്ധതി കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകളുടെ ബജറ്റിംഗ് ജെന്റർ ബജറ്റിംഗായി മാറേണ്ടിയിരിക്കുന്നു.■

*ലേഖകൻ കിലയിൽ അസോസിയേറ്റ് പ്രൊഫസറാണ്.*

ഡോ. എബി ജോർജ്ജ്

# 12 –ാം പഞ്ചവത്സര പദ്ധതിയും പട്ടികജാതി– പട്ടികവർഗ്ഗ വികസനവും

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വികസനവുമായി ബന്ധപ്പെട്ട് പുതിയ സമീപനമാണ് മുന്നോട്ടു വയ്ക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു കുടുംബ കേന്ദ്രീകൃത സമീപനം (Household centered approach) ആണ് ഉദ്ദേശിക്കുന്നത്. കുടുംബ കേന്ദ്രീകൃത സമീപനത്തിൽ, ഓരോ കുടുംബത്തിനെയും ഒരു സാമ്പത്തിക യൂണിറ്റായി പരിഗണിക്കുക എന്നതാണ് തുടക്കം. ആശ്രയ പ്രോജക്ടുകളുടെ മാതൃകയിൽ, ഓരോ കുടുംബത്തിന്റെയും ഇപ്പോഴത്തെ സാമ്പത്തികാവസ്ഥയുടെ അടിസ്ഥാനത്തിൽ അവരുടെ സാമ്പത്തിക സാമൂഹിക വികസനത്തിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക. ഇത്തരത്തിൽ ഒരു കോളനി/ഊരിലെ മുഴുവൻ കുടുംബങ്ങളുടെയും സമഗ്ര വികസനത്തിനാവശ്യമായ പദ്ധതി തയ്യാറാക്കിയശേഷം കോളനി/ഊര് അടിസ്ഥാനത്തിൽ അത് സംയോജിപ്പിക്കുകയും അതിനോടൊപ്പം ഹാബിറ്റാറ്റിനെ ഒരു യൂണിറ്റായി പരിഗണിച്ച് അവയുടെ വികസന ആവശ്യങ്ങളും പരിഗണിച്ചു വേണം എസ്.സി.പി/റ്റി.എസ്.പി. പദ്ധതികൾ രൂപീകരിക്കുവാൻ.

ഓരോ കുടുംബത്തിനെയും ഓരോ ഹാബിറ്റാറ്റിനെയും സംബന്ധിക്കുന്ന അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ പഞ്ചായത്തിൽ ലഭ്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും കിലയും സംയുക്തമായി നടത്തിയ വിപുലമായ സർവേയുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും പഞ്ചായത്ത് വാർഡുകളുടെ അടിസ്ഥാനത്തിലുള്ള സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാണ്. ഈ സ്ഥിതിവിവരക്കണക്കുകൾ അടിസ്ഥാനപ്പെടുത്തി വേണം പദ്ധതി രൂപീകരിക്കേണ്ടത്.

ഓരോ കുടുംബത്തിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്. അതുപോലെത്തന്നെ ഓരോ ഹാബിറ്റാറ്റിന്റെയും പൊതു സൗകര്യം വികസിപ്പിച്ചെടുക്കുന്നതിന് അനുയോജ്യമായ പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

പട്ടികജാതി ജനവിഭാഗങ്ങളുടെ കാര്യത്തിൽ ഗ്രാമസഭകൾ വഴിയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ഊരുകൂട്ടം വഴിയും ഇത്തരത്തിൽ കുടുംബ കേന്ദ്രീകൃത, ഹാംലെറ്റ് കേന്ദ്രീകൃത ഘടക പദ്ധതികൾ അംഗീകരിച്ച് പഞ്ചായത്തുതലത്തിൽ സംയോജിപ്പിച്ചു വേണം ഘടക പദ്ധതിക്ക് രൂപം നൽകുവാൻ.

ലഭ്യമായ എസ്.സി.പി/റ്റി.എസ്.പി. ഫണ്ടുകൾ, പഞ്ചായത്തിന് ലഭ്യമായ മറ്റു ഫണ്ടുകൾ, തൊഴിലുറപ്പു പദ്ധതിയും കാർഷിക വികസന പദ്ധതിയുമടക്കമുള്ള പദ്ധതികളുടെ സംയോജനം ഇതെല്ലാം പരിഗണിക്കപ്പെടേണ്ടതാണ്. ഉദാഹരണത്തിന് ഒരു ആദിവാസി കേന്ദ്രത്തിനുള്ളിലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയും പഞ്ചായത്തിന്റെ കൃഷി വികസന പദ്ധതിയും സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. പച്ചക്കറി കൃഷിക്കാവശ്യമായ മുഴുവൻ പ്രവർത്തനങ്ങളും തൊഴിലുറപ്പിലൂടെയും വിത്തും വളവും കാർഷിക പദ്ധതികളിലൂടെയും നൽകാവുന്നതാണ്. അതുകൊണ്ടുതന്നെ ഈ പദ്ധതികൾ റ്റി.എസ്.പി.യിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നിരുന്നാലും റ്റി.എസ്.പി.യിൽ നിന്നും ഇതിനായി തുക മാറ്റി വയ്ക്കേണ്ടതില്ല. റോഡുകളുടെ കാര്യത്തിൽ റ്റി.എസ്.പി./എസ്.സി.പി. പദ്ധതിപ്പണം കോളനികളിൽ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. അതായത് വലിയ കോളനികൾക്കുള്ളിൽ മാത്രമേ റോഡുകൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ചെറിയ കോളനികളുടെ കാര്യത്തിൽ ലഭ്യമായ ഫണ്ട് കോളനിക്കുള്ളിലെ മറ്റു പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണത്തിനോ, സംഘാടനത്തിനോ വേണ്ടി ചെലവാക്കേണ്ടതാണ്.

ഉദാഹരണത്തിന്, പട്ടികജാതി/പട്ടികവർഗ്ഗ ഹാബിറ്റാറ്റുകളിൽ അവിടങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടുള്ള പഠന വീടുകൾ/പരിശീലന സൗകര്യങ്ങൾ/ട്യൂഷൻ കേന്ദ്രങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഭാവിയിൽ ഒരു ലൈബ്രറിയായി വളരുവാൻ പര്യാപ്തമായ പ്രവർത്തനങ്ങളുടെ ഒരു തുടക്കമായും ഇതിനെ കാണണം.

എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട ആളുകളുടെ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടുന്ന പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസം ലഭ്യമായിട്ടുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്കും 12–ാം പദ്ധതിയിൽ മുൻഗണന നൽകുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് അഡ്മിഷൻ ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ മുൻകൈയിൽ സംഘടിപ്പിക്കേണ്ടതാണ്. അഡ്മിഷൻ കിട്ടുന്നവർക്ക് ആ നിലയ്ക്ക് ആവശ്യമായ ധനസഹായവും റ്റി.എസ്.പി/എസ്.സി.പി.യുടെ ഭാഗമായി നൽകാവുന്നതാണ്.

അതുപോലെതന്നെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് എസ്.സി/എസ്.റ്റി യുവജനങ്ങളുടെ നൈപുണ്യം (സ്കിൽ) വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ വിദ്യാഭ്യാസം ഉള്ളവരെയും നൈപുണ്യമുള്ളവരെയും വിദേശ ജോലികൾക്ക് അടക്കം പ്രാപ്തമാക്കുന്നതിനും, വിദേശജോലി കിട്ടുന്നതിന് ആവശ്യമായ ധനസഹായവും എസ്.സി.പി/റ്റി.എസ്.പിയിൽ നിന്നും നൽകാവുന്നതാണ്. അടുത്ത 5 വർഷത്തിനുള്ളിൽ എസ്.സി./എസ്.റ്റി വിഭാഗങ്ങളിലെ യുവജനങ്ങളെ പഠിപ്പിച്ച് നൈപുണ്യ വികാസത്തിനുള്ള എല്ലാ അവസരങ്ങളും ഉണ്ടാക്കി വേണ്ടി വന്നാൽ വിദേശത്തു വരെ പോയി തൊഴിൽ സമ്പാദനത്തിന് പ്രാപ്തരാക്കുന്ന ഒരു സമീപനം വേണം റ്റി.എസ്.പി/എസ്.സി.പി. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകാൻ.

ഓരോ തദ്ദേശഭരണ സ്ഥാപനവും തങ്ങളുടെ പ്രദേശത്തുള്ള എല്ലാ ബിരുദധാരികൾക്കും കൂടുതൽ നൈപുണ്യം (Skill) ആർജ്ജിക്കുന്നതിന് അവസരം ഉണ്ടാക്കുകയും അങ്ങനെ നാട്ടിലും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനുള്ള അവസരവും സഹായവും ധനപരമായ പിന്തുണയും നൽകേണ്ടതാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻപിൽ വലിയ അവസരവും വെല്ലുവിളിയുമാണ് ഉയർത്തുന്നത്.

റ്റി.എസ്.പി/എസ്.സി.പി ഫണ്ട് വിനിയോഗം കുറച്ചു റോഡുപണിയും വീട് റിപ്പയറും ചെയ്യാനുള്ളതാണ് എന്ന പൊതു കാഴ്ചപ്പാട് മാറണം. എല്ലാക്കാലവും വീട് റിപ്പയർ ചെയ്തുകൊടുക്കുന്നതിലും നല്ലത്, സ്വന്തമായി വീട് വയ്ക്കാനും പുതുക്കാനും ശക്തരായ പുതിയ തലമുറയെ തൊഴിൽ നേടുന്നതിനു സഹായിക്കുക എന്നതാകണം. എന്തു ചെയ്യാം, ചെയ്യണം എന്ന നിരവധി സംശയങ്ങൾ അതുകൊണ്ടുതന്നെ ഉണ്ടായേക്കാമെങ്കിലും പുതിയ വഴിയിലൂടെ അവരവരുടെ നാടിന്റെ പ്രത്യേകതകളും സാധ്യതകളും ഉൾക്കൊണ്ട് മുന്നോട്ട് പോകുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

കേരളത്തിൽ ഭൂരഹിതർക്ക് ഭൂമിയുണ്ടായത് കാലാകാലങ്ങളിൽ സർക്കാരുകൾ എടുത്ത തീരുമാനങ്ങളുടെ ഭാഗമായിട്ടാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ ആളുകൾക്ക് ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിന് റ്റി.എസ്.പി/എസ്.സി.പി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകാവുന്നതാണ്.

ഈ പഞ്ചവൽസര പദ്ധതിക്കായി പദ്ധതി തയ്യാറാക്കുമ്പോൾ, ഇത്തരത്തിൽ എസ്.സി/എസ്.റ്റി ഹാബിറ്റാറ്റുകളുടെയും കുടുംബങ്ങളുടെയും സമഗ്ര വികസനത്തിനു വേണ്ടിയുള്ള അഞ്ചുവർഷത്തെ പ്രോജക്ടാണ് ഉണ്ടാകേണ്ടത്.

റ്റി.എസ്.പി. പദ്ധതികൾ, ഊരുകൂട്ടത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ചു മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ. റ്റി.എസ്.പി.യിലെ 50% തുക പരിചരണ സേവന പാക്കേജിനായി ഉപയോഗിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ അനുബന്ധം 13–ൽ ഇതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പട്ടികവർഗ്ഗ പ്രോജക്ടുകളിൽ മുൻഗണന നൽകേണ്ടതും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളുടെയും മുൻഗണന പട്ടികവർഗ്ഗ അഗതികൾക്ക് നൽകേണ്ടതാണ്.

12–ാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ എസ്.സി/എസ്.റ്റി ജനവിഭാഗങ്ങളുടെ കാര്യത്തിൽ കാതലായ സാമ്പത്തിക/സാമൂഹിക പുരോഗതിയാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസത്തിനും ശേഷി വികസനത്തിനും നൽകുന്ന ഊന്നലിലൂടെ ഇത് സാദ്ധ്യമാക്കാമെന്നും പ്രതീക്ഷിക്കുന്നു. ■

*ലേഖകൻ കിലയിലെ അസിസ്റ്റന്റ് പ്രൊഫസറാണ്. ഇപ്പോൾ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ കേരള റീജിയണൽ സെന്ററിന്റെ സ്പെഷ്യൽ ഓഫീസറായി പ്രവർത്തിക്കുന്നു*







## ഗ്രാമസഭകൾ ഫലപ്രദമാകണം



ഭരണഘടനയുടെ 243 എ വകുപ്പിൽ ഗ്രാമസഭയ്ക്ക് ഭരണഘടനാ തലത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുന്നു. സംസ്ഥാന നിയമസഭ, നിയമാനുസൃതം അംഗീകരിച്ചിരിക്കുന്ന നിയമങ്ങൾ അനുസരിച്ച് ഗ്രാമീണതലത്തിൽ ഗ്രാമസഭ അധികാരം വിനിയോഗിക്കാനും പ്രാവർത്തികമാക്കാനുമുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഗ്രാമസഭകൾക്ക് സംസ്ഥാനങ്ങൾ നൽകിയിരിക്കുന്ന അധികാരങ്ങളും കടമകളും വിവിധ അളവുകളിലാണ്.

ഗ്രാമസഭകളുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കാനും ഗ്രാമസഭകളുടെ നേരിട്ടുള്ള പങ്കാളിത്തത്തിലൂടെ പരിപാടികൾ ആസൂത്രണം ചെയ്യാനും പ്രാവർത്തികമാക്കാനും ഭരണാധികാരം നടത്താനും പ്രയോജനപ്പെടുത്താനും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും മാർഗ്ഗനിർദ്ദേശങ്ങൾ ഈ അടുത്തകാലത്ത് എന്റെ മന്ത്രിസഭാകാര്യാലയം സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്. ഗ്രാമസഭാ മീറ്റിംഗുകളിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തുകൾ ബുദ്ധിമുട്ടുകൾ നേരിടുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും വർഷംതോറും ആദ്യം തന്നെ അവർ നടത്താൻ ഉദ്ദേശിക്കുന്ന മീറ്റിംഗുകൾക്ക് വിശാലമായ പരസ്യം കൊടുക്കുകയും മീറ്റിംഗുകൾ നടത്തുവാനുള്ള സമയം, തീയതി, സ്ഥലങ്ങൾ എന്നിവയെക്കുറിച്ച് വിവരം നൽകുന്ന ഒരു കലണ്ടർ പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്ന് ഞാൻ താൽപ്പര്യപ്പെടുന്നു. ഗ്രാമസഭാ മീറ്റിംഗുകൾ എല്ലാ ദൃശ്യമാധ്യമങ്ങളിൽ കൂടിയും രേഖപ്പെടുത്തുന്നതുകൊണ്ട് അവയ്ക്ക് സുതാര്യതയും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്താൻ കഴിയും. ഗ്രാമീണ ജനതയുടെ ഉപജീവന മാർഗ്ഗവും ജീവിത നിലവാരവും ഉയർത്തുന്നതിന് ഇത്തരത്തിലുള്ള പ്രത്യേക ഗ്രാമസഭാ മീറ്റിംഗുകൾ ഉപയോഗപ്രദമാകുന്നു. ഇത്തരത്തിലുള്ള മീറ്റിംഗുകളിൽ സർക്കാർ തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട എല്ലാ വ്യക്തികളുടെയും സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

ഒരു പഞ്ചായത്ത് പാസ്സാക്കുന്ന നിർദ്ദേശങ്ങൾ നിരൂപണം ചെയ്യുക, സ്വീകരിക്കുക, നിഷേധിക്കുക എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കാനും ഒരു പൗരന് ഇതിനുള്ള അവസരം നൽകുന്നതിനുമുള്ള ഒരേ ഒരു ചർച്ചാവേദി ഗ്രാമസഭ മാത്രമാണ്. ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഭരണ കാര്യങ്ങൾക്ക് സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുവാനും വേണ്ടി ഗ്രാമസഭാ അംഗങ്ങളുടെ മീറ്റിംഗുകൾ കാര്യക്ഷമമായും കൃത്യമായും നടത്തിക്കൊണ്ടുപോകാനുള്ള ഒരു ശക്തമായ മാധ്യമമായി ഇതിനെ ഉയർത്തുവാൻ നമുക്ക് ഗ്രാമസഭകളെ പ്രയോജനപ്പെടുത്താം.

*കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന 'പഞ്ചായത്തീരാജ്' ന്യൂസ്‌ലെറ്ററിന്റെ ആദ്യലക്കത്തിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി വി. കിശോർ ചന്ദ്ര ദിയോ നൽകിയ സന്ദേശത്തിന്റെ പ്രസക്തഭാഗം.*

കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന പഞ്ചായത്തീരാജ് ന്യൂസ്‌ലെറ്ററിൽ പഞ്ചായത്ത്‌രാജ് ഗ്രാമവികസന രംഗത്തെ സംബന്ധിക്കുന്ന വികസനമാതൃകാ പ്രവർത്തനങ്ങൾ, ലേഖനങ്ങൾ താഴെപറയുന്ന ഇ-മെയിൽ വിലാസങ്ങളിൽ അയയ്ക്കാവുന്നതാണ്. 250 വാക്കുകളിൽ കവിയാത്ത ലേഖനങ്ങൾ ഇംഗ്ലീഷിലോ, ഹിന്ദിയിലോ, പ്രാദേശികഭാഷയിലോ ഫോട്ടോഗ്രാഫുകൾ സഹിതമാണ് അയയ്ക്കേണ്ടത്.

mediadivision.mopr@gmail.com, moprapca@gmail.com, umarawla@yahoo.com

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012–17)

# വാർഷികപദ്ധതി മാർഗ്ഗരേഖ സംക്ഷിപ്തം

*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത അഞ്ചുവർഷത്തെ (2012–17) പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിനും രണ്ടുവാർഷികപദ്ധതികളുടെ പ്രോജക്ടുകൾ ഉൾപ്പടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു(സ.ഉ.(എം.എസ്)നമ്പർ.168/12/തസ്വഭവ തീയതി.15.06.2012.). എൺപത്തിഎട്ടുപേജുള്ള സമഗ്രമായ ഈ ഉത്തരവ് വിപുലവും എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതുമാണ്. പ്രായോഗികതലത്തിൽ പദ്ധതി നടത്തിപ്പിന് ഉതകുംവിധം ഇതിന്റെ ഒരു സംക്ഷിപ്തരൂപം പ്രവർത്തന കലണ്ടർ രൂപത്തിൽ തയ്യാറാക്കിയാൽ അത് ഈ രംഗത്ത് സമയബന്ധിതമായി കാര്യങ്ങൾ നടപ്പിലാക്കുവാൻ സഹായിക്കും എന്ന ചിന്തയാണ് ഇതോടൊപ്പം ചേർത്തിരിക്കുന്ന കലണ്ടർ തയ്യാറാക്കുന്നതിന് പ്രചോദനമായത്. പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധികൾ, പഞ്ചായത്ത് സെക്രട്ടറിമാർ, അക്കൗണ്ടന്റുമാർ, സൂപ്രണ്ടുമാർ, മറ്റു ജീവനക്കാർ എന്നിവരുടെ പ്രതിനിധികൾ പരിശോധിച്ച് അംഗീകരിച്ച ഈ സംക്ഷിപ്തം എല്ലാ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കും കൺവീനർമാർക്കും നൽകിയിട്ടുണ്ട്.*

*പ്രവർത്തന കമ്മിറ്റികൾ ഗ്രാമസഭയിലേക്കും വികസന സെമിനാറിനും തയ്യാറാക്കി നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും, അവ തയ്യാറാക്കുന്നതിന് മുൻകൂട്ടി പ്രവർത്തന കമ്മിറ്റി കൺവീനർമാർക്ക് എന്തൊക്കെ ഫാറങ്ങൾ, രേഖകൾ, നിർദ്ദേശങ്ങൾ നൽകണമെന്നും അവ എന്നാണ് നൽകേണ്ടതെന്നും അതുപോലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എപ്പോഴൊക്കെ കൂടണമെന്നും എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തണമെന്നും കാണിച്ച് ചില പ്രായോഗിക നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഈ കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്.*

*ഇതോടൊപ്പം ജില്ലാതലകൂടിയാലോചനാസമിതിയുടെ തീരുമാനപ്രകാരം പ്ലാൻക്ലാർക്കുമാർക്കുള്ള ഒരുദിവസ ട്രെയിനിംഗ് കൂടി ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിൽ നടത്തുന്നുണ്ട്.*

*പദ്ധതി പ്രവർത്തനങ്ങളിൽ മറ്റു ജില്ലകൾക്കും മാതൃകയാക്കാവുന്ന ഈ കുറിപ്പ് തീർച്ചയായും ഒരു റെഡിറെക്കണറിന്റെ സഹായം ചെയ്യും.*

**എ. സെയ്ദ്**
*പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ*
*പത്തനംതിട്ട*

### സംക്ഷിപ്ത രൂപം

**I. പ്ലാൻ കോർഡിനേറ്ററെ നിശ്ചയിക്കൽ: ജൂൺ 30നകം**

**II. പ്രവർത്തന കമ്മിറ്റി രൂപീകരണം**

പ്രവർത്തന കമ്മിറ്റിയിൽ (Working group) 7 മുതൽ 17 വരെ അംഗങ്ങളാകാം. ക്വാറം ആകെ അംഗങ്ങളുടെ മൂന്നിലൊന്ന്, ചെയർമാൻ, കൺവീനർ എന്നിവരുടെ ഹാജർ നിർബ്ബന്ധം.

**ചെയർപെഴ്സൺ** – സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ചെയർമാനല്ലാത്ത ഒരംഗം (ജനപ്രതിനിധി)

**പ്രവർത്തന കമ്മിറ്റികൾ**

| | കമ്മിറ്റിയുടെ പേര് | കൺവീനർ | ചെയർമാൻ സ്റ്റാ.ക. അംഗം |
|---|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | സെക്രട്ടറി | ധനകാര്യം |
| 2 | കൃഷിയും അനുബന്ധ മേഖലകളും | കൃഷി ആഫീസർ | വികസനം |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | വെറ്റിനറി സർജൻ | ” |
| 4 | ചെറുകിട വ്യവസായം | വി.ഇ.ഒ | ” |
| 5 | പൊതുമരാമത്ത് | അസി. എഞ്ചിനിയർ | ” |
| 6 | ദാരിദ്ര്യ ലഘൂകരണം | വി.ഇ.ഒ | ക്ഷേമകാര്യം |
| 7 | സാമൂഹ്യക്ഷേമം | ICDS സൂപ്പർവൈസർ | ” |
| 8 | പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം | വി.ഇ.ഒ | ” |
| 9 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | ICDS സൂപ്പർവൈസർ | ” |
| 10 | ആരോഗ്യം | മെഡിക്കൽ ആഫീസർ | ആരോഗ്യ വിദ്യാഭ്യാസം |
| 11 | കുടിവെള്ളം, ശുചിത്വം (മാലിന്യ പരിപാലനം) | അസി. എഞ്ചിനിയർ | ” |
| 12 | വിദ്യാഭ്യാസം, സംസ്ക്കാരം, കല, കായിക വികസനം, യുവജനക്ഷേമം | ഹെഡ്മാസ്റ്റർ | ” |
| 13 | മത്സ്യമേഖല | | |





പഞ്ചായത്ത് രാജ്




*12–ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറിമാർക്കുള്ള സംസ്ഥാനതല പരിശീലനത്തിൽ ആസൂത്രണ-ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് സംസാരിക്കുന്നു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു, ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി തുടങ്ങിയവർ വേദിയിൽ.*

പ്രവർത്തന കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം ഒരു ഉത്തരവായി സെക്രട്ടറി പുറപ്പെടുവിക്കേണ്ടതും അനുബന്ധം–4(3)ൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

**III. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം– ജൂലൈ 4**

പഞ്ചവത്സര പദ്ധതിയുടെ പ്രതീക്ഷിത വിഭവ സ്രോതസ്സുകൾ അനുബന്ധം 9(2) തയ്യാറാക്കുക. വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തലും ഏകദേശമായി തയ്യാറാക്കാം. മേഖലാ വകയിരുത്തലുകൾ, നിർബ്ബന്ധിത വകയിരുത്തലുകൾ എന്നിവയുടെയും ഒരു രൂപരേഖ തയ്യാറാക്കണം.

**IV. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം – ജൂലൈ 4**

പ്രവർത്തന കമ്മറ്റി യോഗങ്ങൾ, ഗ്രാമസഭകൾ എന്നിവയിൽ അവതരിപ്പിക്കുന്നതിലേക്കായി പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, നയസമീപനം എന്നിവയുടെ കരട് തയ്യാറാക്കുക.

**V. പ്രത്യേക ഉപസമിതിയുടെ ആദ്യയോഗം – ജൂലൈ 5**

പ്രവർത്തന കമ്മിറ്റികളുടെ ചെയർമാൻമാർ, കൺവീനർമാർ എന്നിവർ അംഗങ്ങളാണ്. സ്റ്റിയറിംഗ് കമ്മിറ്റിയാണ് യോഗം നിയന്ത്രിക്കേണ്ടത്. (P-19)

**അജണ്ട**

1. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേര്, മേൽവിലാസം എന്നിവ അടങ്ങുന്ന അനുബന്ധം 4(3) നൽകണം.
2. പ്രവർത്തന കമ്മിറ്റിയുടെ ആദ്യ പൊതുയോഗ തീയതി, സ്ഥലം, സമയം എന്നിവ നിശ്ചയിക്കണം.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗത്തിൽ അവതരിപ്പിക്കാനുള്ള നടപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ ഒരു ഇടക്കാല വിലയിരുത്തൽ റിപ്പോർട്ട് (പ്രസിഡന്റ്), 12–ാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച വികസന കാഴ്ചപ്പാട്, നയസമീപനം, മുൻഗണനകൾ എന്നിവ അതതു ഗ്രാമപഞ്ചായത്തുകളുടെ പ്രാദേശിക പശ്ചാത്തലം കൂടി കണക്കിലെടുത്ത് തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്. (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അവതരിപ്പിക്കേണ്ടതാണ്)
4. a) സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഘടന വിശദീകരിച്ച് അനുബന്ധം 5(1) നൽകണം.
   b) കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള അനുബന്ധം 5(2) നൽകണം.
   c) ഇപ്പോൾ നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ – അനുബന്ധം 5(3) നൽകണം.
   d) വിഷയ മേഖലയുടെ പ്രശ്നവിശകലനവും, പ്രശ്ന പരിഹാര സാദ്ധ്യതകളും രേഖപ്പെടുത്തുന്നതിനുള്ള അനുബന്ധം 5(4) നൽകണം.
   e) അനുബന്ധം 5(5) പ്രോജക്ട് നിർദ്ദേശ ഫാറം നൽകണം.
5. വിഭവ സ്രോതസ്സുകളും കരട് വകയിരുത്തലുകളും വിശദീകരിക്കുന്ന അനുബന്ധം 9(2) നൽകണം.
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും രേഖപ്പെടുത്താനുള്ള ഫാറം അനുബന്ധം 9(3) നൽകണം. 4–ാം ഇനത്തിൽ a b c d കരട് ഫാറങ്ങൾ പൂരിപ്പിച്ച് വേണം കൺവീനർമാർ പ്രവർത്തന കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടത്.
7. പദ്ധതിയുടെ മുൻഗണനകൾ, മേഖലകൾക്കും പ്രത്യേക വിഭാഗങ്ങൾക്കുമുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ (അനുബന്ധം – 1,2 എന്നിവ) പകർപ്പുകൂടി നൽകണം.

8) കഴിഞ്ഞ 5 വർഷത്തെ അന്തിമ വാർഷിക പദ്ധതി കണക്കുകളുടെ പ്രിന്റൗട്ട്.

**VI. പ്രവർത്തന കമ്മിറ്റിയുടെ ആദ്യയോഗം – ജൂലൈ 9/10 തീയതികളിൽ**



*12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച് നഗരപാലികാ സ്ഥാപനങ്ങളിലെ ചെയർപെഴ്സൺ/സെക്രട്ടറിമാർക്കുള്ള സംസ്ഥാനതല പരിശീലനം നഗരകാര്യ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി ഉദ്ഘാടനം ചെയ്യുന്നു.*

**അജണ്ട**

ആമുഖം, നടപ്പ് പദ്ധതിയുടെ വിലയിരുത്തൽ - **പ്രസിഡന്റ്**

12-ാം പദ്ധതി വികസന കാഴ്ചപ്പാട്, നയസമീപനം - **വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ**

മുൻഗണനകൾ (പഞ്ചായത്തിന്റെ പശ്ചാത്തലത്തിൽ)

പ്രവർത്തന കമ്മിറ്റിയുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ **- സെക്രട്ടറി**

പ്രവർത്തന വിശദീകരണം

വർക്കിംഗ് ഗ്രൂപ്പടിസ്ഥാനത്തിലുള്ള ചർച്ചകൾ - **അദ്ധ്യക്ഷൻ: ജനപ്രതിനിധി (ചെയർപേഴ്സൺ)**

സ്റ്റാറ്റസ് റിപ്പോർട്ട്, അനുബന്ധം 5(2), 5(3), 5(4), 9(2), 9(3) **- കൺവീനർ** (അവതാരകൻ തയ്യാറാക്കണം)

എന്നിവയിന്മേലുള്ള പ്രാഥമിക ചർച്ച

അനുബന്ധം 5(5) കരട് പ്രോജക്ട് നിർദ്ദേശങ്ങളും ബാങ്ക്, സ്റ്റേക്ക്ഹോൾഡേഴ്സ് എന്നിവരുമായി ചർച്ചയ്ക്കുള്ള തീയതികൾ നിശ്ചയിക്കൽ, രണ്ടാമത്തെ യോഗ തീയതി തീരുമാനിക്കൽ, പ്ലീനറി സെഷൻ.

**VII. കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളുടെ യോഗം: ജൂലൈ 12ന്**

മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിലേക്കായി അനുബന്ധം - 2 പ്രകാരമുള്ള പ്രൊഫോർമയിൽ നിർദ്ദേശങ്ങൾ സ്വരൂപിക്കണം.

**VIII. വർക്കിംഗ് ഗ്രൂപ്പുകളുടെ രണ്ടാമത്തെ യോഗം: ജൂലൈ 16ന്**

a) ഗ്രാമസഭയിൽ അവതരിപ്പിക്കാനായി സ്റ്റാറ്റസ് റിപ്പോർട്ട് കരട് അനുബന്ധങ്ങൾ എന്നിവ രൂപപ്പെടുത്തുക.

b) ഗ്രാമസഭകളുടെ ഗ്രൂപ്പ് ചർച്ചകൾ നയിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് ചുമതല നൽകുക.

c) ഗ്രാമസഭയുടെ പ്രചരണ രീതികൾ നിശ്ചയിക്കുക.

**IX. പഞ്ചായത്തു കമ്മിറ്റി യോഗം: ജൂലൈ 17ന്**

വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരെ കൂടി പങ്കെടുപ്പിക്കണം.

ഗ്രാമസഭാ തീയതികൾ നിശ്ചയിക്കുക.

ജൂലൈ 20-30 വരെ

പ്രചരണ പരിപാടികൾ നിശ്ചയിക്കുക.

ഗ്രാമസഭാ യോഗങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമസഭയ്ക്കു മുൻപ് കുട്ടികൾ, യുവജനങ്ങൾ, വൃദ്ധർ, വികലാംഗർ മുതലായവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും യോഗനിർദ്ദേശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും വേണ്ടതാണ്.

റസിഡൻസ് അസോസിയേഷനുകളും അയൽ സഭകളും സംഘടിപ്പിക്കേണ്ടതാണ്.

പരമാവധി അംഗങ്ങളെ ഗ്രാമസഭയിൽ എത്തിക്കുന്നതിന് പഞ്ചായത്തംഗങ്ങളുടെ ചുമതലയിൽ പ്രവർത്തനം ആവിഷ്ക്കരിക്കേണ്ടതാണ്.

ഗ്രാമസഭാ കോ-ഓർഡിനേറ്റർമാരെ നിശ്ചയിച്ച് ഉത്തരവ് നൽകണം.

X.**തദ്ദേശ ഗ്രാമസഭകൾ: 20.7.2012 മുതൽ 30.7.20012 വരെ**

കാര്യപരിപാടി - അനുബന്ധം 7 പ്രകാരം.

സ്റ്റാറ്റസ് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശങ്ങളും (വർഷം തിരിച്ച് 2012-13 വരെയുള്ളത്)

പ്രവർത്തന കമ്മിറ്റിയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തണം. അതത് ഗ്രൂപ്പുകളിൽ അവതരണത്തിന് വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ നിയോഗിക്കണം.

ഓരോ ഗ്രൂപ്പിൽ നിന്നും ഒരാളെ വീതം വികസന സെമിനാറിലേക്ക് പ്രതിനിധിയായി തെരഞ്ഞെടുക്കണം. ഗ്രൂപ്പ് ചർച്ചയുടെ മിനിറ്റ്സ്, ഹാജർ രജിസ്റ്റർ, ഫോട്ടോഗ്രാഫ്, ഗ്രാമസഭാ മിനിറ്റ്സ് എന്നിവ കോർഡിനേറ്റർമാർ തയ്യാറാക്കണം.പട്ടികവർഗ്ഗ മേഖലയിൽ ഊരുകൂട്ടങ്ങൾ വിളിച്ച് ചേർക്കേണ്ടതാണ്.

**XI. വർക്കിംഗ് ഗ്രൂപ്പുകളുടെ മൂന്നാമത് യോഗം - ആഗസ്റ്റ് 4**

ഓരോ ഗ്രാമസഭയിലും ഗ്രൂപ്പടിസ്ഥാനത്തിൽ നടന്ന ചർച്ചകളുടെ കുറിപ്പുകൾ ക്രോഡീകരിച്ച് മൂന്നാമത്തെ വർക്കിംഗ് ഗ്രൂപ്പിൽ അതതു കൺവീനർമാരെ ഏല്പിക്കണം. ഇതിന് പ്ലാൻ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തണം. ഇതു കൂടി കണക്കിലെടുത്ത് ഓരോ വർക്കിംഗ് ഗ്രൂപ്പും സ്റ്റാറ്റസ് റിപ്പോർട്ടിനും അഞ്ചു വർഷത്തേക്ക് വാർഷികാടിസ്ഥാനത്തിൽ ഉള്ളതുമായ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകണം. ഓരോ മേഖലയിലും നിർദ്ദേശിക്കപ്പെട്ട പ്രോജക്ടുകൾ കൂടി ക്രോഡീകരിച്ച് അനുബന്ധം-10 പ്രകാരമുള്ള സമഗ്ര പരിപാടികളും തയ്യാറാക്കണം.

**XII. പ്രത്യേക ഉപസമിതിയുടെ രണ്ടാമത് യോഗം - ആഗസ്റ്റ് 7ന്**

അദ്ധ്യക്ഷൻ - പഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ - സെക്രട്ടറി

വികസന രേഖ - അനുബന്ധം 8

പദ്ധതി രേഖ - അനുബന്ധം - 9(1) എന്നിവ തയ്യാറാക്കണം.

വികസന രേഖയും കരട് പദ്ധതി രേഖയും മതിയായ പ്രതികൾ അച്ചടിക്കണം.

വികസന സെമിനാറിനുള്ള ക്ഷണക്കത്തും അച്ചടിക്കണം.

**XIII. ഏകദിന വികസന സെമിനാർ ആഗസ്റ്റ് 16**

പങ്കെടുക്കേണ്ടവർ - ഖണ്ഡിക 11.10(ഡി) പേജ് 21 പ്രകാരം

യോഗ നടപടിക്രമം - അനുബന്ധം 7 ലെ പോലെ (p-21)

അനുബന്ധം (8)പറഞ്ഞ പ്രകാരമുള്ള വികസന രേഖയും അനുബന്ധം 9(1) പറഞ്ഞപ്രകാരം തയ്യാറാക്കിയിട്ടുള്ള കരട് പദ്ധതിരേഖയും അച്ചടിച്ച് വികസന സെമിനാറിൽ പങ്കെടുക്കുന്നവർക്ക് നൽകേണ്ടതാണ്.

**XIV. പ്ലാനിംഗ്- പ്രത്യേക ഉപസമിതിയോഗം - ആഗസ്റ്റ് 20-21 തീയതികളിൽ**

വികസന സെമിനാറിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് വികസനരേഖയ്ക്ക് അന്തിമരൂപം നൽകണം. പദ്ധതിരേഖ അന്തിമമാക്കാൻ കമ്മിറ്റി മുമ്പാകെ ശുപാർശ തയ്യാറാക്കി നൽകാം.

**XV. പഞ്ചായത്ത് കമ്മിറ്റിയുടെ യോഗം - ആഗസ്റ്റ് 22ന്**

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശകൂടി കണക്കിലെടുത്ത് പദ്ധതി അടങ്കൽ, വിഷയ മേഖലകൾ, വിഭാഗങ്ങൾ എന്നിവയ്ക്കുള്ള വകയിരുത്തലുകൾ തീരുമാനിക്കണം.

വികസന രേഖ അന്തിമമായി അംഗീകരിച്ച് അച്ചടിക്കണം.

**XVI. പ്രവർത്തന കമ്മിറ്റികളുടെ അഞ്ചാമത് യോഗം - ആഗസ്റ്റ് 30നകം.**

അജണ്ട - ആദ്യത്തെ രണ്ടു വർഷ പ്രോജക്ടുകൾ തയ്യാറാക്കൽ.

പ്രവർത്തന കമ്മിറ്റി കൺവീനർ/ നിർവ്വഹണോദ്യോഗസ്ഥനാണ് ചുമതല.

പ്രോജക്ടുകൾ നിശ്ചിത ഫാറത്തിൽ എഴുതി തയ്യാറാക്കി സുലേഖാ സോഫ്റ്റ്വെയർ ഉപയോഗിച്ച് പ്രോജക്ട് രേഖയുടെ പ്രിന്റ് എടുക്കേണ്ടതാണ്.

**XVII. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ - സെപ്റ്റംബർ 4നകം.**

അതത് സ്റ്റാന്റിംഗ് കമ്മിറ്റി കീഴിൽ വരുന്ന ഓരോ പ്രോജക്ടുകളും കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണം.

**XVIII. സ്റ്റിയറിംഗ് കമ്മിറ്റി യോഗം - സെപ്റ്റംബർ 4.**

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു നൽകിയ പ്രോജക്ടുകൾ ക്രോഡീകരിച്ച് പദ്ധതിക്ക് അന്തിമ രൂപം നൽകണം.

**XIX. പഞ്ചായത്ത് കമ്മിറ്റി യോഗം - സെപ്റ്റംബർ 5,6,7.**

പദ്ധതി മൂന്ന് പൂർണ്ണ ദിവസത്തെ ചർച്ചയ്ക്കു ശേഷമായിരിക്കണം അംഗീകരിക്കേണ്ടത്.

അന്തിമ പദ്ധതി രേഖ അച്ചടിക്കണം.

പദ്ധതിയുടെ മുൻഗണനകൾ, മേഖലകൾക്കുള്ള പ്രത്യേക നിബന്ധനകൾ, വകയിരുത്തൽ നിർദ്ദേശങ്ങൾ സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ മനസ്സിലാക്കി പാലിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടില്ലാത്ത നിർദ്ദേശങ്ങൾ സൂചകങ്ങളായി മാത്രം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കാം.

**ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:**

1. പഞ്ചായത്ത് രാജ് ആക്ട് പട്ടിക 3ൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ നിറവേറ്റുന്നതിനായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. നിയമപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും സർക്കാർ ഏല്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല.
2. ഒരു സാമ്പത്തിക വർഷം പദ്ധതിക്ക് വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 10% അധികരിച്ച തുക അടുത്ത സാമ്പത്തിക വർഷം പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നതിന് ജില്ലാ പെർഫോമൻസ് ആഡിറ്റ് ആഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്.

**3. നിർബന്ധമായും വികസന ഫണ്ടിൽ നിന്നും വകയിരുത്തേണ്ടവ**

എ)അങ്കണവാടി പൂരക പോഷകാഹാരം, ടി.എച്ച്.ആർഎസ്, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരം, സബല എന്നിവയ്ക്കുള്ള ഫണ്ട്.

ബി) എസ്.എസ്.എ. പ്രോജക്ട് ഫണ്ട്.

സി)വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവർ എന്നിവർക്കും പാലിയേറ്റീവ് കെയറിനുമുള്ള പ്രോജക്ടുകൾ.

**4. മേഖലാ വകയിരുത്തൽ**

എ) വികസനഫണ്ടിന്റെ 45% കൂടാത്ത തുക മാത്രമേ പശ്ചാത്തല മേഖലയ്ക്ക് നീക്കിവയ്ക്കാവൂ.

ബി) കുട്ടികൾ, വൃദ്ധർ, വികലാംഗർ മറ്റു ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് വേണ്ടി ചുരുങ്ങിയത് 5 ശതമാനം തുകയും വനിതാ ഘടകപദ്ധതിക്ക് 10 ശതമാനം തുകയും നീക്കി വയ്ക്കണം.

**5. സ്പെഷ്യൽ സ്ക്കൂളുകൾക്ക് മുൻഗണന**

ആദ്യവർഷം സ്പെഷ്യൽ സ്ക്കൂളുകൾക്ക് മുൻഗണന നൽകണം.



## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012–17)

# കിലയുടെ ഒന്നാംഘട്ട പരിശീലനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012–17) കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖ ദീർഘവീക്ഷണ കാഴ്ചപ്പാടോടുകൂടി ഓരോ പ്രാദേശിക സർക്കാരുകളും പഞ്ചവത്സര പദ്ധതിയും പ്രോജക്ടുകളുടെ സംഗ്രഹവും തയ്യാറാക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. അതിലേക്ക് പ്രാദേശികാസൂത്രണം സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായ പരിശീലന പരിപാടികളാണ് 2012 ജൂൺ 20 മുതൽ ജൂലായ് 6 വരെ 'കില' രൂപകല്പന ചെയ്ത് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അദ്ധ്യക്ഷൻ, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വർക്കിംഗ് ഗ്രൂപ്പ് (പ്രവർത്തന കമ്മിറ്റി) ഭാരവാഹികളായ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ എന്നിവർക്ക് സംസ്ഥാന, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലാണ് 356 ബാച്ചുകളിലായി പരിശീലനംസംഘടിപ്പിക്കപ്പെട്ടത്. ഈ ബൃഹത് പരിശീലന യജ്ഞത്തിൽ 16 ദിവസംകൊണ്ട് ഏകദേശം 32,000 പേരാണ് പരിശീലന പങ്കാളികളായത്.

പരിശീലനത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 350 മാസ്റ്റർ ട്രെയിനർമാരെയാണ് കില സജ്ജരാക്കിയത്. സംസ്ഥാനതല പരിശീലനങ്ങളിൽ ഡോ. പി. പി. ബാലൻ (ഡയറക്ടർ കില), ഡോ. ജെ.ബി. രാജൻ (കോഴ്സ് ഡയറക്ടർ, കില), ഡോ. എബി ജോർജ്ജ് (അസി. പ്രൊഫസർ, കില), ഡോ. സണ്ണി ജോർജ്ജ് (അസോസിയേറ്റ് പ്രൊഫസർ, കില) ഡോ. പീറ്റർ എം. രാജ് (അസോസിയേറ്റ് പ്രൊഫസർ, കില), യു.വി. ബാബുരാജ് (ട്രെയിനിംഗ് കോർഡിനേറ്റർ) എന്നിവർ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ നൽകി. സംസ്ഥാനതല പരിശീലനത്തിന്റെ സംഘാടനം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG) സ്തുത്യർഹമായി നിർവ്വഹിച്ചു. മുഖ്യാതിഥികളായി സംസ്ഥാന

**2012 സെപ്തംബർ 7നകം തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ പദ്ധതികളും പ്രോജക്ടുകളും അന്തിമമാകുന്ന തരത്തിലുള്ള പ്രവർത്തന കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ കരുപിടിപ്പിക്കുവാൻ പരിശീലനത്തിൽ ധാരണയായി. ഇതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ വികസന സെമിനാർ ചുവടെപ്പറയും പ്രകാരം സംഘടിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പരിപാടി പ്രഖ്യാപിക്കുവാനും കരട് വികസനരേഖ പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.**

**ഗ്രാമ പഞ്ചായത്ത് – ആഗസ്റ്റ് 16**
**ബ്ലോക്ക് പഞ്ചായത്ത് – ആഗസ്റ്റ് 24**
**ജില്ലാ പഞ്ചായത്ത് – ആഗസ്റ്റ് 30**
**നഗരപാലിക സ്ഥാപനങ്ങൾ – ആഗസ്റ്റ് 23**

മന്ത്രിമാരായ ഡോ. എം.കെ. മുനീർ, കെ.സി. ജോസഫ്, മഞ്ഞളാംകുഴി അലി, പി.കെ. ജയലക്ഷ്മി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ. കെ.എം. ചന്ദ്രശേഖർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷൻ ഭാരവാഹികൾ, പഞ്ചായത്ത് ഗ്രാമവികസന, നഗരാസൂത്രണ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു. ജില്ലാതല പരിശീലനങ്ങൾ ജില്ലാ ആസൂത്രണസമിതി ചെയർമാന്മാരുടെ നേതൃത്വത്തിലും ജില്ലാ പ്ലാനിംഗ് ആഫീസർമാരുടെ ഉത്തരവാദിത്തത്തിലുമാണ് നടന്നത്. ജില്ലാതല അക്കാദമിക് കാര്യങ്ങളുടെ ചുമതലകൾ 'കില' നിയോഗിച്ച ജില്ലാ കോർഡിനേറ്റർമാർക്കായിരുന്നു.

2012 സെപ്തംബർ 7നകം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതികളും പ്രോജക്ടുകളും അന്തിമമാകുന്ന തരത്തിലുള്ള പ്രവർത്തന കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ കരുപിടിപ്പിക്കുവാൻ പരിശീലനത്തിൽ ധാരണയായി. ഇതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ വികസന സെമിനാർ ചുവടെപ്പറയും പ്രകാരം സംഘടിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പരിപാടി പ്രഖ്യാപിക്കുവാനും കരട് വികസനരേഖ പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.

ഗ്രാമ പഞ്ചായത്ത് – ആഗസ്റ്റ് 16
ബ്ലോക്ക് പഞ്ചായത്ത് – ആഗസ്റ്റ് 24
ജില്ലാ പഞ്ചായത്ത് – ആഗസ്റ്റ് 30
നഗരപാലിക സ്ഥാപനങ്ങൾ – ആഗസ്റ്റ് 23

*തയ്യാറാക്കിയത്: **ഡോ. ജെ.ബി. രാജൻ**, കില*

| ക്രമ നമ്പർ | പരിശീലന തലം | പരിശീലന പങ്കാളികൾ | |
|---|---|---|---|
| | | എണ്ണം | ശതമാനം |
| 1 | *സംസ്ഥാനതല പരിശീലനം:* തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും | 2192 | 91 |
| 2 | *ജില്ലാതല പരിശീലനം:* വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ | 3428 | 86 |
| 3 | *ബ്ലോക്ക്തല പരിശീലനം:* വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ | 25648 | 67 |
| **4** | **ആകെ** | **31268** | **82** |

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഒന്നാംഘട്ട പരിശീലനം – സംസ്ഥാനതലം**
(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും)

| വിഭാഗം | പങ്കാളികൾ | | | |
|---|---|---|---|---|
| | പ്രസിഡന്റ് ചെയർപേഴ്സൺ/മേയർ | സെക്രട്ടറി | ആകെ | ശതമാനം |
| ഗ്രാമപഞ്ചായത്തുകൾ | 854 | 918 | 1772 | 90.59 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 135 | 147 | 282 | 92.76 |
| ജില്ലാ പഞ്ചായത്ത് | 11 | 14 | 25 | 89.29 |
| മുനിസിപ്പാലിറ്റി | 51 | 56 | 107 | 89.17 |
| കോർപ്പറേഷൻ | 3 | 3 | 6 | 60.00 |
| **ആകെ** | **1054** | **1138** | **2192** | **91** |

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഒന്നാംഘട്ട പരിശീലനം – ജില്ലാതലം (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്ക്)**

| ക്രമ നമ്പർ | ജില്ല | ആകെ | | % |
|---|---|---|---|---|
| | | ക്ഷണിതാക്കൾ | പങ്കെടുത്തവർ | |
| 1 | തിരുവനന്തപുരം | 292 | 213 | 72.95 |
| 2 | കൊല്ലം | 280 | 229 | 81.79 |
| 3 | പത്തനംതിട്ട | 220 | 202 | 91.82 |
| 4 | ആലപ്പുഴ | 292 | 250 | 85.62 |
| 5 | കോട്ടയം | 292 | 217 | 74.32 |
| 6 | ഇടുക്കി | 216 | 148 | 68.52 |
| 7 | എറണാകുളം | 336 | 341 | 101.49 |
| 8 | തൃശൂർ | 352 | 310 | 88.07 |
| 9 | പാലക്കാട് | 364 | 313 | 85.99 |
| 10 | മലപ്പുറം | 430 | 381 | 88.60 |
| 11 | കോഴിക്കോട് | 300 | 284 | 94.67 |
| 12 | വയനാട് | 100 | 87 | 87.00 |
| 13 | കണ്ണൂർ | 326 | 304 | 93.25 |
| 14 | കാസർകോട് (ബ്ലോക്ക് പഞ്ചായത്തടക്കം) | 172 | 149 | 86.63 |
| | **ആകെ** | **3972** | **3428** | **86.30** |

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഒന്നാംഘട്ട പരിശീലനം – ബ്ലോക്ക്തലം**
**(വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികളായ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ എന്നിവർക്ക്)**

| ജില്ല | ആകെ | | % |
|---|---|---|---|
| | ക്ഷണിതാക്കൾ | പങ്കെടുത്തവർ | |
| തിരുവനന്തപുരം | 3003 | 2088 | 69.53 |
| കൊല്ലം | 2730 | 1808 | 66.23 |
| പത്തനംതിട്ട | 2067 | 1099 | 53.17 |
| ആലപ്പുഴ | 2886 | 1820 | 63.06 |
| കോട്ടയം | 2722 | 1875 | 68.88 |
| ഇടുക്കി | 2067 | 1298 | 62.80 |
| എറണാകുളം | 4095 | 3008 | 73.46 |
| തൃശൂർ | 3588 | 2507 | 69.87 |
| പാലക്കാട് | 3201 | 2023 | 63.20 |
| മലപ്പുറം | 3861 | 2397 | 62.08 |
| കോഴിക്കോട് | 3081 | 2216 | 71.92 |
| വയനാട് | 1092 | 826 | 75.64 |
| കണ്ണൂർ | 2652 | 1647 | 62.10 |
| കാസർകോട് | 1560 | 1036 | 66.41 |
| **ആകെ** | **38605** | **25648** | **66.44** |



## പഞ്ചവത്സര പദ്ധതി: തദ്ദേശസ്ഥാപനചരിത്രത്തിലെ വൻ മാറ്റം

**– മന്ത്രി കെ.സി. ജോസഫ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതി കേരളത്തിന്റെ ചരിത്രത്തിലെ വലിയ മാറ്റമാണെന്നും അത് കാണാതെ പോകരുതെന്നും ആസൂത്രണ–ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. 12–ാം പഞ്ചവത്സര പദ്ധതി മാർഗരേഖ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചതും ശ്രദ്ധേയമായ മാറ്റമാണ്. പദ്ധതി ചെലവിന്റെ സിംഹഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്. ഇത് ക്രമക്കേടുകൾക്ക് വഴിവെയ്ക്കുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലൂടെ അനാവശ്യതടസ്സങ്ങളും കാലതാമസവുമൊഴിവാക്കി സുതാര്യത ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. കിലയുടെ ആഭിമുഖ്യത്തിലൂള്ള പരിശീലന പരിപാടി പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്തു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂ അദ്ധ്യക്ഷനായി. കില ഡയറക്ടർ ഡോ. പി.പി. ബാലൻ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ജെ. സദാനന്ദൻ, അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി തുടങ്ങിയവർ പങ്കെടുത്തു.

ഉദയഭാനു കണ്ടേത്ത്

# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും




**ഓഡിറ്റിൽ കണ്ടുപിടിക്കുന്ന കഴിഞ്ഞ വർഷത്തെ തെറ്റുകൾ തന്നാണ്ടിലെ കണക്കിൽ ഉൾപ്പെടുത്തിയാണ് പരിഹരിക്കേണ്ടത്. ഈ തുക ഇപ്പോഴും ലഭിക്കേണ്ട തുകയായിത്തന്നെ സാംഖ്യയിൽ കാണിച്ചിരിക്കും. വസ്തു നികുതിയാണെങ്കിൽ ലഭിക്കേണ്ട വസ്തു നികുതി (കുടിശ്ശിക) എന്ന ഹെഡിന് ക്രെഡിറ്റ് നൽകി ഇന്നേദിവസം രസീത് രേഖപ്പെടുത്തണം. ഒപ്പം ലൈബ്രറി സെസ്, പിഴപ്പലിശ എന്നിവയ്ക്കും ക്രെഡിറ്റ് നൽകണം. രസീതിന്റെ മൊത്തം തുക കൗണ്ടറിൽ അടയ്ക്കുകയും വേണം.**

*? സാംഖ്യ നടപ്പാക്കിയ പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും കമ്പ്യൂട്ടറിൽ ഉണ്ടല്ലോ. പിന്നെന്തിനാണ് ദിവസവും വൈകുന്നേരം കാഷ് ബുക്ക് സമ്മറിയുടെയും ബാങ്ക് ബുക്കുകളുടെയും പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നത്?*

ഓരോ ദിവസത്തെയും ഇടപാടുകൾ ശരിതന്നെയാണെന്ന് അതതു ദിവസം വൈകുന്നേരം തന്നെ ഉറപ്പുവരുത്തുന്നതിനാണ് ഇക്കാര്യം നിർബന്ധമാക്കിയിരിക്കുന്നത്. നാലുതരം തുകകളുടെ ആകെത്തുകയാണ് ഓരോ ദിവസവും വൈകുന്നേരം കാഷ് ബാലൻസായി കാഷ് ബുക്കിൽ കാണുക.

i. അന്നേ ദിവസത്തെ കളക്ഷൻ ഇനത്തിൽ തനതു ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ട തുക.
ii. ചെസ്റ്റിൽ സൂക്ഷിച്ച് കാഷ് ആയി വിതരണം ചെയ്യേണ്ട തുകകൾ (ഉദാ: തൊഴിലില്ലായ്മ വേതനം).
iii. സർക്കാർ അക്കൗണ്ടിൽ ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ട തുകകൾ (ഉദാ: പെൻഷൻ മണിയോഡർ റിട്ടേൺ).
iv. മറ്റേതെങ്കിലും ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ട തുകകൾ (ഉദാ: ദുരിതാശ്വാസ നിധി).

എന്നാൽ ഇതിൽ കൂടുതൽ തുക കാഷ് ബാലൻസ് ആയി കാണുന്നുവെങ്കിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് മനസ്സിലാക്കാം. ആ തെറ്റ് തിരുത്തുകയും ചെയ്യാം. താഴെ പറയുന്നവയിൽ ഏതെങ്കിലുമാവാം ആ തെറ്റ്.

i. മുൻ ദിവസങ്ങളിലെ കളക്ഷൻ ബാങ്കിൽ അടച്ചിട്ടുണ്ടാവാമെങ്കിലും സാംഖ്യയിൽ കോൺട്ര എൻട്രി രേഖപ്പെടുത്താൻ വിട്ടു പോയി.
ii. സെൽഫ് ചെക്ക് വഴി പിൻവലിച്ച തുകയ്ക്ക് കോൺട്ര എൻട്രി രേഖപ്പെടുത്തി; എന്നാൽ തുകയുടെ വിതരണം കാഷ് പേയ്മെന്റ് ആയി രേഖപ്പെടുത്തുന്നതിനു പകരം തെറ്റായി ചെക്ക് പേയ്മെന്റ് ആയി രേഖപ്പെടുത്തി.
iii. വൈകുന്നേരം കാഷ് ബാലൻസ് എണ്ണി തിട്ടപ്പെടുത്തിയില്ല;അതിനാൽ ലഭിച്ച ഒരു ചെക്കിനുള്ള രസീതിന്റെ കാര്യത്തിൽ ഇൻസ്ട്രുമെന്റ് കാഷ് എന്നു തെറ്റായി രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെടാതെ പോയി.
iv. മണിയോഡർ റിട്ടേൺ ആയി ലഭിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ അടച്ചു; എന്നാൽ സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തിയില്ല.
v. കുറേ പേയ്മെന്റ് ഓർഡറുകൾ സാംഖ്യയിൽ രേഖപ്പെടുത്തി, സെക്രട്ടറി അവ അപ്രൂവ് ചെയ്യാതെ വെച്ചു, എന്നാൽ ബില്ലുകൾ പാസ്സാക്കി, കാഷ് വിതരണം ചെയ്തു; പേയ്മെന്റ് ഓഡർ സെക്രട്ടറി അപ്രൂവ് ചെയ്യാത്തതു കാരണം കാഷ് പേയ്മെന്റ് സാംഖ്യയിൽ രേഖപ്പെടുത്തിയില്ല.

നേരേമറിച്ച്, യഥാർത്ഥത്തിൽ കാണേണ്ടതിനേക്കാൾ കുറവ് തുകയായിരിക്കാം ഒരു പക്ഷേ കാഷ് ബുക്കിൽ നീക്കിയിരിപ്പായി കാണുന്നത്. ഇത് മറ്റു ചില തെറ്റുകളുടെ ഫലമാണ്.

*ഉദാഹരണം*

i. യഥാർത്ഥത്തിൽ അടയ്ക്കേണ്ടതിനെക്കാൾ കൂടുതൽ തുക കളക്ഷൻ ഇനത്തിൽ ബാങ്കിൽ അടച്ച് കോൺട്ര എൻട്രി രേഖപ്പെടുത്തി.
ii. ശരിയായ തുക തന്നെ ബാങ്കിൽ അടച്ചെങ്കിലും കൂടുതൽ തുകയ്ക്ക് കോൺട്ര എൻട്രി തെറ്റായി രേഖപ്പെടുത്തി.
iii. യഥാർത്ഥത്തിൽ വേണ്ടതിനെക്കാൾ കൂടുതൽ തുക കാഷ് പേയ്മെന്റ് ആയി സാംഖ്യയിൽ രേഖപ്പെടുത്തി.

ഓരോ ദിവസവും വൈകുന്നേരം കാഷ് ബാലൻസ് എണ്ണി തിട്ടപ്പെടുത്തണം, പ്രസ്തുത ബാലൻസ് കാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് തന്നെയാണെന്ന് ഉറപ്പു വരുത്തണം, തെറ്റുകളുണ്ടെങ്കിൽ തിരുത്തണം.

കാഷ് ആയി ലഭിച്ച തുകകളും കാഷ് ആയി നൽകിയ തുകകളും ശരിയായി തന്നെയാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാഷ് ബുക്കിന്റെ പ്രിന്റൗട്ട് വഴി അക്കൗണ്ടന്റ് സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തണം, അക്കൗണ്ടന്റ് പതിവായി ഇപ്രകാരം ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ചെക്ക് മുഖേനയുള്ള എല്ലാ രസീതുകളും ചെക്ക് മുഖേനയുള്ള എല്ലാ പേയ്മെന്റുകളും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വൗച്ചറുകളും ബാങ്ക് ബുക്കുകളുടെ പ്രിന്റൗട്ടുകളും വഴി അക്കൗണ്ടന്റ് സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തണം, അക്കൗണ്ടന്റ് പതിവായി ഇപ്രകാരം ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

*? ബാങ്ക് റിക്കൺസിലിയേഷൻ നടത്തുമ്പോൾ പഞ്ചായത്തിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസിനേക്കാൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് കൂടുതലോ കുറവോ ആയേക്കാം. ഈ വ്യത്യാസം ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലൂടെ വിശദമാക്കുന്നു. എന്നാൽ ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കണമെങ്കിൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും ട്രഷറി അക്കൗണ്ടിനുള്ള പഞ്ചായത്തിന്റെ ബാങ്ക് ബുക്കിലെ ബാലൻസും ഒന്നുതന്നെയായിരിക്കണമെന്ന് ചിലർ നിർബന്ധിക്കുന്നു. ഇതെങ്ങനെ സാദ്ധ്യമാവും.*

പലപ്പോഴും സാദ്ധ്യമായെന്ന് വരില്ല. ഉദാഹരണത്തിന് ലെറ്റർ ഓഫ് അതോറിറ്റി മുഖേന പഞ്ചായത്ത് ബാങ്ക് ബുക്കിൽ വരവുവെച്ച തുക, ഒരുപക്ഷേ ലെറ്റർ ഓഫ് അതോറിറ്റിയുടെ ട്രഷറി കോപ്പി ലഭിക്കാത്തതിനാൽ ട്രഷറി അക്കൗണ്ടിൽ വരവായി രേഖപ്പെടുത്തുവാൻ വിട്ടുപോയിരിക്കാം. ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ വ്യത്യാസം എടുത്തു കാണിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാം. അതല്ലാതെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തന്നെയായിരിക്കണം ട്രഷറി അക്കൗണ്ടിനു വേണ്ടിയുള്ള പഞ്ചായത്തിലെ ബാങ്ക് ബുക്കിലെ ബാലൻസും എന്ന് ആരും നിർബന്ധിക്കുകയില്ല. ഇവ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കുകയും തുടർ നടപടികൾ കൈക്കൊണ്ട് വ്യത്യാസം ഇല്ലാതാക്കുകയുമാണ് വേണ്ടത്.

*? ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം എന്താണ്?*

തന്നാണ്ടിൽ ലഭിക്കാൻ അർഹതപ്പെട്ട വരുമാനമാണ് ഇൻകം; തന്നാണ്ടിൽ ചെയ്യാൻ ബാദ്ധ്യതയുള്ള ചെലവാണ് എക്സ്പെൻഡിച്ചർ. എന്നാൽ തന്നാണ്ടിൽ വന്നുചേർന്ന തുകയെ റസീറ്റ് എന്നു പറയുന്നു. ഈ തുകയിൽ കഴിഞ്ഞ ആണ്ടുകളിൽ ലഭിക്കേണ്ടിയിരുന്നതും കുടിശ്ശികയായിത്തീർന്നതുമായ തുകകൾ കണ്ടേക്കാം. ഒരു പക്ഷേ അടുത്ത വർഷങ്ങളിലേക്കു വേണ്ടി മുൻകൂർ ആയി ലഭിച്ച തുകകളുമുണ്ടാവാം. പേയ്മെന്റ് എന്നു വിശേഷിപ്പിക്കുന്നത് തന്നാണ്ടിൽ നൽകിയ പണത്തെയാണ്. ഇതിൽ കുടിശ്ശിക തുകകളും അടുത്ത വർഷത്തേക്ക് മുൻകൂർ ആയി നൽകിയ തുകകളുമുണ്ടാവാം. വരുമാനവും ചെലവും താരതമ്യം ചെയ്ത് തന്നാണ്ടിലെ പ്രവർത്തന ഫലം മിച്ചമോ കമ്മിയോ എത്ര മിച്ചം/കമ്മി എന്നീ വിവരങ്ങൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ നിന്നു ലഭിക്കും. എന്നാൽ പണം വരവ് (റസീറ്റ്) എത്ര, നൽകിയ പണം (പേയ്മെന്റ്) എത്ര എന്നീ വിവരങ്ങളിലുടെ കയ്യിലും ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലുമായി എത്ര തുക മാസാവസാനം/ വർഷാവസാനം നീക്കിയിരുപ്പുണ്ടെന്ന വിവരമാണ് റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് നൽകുന്നത്.

*? കഴിഞ്ഞ വർഷത്തെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ചു. നികുതി പിരിവിനു പോയ ഒരു ജീവനക്കാരൻ നാല് രസീതുകൾ പ്രകാരമുള്ള തുക പഞ്ചായത്തിൽ അടച്ചില്ല എന്നു കണ്ടുപിടിച്ചു. ഈ തെറ്റ് എങ്ങനെ തിരുത്താനാവും? കഴിഞ്ഞ വർഷത്തെ കണക്കിൽ ഈ തുകകൾ ഉൾപ്പെടുത്താൻ കഴിയുമോ?*

ഓഡിറ്റിൽ കണ്ടുപിടിക്കുന്ന കഴിഞ്ഞ വർഷത്തെ തെറ്റുകൾ തന്നാണ്ടിലെ കണക്കിൽ ഉൾപ്പെടുത്തിയാണ് പരിഹരിക്കേണ്ടത്. ഈ തുക ഇപ്പോഴും ലഭിക്കേണ്ട തുകയായിത്തന്നെ സാംഖ്യയിൽ കാണിച്ചിരിക്കും. വസ്തു നികുതിയാണെങ്കിൽ ലഭിക്കേണ്ട വസ്തു നികുതി (കുടിശ്ശിക) എന്ന ഹെഡിന് ക്രെഡിറ്റ് നൽകി ഇന്നേദിവസം രസീത് രേഖപ്പെടുത്തണം. ഒപ്പം ലൈബ്രറി സെസ്, പിഴപ്പലിശ എന്നിവയ്ക്കും ക്രെഡിറ്റ് നൽകണം. രസീതിന്റെ മൊത്തം തുക കൗണ്ടറിൽ അടയ്ക്കുകയും വേണം.

*? പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതാണോ? അതിന് മറ്റൊരു തരം രസീത് ആണല്ലോ നൽകേണ്ടത്?*

പഞ്ചായത്ത് സെക്രട്ടറി ഔദ്യോഗികമായി കൈകാര്യം ചെയ്യുന്ന എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തണം. പഞ്ചായത്തിന് ലഭിക്കുന്ന എല്ലാ തുകകൾക്കും (ദുരിതാശ്വാസനിധി ഉൾപ്പെടെ) സാംഖ്യയിൽ നിന്ന് രസീത് നൽകണം. 2011-ലെ പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ അനുസരിച്ചാണ് അക്കൗണ്ടിംഗ് സംബന്ധിച്ച എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യേണ്ടത്. പ്രസ്തുത ചട്ടങ്ങൾ അനുസരിച്ചുള്ള രസീത് ആണ് സാംഖ്യയിൽ നിന്നു നൽകുന്നത്. ■

*തയ്യാറാക്കിയത്:*
***ഉദയഭാനു കണ്ടേത്ത്***
*കൺസൾട്ടന്റ്*
*ഇൻഫർമേഷൻ കേരള മിഷൻ*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*

## ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

# സേവന പ്രവർത്തനങ്ങളുമായി ജനങ്ങളിലേക്ക്







സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി സേവന രംഗത്ത് ഒരു പുതിയ കാൽവയ്പ്പുമായി ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവന പ്രവർത്തനങ്ങളുമായി ജനങ്ങളുടെ ഇടയിലേക്ക്, പഞ്ചായത്തിന്റെ ഒരു ദിവസത്തെ പ്രവർത്തനം ഓരോ വാർഡിലും ഒരു പൊതു സ്ഥലത്ത് വെച്ച് നടത്തി ജനങ്ങളുടെ അപേക്ഷകളിന്മേൽ അപ്പോൾ തന്നെ തീരുമാനം എടുത്ത്, സേവനം ഉറപ്പുവരുത്തുന്നു. പഞ്ചായത്തിന്റെ 15 വാർഡുകളിലും പല ദിവസങ്ങളിലായി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ച് വളരെ വിജയകരമായി ആദ്യഘട്ടം പൂർത്തീകരിച്ചു. 2011 സെപ്തംബർ 15ന് ആനവിലാസം പഞ്ചായത്ത് ലൈബ്രറിയിൽ വച്ചാണ് ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ചത്.

പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സെക്രട്ടറി, സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, കൃഷി ആഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രാമസേവകൻ, ഐസിഡിഎസ് സൂപ്പർവൈസർ, പഞ്ചായത്തിലെ മറ്റു ജീവനക്കാർ തുടങ്ങിയവർ ഉൾപ്പെട്ട സംഘമാണ് ജനസമ്പർക്ക പരിപാടിക്ക് നേതൃത്വം കൊടുത്തത്.

കർഷകതൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം, 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ അമ്മമാർക്ക് നൽകുന്ന പെൻഷൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥിരതാമസ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കെട്ടിടം പണിയുന്നതിനുള്ള എൻ ഒ സി, പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നമ്പറിടൽ, കരം നിശ്ചയിക്കൽ തുടങ്ങി 12 കൂട്ടം കാര്യങ്ങൾക്കാണ് അപേക്ഷകൾ വാങ്ങിയതും തീർപ്പാക്കിയതും.

വളരെ വിജയകരമായ രീതിയിൽ പരിപാടി പൂർത്തീകരിച്ചു. 500 മുതൽ 750 ആളുകൾ വരെ ഓരോ വാർഡിലും ഈ പരിപാടിയിൽ പങ്കെടുത്തു. ഏറ്റവും കൂടുതൽ അപേക്ഷകൾ വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ളതായിരുന്നു. വിവിധ പെൻഷനുകളിലായി 1375 അപേക്ഷകൾ ലഭിച്ചു. ഇതൊരു വലിയ നേട്ടമായും അഭിമാനമായും കാണുന്നതായി പഞ്ചായത്ത് പ്രസിഡന്റ് ആന്റണി കുഴിക്കാട്ട് പറഞ്ഞു.■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*


| പരസ്യ നിരക്ക് | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

വായിക്കുക വരിക്കാരാകുക

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് രാജ് മാസിക പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**








# ഗതകാല സ്മൃതി ഉണർത്തി ഗ്രാമയാത്ര



പാളത്തൊപ്പി ചൂടി കാളവണ്ടിയിലേറി മന്ത്രിയും ജനപ്രതിനിധികളും ഗ്രാമസഭയിലേക്ക്. അവിടെ കുടിക്കാൻ ചിരട്ടയിൽ ചക്കരകാപ്പി. കഴിക്കാൻ വട്ടേലയിൽ കപ്പപ്പുഴുക്ക്. കൂടെ മൺചട്ടിയിൽ കഞ്ഞി. കോരിക്കുടിക്കാൻ ചിരട്ട തവി. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കാന്തപുരത്ത് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പങ്കെടുത്ത ഗ്രാമയാത്ര ജനഹൃദയങ്ങളിൽ ഗതകാല സ്മൃതികൾ ഉണർത്തി നഷ്ടപ്പെട്ട ഗ്രാമീണ പാരമ്പര്യത്തെ വീണ്ടെടുക്കുന്നതായി മാറി.

കാന്തപുരം കോട്ടമല ഭഗവതി ക്ഷേത്രത്തിനടുത്തുനിന്നാണ് ഗ്രാമയാത്ര തുടങ്ങിയത്. കാളവണ്ടിയിൽ മന്ത്രി മുനീറും പുരുഷൻ കടലുണ്ടി എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, ജില്ലാകളക്ടർ കെ.പി. മോഹൻ കുമാർ എന്നിവരുമാണ് ഘോഷയാത്രയ്ക്കൊപ്പം സഞ്ചരിച്ചത്. വനിതകളുടെ പഞ്ചാരിമേളം, തുടി, തെയ്യം തുടങ്ങിയ കലാരൂപങ്ങളും കലപ്പയും കൈക്കോട്ടുമേന്തി വന്ന കർഷകരും ഗ്രാമയാത്രയ്ക്ക് നാടൻ ചാരുത പകർന്നു. കാന്തപുരം ജി.എം.എൽ.പി. സ്ക്കൂളിന്റെ മുറ്റത്ത് പനയോല മേഞ്ഞ്, മെടഞ്ഞ തെങ്ങോലകൊണ്ട് മറയുണ്ടാക്കിയ വീടിന്റെ രൂപമായിരുന്നു ഗ്രാമസഭയുടെ വേദി. മരക്കസേര, ചാരുകസേര, നെല്ലും പൂക്കുലയും എഴുത്തോലകളും വെറ്റിലച്ചെല്ലവും ഉറിയും നിറപറയും വിശറിയും റാന്തൽ വിളക്കും ഓട്ടു കിണ്ടിയും തുളസിത്തറയുമെല്ലാം വേദിയിൽ ഒരുക്കിയിരുന്നു.






നൂറുകണക്കിന് ഗ്രാമവാസികൾ തിങ്ങിനിറഞ്ഞ സദസ്സിലേക്ക് മന്ത്രി നേരിട്ട് ഇറങ്ങിച്ചെന്ന് പരാതികളും അപേക്ഷകളും ഏറ്റുവാങ്ങി. കാന്തപുരത്ത് സദസ്സിന്റെ മുൻനിരയിലിരുന്ന മുല്ലാക്കയുടെ ചിത്രം വരച്ച് മന്ത്രി അദ്ദേഹത്തിനുതന്നെ കൈമാറി.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, ജില്ലാ കളക്ടർ കെ.വി. മോഹൻകുമാർ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി. ഷൈനി, പഞ്ചായത്തംഗം നജീബ് കാന്തപുരം, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, കായണ്ണ, കൂരാച്ചുണ്ട്, ബാലുശ്ശേരി, ഉള്ള്യേരി, കോട്ടൂർ, നടുവണ്ണൂർ, പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ആശംസകളർപ്പിച്ചു.

ജൂലൈ 2ന് രാവിലെ കാന്തപുരത്ത് നടന്ന വിശേഷാൽ ഗ്രാമസഭയ്ക്കുശേഷം ഉച്ചയ്ക്ക് കൊടുവള്ളി നിയോജകമണ്ഡലത്തിലാണ് ഗ്രാമയാത്ര നടന്നത്. ചടങ്ങിൽ വി.എം. ഉമ്മർ മാസ്റ്റർ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. പി.ടി.എ റഹിം എം.എൽ.എ, കൊടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റസിയ ഇബ്രാഹിം, സൂപ്പി നരിക്കാട്ടേരി, കാരാട്ട് റസാഖ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നരിക്കുനി, കിഴക്കോത്ത്, മടവൂർ, താമരശ്ശേരി, ഓമശ്ശേരി, കട്ടിപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ ആശംസകളർപ്പിച്ചു.

ഗ്രാമസഭയിൽ ഉന്നയിച്ച ആവശ്യങ്ങൾ മന്ത്രി സശ്രദ്ധം കേൾക്കുകയും അവയോരോന്നിനും മറുപടി പറയുകയും ചെയ്തു. ഇതിനിടയിൽ നാടൻ ഭക്ഷണം പരിപാടിയിൽ പങ്കെടുത്ത മുഴുവൻ പേർക്കും വാഴയിലയിൽ വിളമ്പി. പഴയകാല മാപ്പിളപ്പാട്ടായ 'പകലൽ നിശാനി ആലം... പരിപാലകാ സഹായാ... മന്ത്രി പാടിയപ്പോൾ സദസ്സ് ഒന്നടങ്കം കൈയടിച്ച് ആസ്വദിച്ചു.

കൊടുവള്ളിക്കുശേഷം കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ഈങ്ങാപ്പുഴയിൽ മന്ത്രി എത്തിയപ്പോൾ സന്ധ്യയായി. മഴയിൽ നനഞ്ഞുകൊണ്ട് മന്ത്രി ഘോഷയാത്രയിൽ പങ്കെടുത്തത് ഗ്രാമവാസികളിൽ ആവേശം വിതച്ചു. സി. മോയിൻകുട്ടി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അലിമ ഹസ്സാർ, വാർഡംഗം സി.എ. മുഹമ്മദ്, തിരുവമ്പാടി, കൂടഞ്ഞി, കോടഞ്ചേരി, കൊടിയത്തൂർ, കാരശ്ശേരി, മുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും ചടങ്ങിൽ പങ്കെടുത്തു.

ആദിവാസി കുടിലിന്റെ മാതൃകയിൽ നിർമ്മിച്ച ഗ്രാമീണാന്തരീക്ഷത്തോടുകൂടിയ സ്റ്റേജും ഹാളും ജനനിബിഢമായിരുന്നു. നെയ്യപ്പം, ഉണ്ണിയപ്പം, കപ്പ, ഇറച്ചിക്കറി, ചുക്കുകാപ്പി എന്നീ നാടൻ ഭക്ഷണം പഴമയെ ഓർമ്മിപ്പിച്ചു.

ഗ്രാമയാത്രയിലുടനീളം പഞ്ചായത്തു ജോയിന്റ് ഡയറക്ടർ കെ.സി. ജോസഫ് , ഡെപ്യൂട്ടി ഡയറക്ടർ സുരേന്ദ്രൻ നായർ, അസിസ്റ്റന്റ് ഡയറക്ടർ സുരേന്ദ്രൻ എന്നിവരും സന്നിഹിതരായിരുന്നു.■

**പഞ്ചായത്ത് ന്യൂസ് സർവ്വീസ്**





പഞ്ചായത്ത് രാജ്

# “കേരളത്തിലെ ഗ്രാമസഭകൾ ഇന്ത്യക്ക് മാതൃകയാക്കും”

ഗ്രാമസഭയിൽ പങ്കെടുത്ത് ഗ്രാമത്തിന്റെ വികസനത്തിൽ ഓരോരുത്തരും അഭിപ്രായം രേഖപ്പെടുത്തുന്നതിലൂടെ കേരളത്തിലെ ഗ്രാമസഭകൾ ഇന്ത്യക്ക് മാതൃകയാക്കുകയാണ് സർക്കാറിന്റെ ലക്ഷ്യമെന്ന് പഞ്ചായത്ത്-സാമൂഹികക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, തിരുവമ്പാടി, കൊടുവള്ളി നിയോജകമണ്ഡലങ്ങളിൽ നടന്ന ഗ്രാമസഭകളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വയോജന നയം നവീകരിച്ച് നടപ്പാക്കും. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പാക്കുന്ന വയോമിത്രം പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. വയോജന നയം തിരുത്തുന്നതിനുമുമ്പ് തിരുവനന്തപുരത്ത് ശിൽപശാല സംഘടിപ്പിക്കും.

വൈകല്യമുള്ളവർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ നൽകും. എല്ലാ നിയോജകമണ്ഡലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സഹായോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യും.

ഇ.എം.എസ്. ഭവന പദ്ധതി അവസാനിച്ചു. പുതിയ ഭവന പദ്ധതി പഞ്ചായത്തുകളിൽ ആരംഭിക്കുന്ന കാര്യം മന്ത്രിസഭയിൽ ചർച്ച ചെയ്ത് തീരുമാനിക്കും. അങ്കണവാടികളെ പ്രീപ്രൈമറി സ്കൂളുകളാക്കി മാറ്റും.

അങ്കണവാടി പ്രവർത്തകർ പ്രൈമറി അധ്യാപികമാരാകും. ശമ്പളവും വേതനവും കൂട്ടും. കോടതി വിധിയുടെ പശ്ചാത്തലത്തിൽ താൽകാലികമായി ജോലി ചെയ്യുന്ന അങ്കണവാടി പ്രവർത്തകരെ ഒഴിവാക്കും. അങ്കണവാടികളിലെ പുതിയ നിയമനങ്ങളിൽ അവർക്ക് മുൻഗണന നൽകും. കുടുംബശ്രീ ശക്തിപ്പെടുത്തുകയാണ് സർക്കാറിന്റെ ലക്ഷ്യം. ആശ്രയ പദ്ധതിയിലേക്കുള്ള പുതിയ പ്രവർത്തകരെ തെരഞ്ഞെടുക്കുന്ന കാര്യം മന്ത്രിസഭ തീരുമാനിക്കും. ഫണ്ട് കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയും ലോകബാങ്ക് പ്രതിനിധികളുമായും ചർച്ച ചെയ്ത് തീരുമാനിക്കും. പദ്ധതി വിഹിതത്തിൽ പശ്ചാത്തല മേഖലക്ക് 45 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്.. സ്ത്രീകൾക്ക് 10 ശതമാനവും പാർശ്വവത്കരിക്കപ്പെട്ട മറ്റുള്ളവർക്ക് അഞ്ച് ശതമാനം തുകയും വിനിയോഗിക്കും. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമെന്ന് മന്ത്രിപറഞ്ഞു. പൊളിഞ്ഞ അങ്കണവാടികൾ നവീകരിക്കും. ഗ്രാമയാത്രയിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തര നടപടി സ്വീകരിക്കാൻ പ്രത്യേക സെൽ രൂപവത്കരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ലോകബാങ്ക് പദ്ധതി വഴി പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുക സംബന്ധിച്ച വിവരം മന്ത്രി അറിയിച്ചു. മാലിന്യ സംസ്ക്കരണത്തിന് ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപാ വീതവും അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.





# കുടുംബശ്രീയും കുട്ടികളും

ടി. ഷാഹുൽ ഹമീദ്

ഇന്ത്യയിൽ 43% വരുന്ന 18 വയസ്സ് വരെയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കുട്ടികൾ രാജ്യത്തിന്റെ അമൂല്യ രത്നങ്ങളാണെന്ന് കുട്ടികളെക്കുറിച്ച് ഇന്ത്യാ ഗവൺമെന്റ് അസന്നിഗ്ധമായി പ്രഖ്യാപിച്ചു. ഇന്ത്യൻ ഭരണഘടനയും കുട്ടികളെ കുറിച്ച് ഏറെ വാചാലമാകുന്നു. 6 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാണ് എന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. 14 വയസ്സിന് താഴെയുള്ള കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കാൻ പാടില്ല എന്ന് ഭരണഘടന വകുപ്പ് 24 പറയുന്നു. ആർട്ടിക്കിൾ 51 എ പ്രകാരം കുട്ടികളെ പഠിപ്പിക്കേണ്ട ചുമതല മാതാപിതാക്കൾക്കാണ്. സുപ്രീം കോടതി ഉത്തരവ് പ്രകാരം 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകേണ്ടത് സർക്കാരിന്റെ അനിവാര്യ ചുമതലയാണ്. 34% കുട്ടികൾക്കും ബുദ്ധിവികാസത്തിനുള്ള അവസരം നമ്മുടെ രാജ്യത്ത് ലഭിക്കുന്നില്ല. കുട്ടികൾക്കും അവകാശങ്ങൾ ഉണ്ട് എന്ന് രാജ്യത്തെ 4% രക്ഷിതാക്കൾക്ക് മാത്രമാണ് ബോധ്യമുള്ളത്.

മേൽ സാഹചര്യത്തിൽ നിന്നാണ് സാമൂഹികാധിഷ്ഠിത സംഘടനയായ കുടുംബശ്രീ, കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും അവരുടെ സകലമാന വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന ഘടകങ്ങളെ ഇല്ലാതാക്കുന്നതിന് ഭഗീരഥപ്രയത്നം നടത്തുകയും ചെയ്യുന്നത്. ഈ വർഷം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി 3 പ്രധാന പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

## 'മീന' ആശയവിനിമയ പ്രവർത്തനം

യൂനിസെഫിന്റെ സഹായത്തോടെ കുടുംബശ്രീ ബാലസഭാ കൂട്ടുകാർക്ക് 'മീന' എന്ന സുന്ദരിയായ കൊച്ചു പെൺകുട്ടിയുടെ സാങ്കല്പിക കഥ അവതരിപ്പിച്ചുവരുകയാണ്. ആശയവിനിമയ പ്രവർത്തനത്തിൽ കേരളത്തിലെ കുട്ടികൾക്ക് മാതൃകയാക്കുവാൻ പറ്റിയ കഥാപാത്രമാണ് മീന. ജീവിതത്തിൽ അനുവർത്തിക്കുന്ന ശീലങ്ങൾ, സ്കൂളുകളിൽ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ കാണിക്കുന്ന ഗുണപരമായ മാതൃകകൾ, കൂട്ടുകാരോടും രക്ഷിതാക്കളോടും സമൂഹത്തോടും കാണിക്കുന്ന പ്രതിബദ്ധത – ഇതൊക്കെ മീന എന്ന കഥാപാത്രത്തെ വേറിട്ടതും കുട്ടികൾക്ക് പ്രിയങ്കരിയുമാക്കുന്നു. കേരളത്തിലെ കുട്ടികളുടെ പോരായ്മകളായ ബന്ധമില്ലായ്മ (രക്ഷിതാക്കളോടും അധ്യാപകരോടും സമൂഹത്തോടും), സഹവർത്തിത്വമില്ലായ്മ, പരിവർത്തനങ്ങളിൽ നിന്ന് പുറംതിരിഞ്ഞ് നിൽക്കുന്ന സമീപനം, ആശയവിനിമയത്തിലുള്ള അപാകത എന്നിവ പരിഹരിക്കുന്നതിന് കളിയിലൂടെ കാര്യങ്ങൾ പഠിപ്പിക്കുന്ന വിവിധ ഫ്ളിപ്പ് ചാർട്ടുകളിലും കൊച്ചു കഥാപുസ്തകങ്ങളിലുമായി ചിതറിക്കിടക്കുന്ന മീന കഥകൾ തീർത്തും അന്യമാകുന്ന നാടൻകളികളെയും ശീലങ്ങളെയും കൂട്ടായ്മകളെയും കുട്ടികളിലേക്ക് തിരിച്ചെത്തിക്കുന്നു. കണ്ണൂർ ജില്ലയിലെ 87 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മീന ആശയവിനിമയ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2 പേർക്ക് വിദഗ്ദ്ധ പരിശീലനം നൽകി.

## അവകാശ സംരക്ഷണ ജാഥ

ഒട്ടേറെ അതിപ്രധാനമായ അവകാശങ്ങൾ കുട്ടികൾക്ക് ഉണ്ട് എന്ന് സാർവ്വദേശീയ ഉടമ്പടികൾ പറയുന്നു. അതിപ്രധാനമായ 4 അവകാശങ്ങളാണ് കുട്ടികൾക്കുള്ളത്.

*1. അതിജീവനം:* ജീവിക്കാനുള്ള കുട്ടികളുടെ അവകാശം അവരുടെ ജന്മാവകാശമാണ്.

*2. സംരക്ഷണം:* കുട്ടികൾക്ക് സംരക്ഷണം ലഭിക്കാനുള്ള അവകാശം രക്ഷിതാക്കളുടെ ഔദാര്യമല്ല. മറിച്ച് ഒഴിച്ചുകൂടാനാവാത്ത കുട്ടികളുടെ അവകാശമാണ്.

*3.വളർച്ച:* കുട്ടികളുടെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാതരം സൗകര്യങ്ങളും ഒരുക്കി കൊടുക്കേണ്ടത് രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും കടമയാണ്.

*4. പങ്കാളിത്തം:* തീരുമാനങ്ങൾ എടുക്കുമ്പോൾ അവരുടെ അഭിപ്രായവും കൂടി അറിയേണ്ടതായിട്ടുണ്ട്.

കേരളത്തിൽ രക്ഷിതാക്കളിൽ മഹാഭൂരിപക്ഷവും അവരുടെ തീരുമാനങ്ങൾ കുട്ടികളിൽ അടിച്ചേൽപ്പിക്കുകയാണ് പതിവ്. കുട്ടികളെ സംബന്ധിക്കുന്ന തീരുമാനങ്ങളിൽ പോലും കുട്ടികൾ വെറും കാഴ്ചക്കാരാണ്. പരിഷ്കൃത സമൂഹത്തിന് ഭൂഷണമല്ല ഈ ഒഴിവാക്കൽ. ഈ പ്രധാന അവകാശങ്ങൾ സമൂഹത്തെ അറിയിക്കുന്നതിന് വേണ്ടിയുള്ള ഒരു പരിശ്രമമാണ് കുട്ടികളുടെ നേതൃത്വത്തിൽ നടക്കുന്ന അവകാശസംരക്ഷണ ജാഥ. പ്ലക്കാർഡിലൂടെയും മുദ്രാവാക്യത്തിലൂടെയും അവർ സമൂഹത്തിന് മുമ്പിൽ അവരുടെ അവകാശങ്ങളെ പ്രഘോഷിപ്പിക്കുന്നു. കണ്ണൂർ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വന്ന ആയിരത്തോളം വരുന്ന കുട്ടികൾ കണ്ണൂരിൽ ജില്ലാതല അവകാശ സംരക്ഷണജാഥ നടത്തുകയും അവകാശ സംരക്ഷണ മെമ്മോറാണ്ടം ഭരണാധികാരികൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ വിവിധ കലാരൂപങ്ങൾ അണിനിരന്ന ജാഥ കണ്ണൂർ ജില്ല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടാണ് ഫ്ളാഗ് ഓഫ് ചെയ്തത്.



*കണ്ണൂർ ജില്ലയിൽ നടന്ന ബാലപാർലമെന്റിൽ പങ്കെടുത്ത കുട്ടികൾക്ക് കേരള നിയമസഭ സ്പീക്കർ ജി. കാർത്തികേയൻ ഉപഹാരം നൽകുന്നു.*

## ബാല പാർലമെന്റ്

കുട്ടികളുടെ അതിപ്രധാനമായ 'പങ്കാളിത്തം' എന്ന അവകാശം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായാണ് ബാല പാർലമെന്റ് സംഘടിപ്പിക്കുന്നത്. നാളിതുവരെ പാർലമെന്റ് രീതി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു ബാലപാർലമെന്റ് നടത്തിയിരുന്നതെങ്കിൽ ഇപ്രാവശ്യം അതിൽ നിന്നു വ്യത്യസ്തമായി കാലികമായി, ഒട്ടേറെ പീഢനങ്ങൾ സഹിക്കേണ്ടി വരുന്ന, കലുഷിതമായ സാഹചര്യത്തിലൂടെ ജീവിക്കേണ്ടിവരുന്ന, സകലമാന തിന്മകൂമ്പാരങ്ങളിൽ തന്റേതല്ലാത്ത കാരണത്താൽ അകപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ ദീനരോദനങ്ങൾ ഭരണാധികാരികളുടെ മുമ്പിൽ എത്തിക്കുന്നതിനും അവരുടെ മേഖലയിൽ വകയിരുത്തിയ തുകയുടെ വിനിയോഗത്തിൽ കുട്ടികളുടെ പുരോഗതിക്ക് വല്ല മാറ്റവുമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മറ്റി അടക്കമുള്ള സർക്കാർ സംവിധാനത്തിൽ കുട്ടികൾ തൃപ്തരാണോ എന്ന് നിരീക്ഷിക്കുന്നതിനും വേണ്ടിയുള്ള ഇടപെടലാണ് ബാലപാർലമെന്റ് നടത്തുന്നത്.

2012 മെയ് 23ന് നടന്ന കണ്ണൂർ ജില്ലാ ബാലപാർലമെന്റ് കേരള നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള, മുൻസിപ്പൽ ചെയർമാൻ എം.സി. ശ്രീജ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്ത പരിപാടിയിൽ ജില്ലയിലെ വിവിധ പഞ്ചായത്ത്/മുൻസിപ്പൽ ബാലപാർലമെന്റിൽ നിന്ന് തെരഞ്ഞെടുത്ത 672 കുട്ടികളാണ് പങ്കെടുത്തത്. സ്പീക്കറുമായി കുട്ടികൾ നടത്തിയ സംവാദം മികച്ചതും ആനുകാലിക വിഷയങ്ങളിൽ പ്രതികരണം ആവശ്യമുള്ളതുമായിരുന്നു. നിയമസഭാ പ്രവർത്തനം കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ, പലതരം കമ്മറ്റികളുടെ പ്രവർത്തനം, വിദ്യാഭ്യാസ പ്രവർത്തനത്തിലെ ചില പോരായ്മകൾ ബാലപാർലമെന്റ് ചൂണ്ടിക്കാണിച്ചപ്പോൾ സ്പീക്കർക്ക് യഥാർത്ഥ എംഎൽഎമാരുടെ ചോദ്യത്തേക്കാൾ അവ മൂർച്ചയുള്ളതായി തോന്നി. ജില്ലയിൽ കുട്ടികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിന് നിർദ്ദേശം കാണുകയും ചെയ്ത ബാലപാർലമെന്റ് പത്രപ്രവർത്തകർ ചൂണ്ടിക്കാണിച്ചത് പോലെ പാർലമെന്റിന്റെ പരിച്ഛേദവും പാർലമെന്റ് നടപടി നേരിൽ കണ്ടത് പോലെ തോന്നിപ്പോകുന്നതുമായിരുന്നു. ■

*ലേഖകൻ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓഡിനേറ്ററാണ്*



മുരളീധരൻ തഴക്കര



# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ആവശ്യങ്ങൾക്കനുസൃതമായി സമൂഹം സൃഷ്ടിക്കുന്ന ചില സ്ഥാപനങ്ങളുണ്ട്. സ്ഥാപനങ്ങൾ എന്നു പറയുമ്പോൾ അവ ബ്രഹത്തായ സംവിധാനങ്ങളല്ല. പക്ഷേ അതിന്റേതായ നിലയിൽ നമുക്ക് നിർവ്വചനം കൊടുത്തു സ്വതന്ത്രമായി നിലനിർത്താവുന്നവ. സൂക്ഷ്മാംശത്തിൽ അവയ്ക്കു ചില പ്രത്യേകതകൾ, സ്വഭാവ സവിശേഷതകൾ ഒക്കെയുണ്ടാവാം. 'മാടക്കട' 'കാപ്പിക്കട' എന്നിവ നാട്ടിൻപുറത്തു മാത്രമുള്ളവയാണ്. ഭൗതികമായും സാമൂഹികമായും അതിനൊരു വ്യക്തിത്വമുണ്ട്. ഇത്തരം സ്വതന്ത്രമായ ചില സംവിധാനങ്ങളെ പരിചയപ്പെടാം - വായനക്കാരുടെ ഉള്ളിലെ പദാവലികളിൽനിന്ന് ഇതിലേക്കു കൂട്ടിചേർക്കുകയുമാവാം.

### കളിത്തട്ട്

പൊതുനിരത്തുകളുടെ ഓരം ചേർന്ന് കളിത്തട്ടുകൾ പ്രധാനകേന്ദ്രങ്ങളിലൊക്കെ സ്ഥാപിക്കുകയെന്നത് പുരാതനകാലത്ത് അന്നത്തെ ഭരണകർത്താക്കളുടെ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. വാഹനസൗകര്യം തീർത്തും കുറവായിരുന്ന കാലത്ത് കാൽനടയാത്രക്കാരുടെ വഴിയോര വിശ്രമകേന്ദ്രങ്ങളായിരുന്നു ഇവ. കാറ്റും വെളിച്ചവും കടക്കത്തക്കവിധം നാലുവശവും മറയ്ക്കാത്ത അഥവാ കെട്ടിയടയ്ക്കാത്ത കളിത്തട്ടുകളുടെ ഘടന വളരെ സൗകര്യപ്രദവും പ്രത്യേകതയുള്ളതുമായിരുന്നു. ക്ഷേത്രപരിസരങ്ങളിലും കളിത്തട്ടുകൾ നിർമ്മിച്ചിരുന്നു. ഭക്തജനങ്ങൾക്ക് വിശ്രമിക്കാനും കൂത്ത്, കൂടിയാട്ടം, ഓട്ടൻതുള്ളൽ തുടങ്ങിയുള്ള ക്ഷേത്രകലകൾ നടത്തുവാനും ഇതുപയോഗിച്ചിരുന്നു. നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്ന കളിത്തട്ടുകൾ ഇന്നും പല പ്രദേശങ്ങളിലും സംരക്ഷിക്കുന്നുണ്ട്.

### മാടക്കട

ഒരു കാലത്ത് നമ്മുടെ നാട്ടിലെ ചെറുകിട വ്യാപാരസ്ഥാപനങ്ങളായിരുന്നു മാടക്കടകൾ. ചിലയിടങ്ങളിൽ ഏറുമാടം, മാടക്കട എന്നൊക്കെപ്പറയുന്ന ഈ മുറുക്കാൻ കടകൾ നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ സജീവസാന്നിദ്ധ്യമായിരുന്നു. വലിയ മരക്കാലുകളിൽ ഉറപ്പിച്ചുനിർത്താൻ പാകത്തിൽ തടികൊണ്ട് പണിതെടുക്കുന്നതാണ് മാടക്കടകൾ. അടയ്ക്കുവാനുള്ള കതകുകൾ ഇന്നത്തെപ്പോലെ ഷട്ടറുകളല്ല തടിപ്പലകകളാണ്. അവ കൃത്യമായ ക്രമത്തിൽ അടുക്കിയിടുമ്പോൾ അടവായി ഓരോ നിരപ്പലകയ്ക്കും നമ്പരിട്ടിരിക്കും. സ്ഥാനം തെറ്റാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. 'ഓടാമ്പൽ' എന്ന വിളിക്കുന്ന ഇരുമ്പുകമ്പി ഓരോ പലകയിലുമുള്ള ഇരുമ്പു ചുറ്റിനുള്ളിലൂടെ കടത്തിയാണ് ഇവ പൂട്ടി ബന്തവസ്സാക്കുന്നത്.



### ചുമടുതാങ്ങി

എന്ത് ഭാരം വേണമെങ്കിലും പേറുന്ന 'ചുമടുതാങ്ങി' ഒരു കാലഘട്ടത്തിന്റെ ജീവിതചര്യയുടെ സാക്ഷ്യമാണ്. തലച്ചുമടായി കൊണ്ടുപോകുന്ന ഭാരം ഒന്നിറക്കിവെയ്ക്കുന്നതിനുള്ള അത്താണിയാണിത്. പഴയകാലത്തെ വഴിയോര വിശ്രമകേന്ദ്രങ്ങളായ കളിത്തട്ടുകളുടെ സമീപത്തായും നാലും കൂടുന്ന കവലകളിലുമൊക്കെ 'ഒരു ചുമടുതാങ്ങി' യുണ്ടാകുമായിരുന്നു. സിമന്റും കമ്പിയും കോൺക്രീറ്റുമില്ലാതെ ഉണ്ടാക്കിയിരുന്ന ചുമടുതാങ്ങികൾ പഴമക്കാരുടെ പ്രായോഗിക എഞ്ചിനീയറിംഗിന്റെ ഉത്തമ സാക്ഷ്യമാണ്. നല്ല കനമുള്ള ദീർഘചതുരാകൃതിയിലുള്ള രണ്ട് കരിങ്കൽപ്പാളികൾ ലംബമായി ഒരേ പൊക്കത്തിൽ മണ്ണിൽ ഉറപ്പിക്കുന്നു. അതിന്മേൽ അല്പം വീതികൂടിയ മറ്റൊരു കരിങ്കൽപ്പാളി വയ്ക്കുന്നു - ഇതാണ് ചുമടുതാങ്ങി. എന്ത് ഭാരപ്പെട്ട ജോലികളും ഒരു മടിയും കൂടാതെ ചെയ്യുന്നവരെ നാം 'പാവം ചുമടുതാങ്ങി' എന്ന് വിശേഷിപ്പിക്കാറുണ്ട്.

### ആൽത്തറ

ആൽമരങ്ങൾക്ക് തറകെട്ടി സംരക്ഷിക്കുകയും - ഈ ആൽത്തറകൾ വിശ്രമത്തിനും വേണമെങ്കിൽ ഒന്നു തല ചായ്ക്കാനുമുള്ള ഇടമായും പണ്ടുപണ്ടേ നാം ഉപയോഗിച്ചുവന്നിരുന്നു. മറ്റു മരങ്ങളൊന്നുംതന്നെ തറകെട്ടി സംരക്ഷിച്ചിരുന്നില്ല എന്നു കാണുമ്പോഴാണ് അതിന്റെ പ്രാധാന്യം ഏറുന്നത്. ഏറ്റവുമധികം പ്രാണവായു നൽകുന്ന ബോധി വൃക്ഷത്തണലിൽ വിശ്രമിക്കുന്നത് ആരോഗ്യദായകമാണെന്ന് കണ്ടറിഞ്ഞാകാം അതിനനുഗുണമായി തറകെട്ടി സംരക്ഷിച്ചത്. ആലിനെ വലം വെച്ച് തൊഴുക എന്നത് ചിരപുരാതനമായി നിലനിന്നുപോന്ന ഒരു സമ്പ്രദായമായിരുന്നു. ഏതു കല്ലിനെയും പാറയെയും തുളച്ച് കടന്നുപോകുവാനുള്ള കഴിവ് ആലിന്റെ വേരിനുണ്ട്. അതിനാൽ വേരുകൾ വളർന്ന് വലുതാകുമ്പോൾ നന്നായി കെട്ടിയുണ്ടാക്കുന്ന ആൽത്തറകൾ പൊട്ടിപ്പൊളിയുന്നതും സർവ്വസാധാരണമാണ്.









### വായനശാല

ഒരു പ്രദേശത്തിന്റെ സാമൂഹിക - സാംസ്കാരിക - വിദ്യാഭ്യാസപരമായ വളർച്ചയ്ക്ക് വെളിച്ചമേകുന്ന സ്ഥാപനങ്ങളായിരുന്നു വായനശാലകൾ. കേരളത്തിന്റെ സാമൂഹിക - സാംസ്കാരിക മുന്നേറ്റത്തിൽ നമ്മുടെ ഗ്രാമീണ വായനശാലകൾ വഹിച്ച പങ്ക് എത്രയോ ഉത്കൃഷ്ടവും മഹത്തരവുമാണ്. നാട്ടിൽ ഒരു വായനശാല സ്ഥാപിക്കാൻ സ്ഥലം സംഭാവന ചെയ്യുവാനും, വായനശാലാ കെട്ടിടം ഉണ്ടാക്കുവാനും, യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ പുസ്തകവിതരണം അടക്കമുള്ള ജോലികളെല്ലാം നിസ്വാർത്ഥമായി ചെയ്യുവാനും സന്മനസ്സുകാണിച്ച എത്രയോ ദേശസ്നേഹികളുടെ നാടായിരുന്നു നമ്മുടേത്. എത്രയെത്ര തലമുറകളെ എഴുത്തിന്റെയും വായനയുടെയും പുസ്തകങ്ങളുടെയും ലോകത്തേക്ക് കൊണ്ടുവന്നത് നമ്മുടെ വായനശാലകളായിരുന്നു. വായനശാലാ പ്രസ്ഥാനത്തിനും ജനങ്ങളെ വായനാശീലമുള്ളവരാക്കുവാനുമായി ജീവിതം സമർപ്പിച്ച പി.എൻ. പണിക്കർ, പി.ടി. ഭാസ്ക്കരപ്പണിക്കർ തുടങ്ങിയ മഹാരഥന്മാരെ വായനശാലയെക്കുറിച്ചോർക്കുമ്പോൾ തീർച്ചയായും സ്മരിക്കണം.

### റേഡിയോ കിയോസ്ക്ക്

ഒരു പൊതുപ്രക്ഷേപണ മാധ്യമമായ ആകാശവാണി മാത്രമായിരുന്നു ഒരു കാലത്ത് ജനങ്ങൾക്ക് പ്രാപ്യവും ഏറെ സ്വീകാര്യവും. ഓരോ പ്രദേശത്തും റേഡിയോ ഉള്ള വീടുകൾ തന്നെ വളരെ അപൂർവ്വമായിരുന്നു. മാത്രമല്ല റേഡിയോ സ്വന്തമായി വാങ്ങി പ്രവർത്തിപ്പിക്കണമെങ്കിൽ അതിന് വർഷംതോറും ലൈസൻസ് ഫീസും നൽകണമായിരുന്നു. അക്കാലത്ത് റേഡിയോ തെല്ല് ആഡംബരമായിരുന്നു എന്ന് ചുരുക്കം. അതുകൊണ്ട് വിജ്ഞാനവും വിനോദവും വാർത്തകളും പൊതുസമൂഹത്തിന് പകർന്ന് നൽകുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ റേഡിയോ പരിപാടികൾ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കുവാൻ ഉതകുന്ന 'റേഡിയോ കിയോസ്ക്കുകൾ' സ്ഥാപിച്ചിരുന്നു. ദൃശ്യമാധ്യമങ്ങളുടെ ധാരാളിത്തം ഇത്രകണ്ട് ഉണ്ടാകുന്നതിന് മുമ്പ് റേഡിയോ മാത്രമായിരുന്നു ജനങ്ങളുടെ പ്രിയ മാധ്യമം - യുദ്ധം നടക്കുമ്പോഴും രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോഴുമെല്ലാം വാർത്തകളും വിശേഷങ്ങളുമറിയാൻ റേഡിയോ - കിയോസ്ക്കുകൾക്കു മുന്നിൽ ജനങ്ങൾ തടിച്ചു കൂടിയ കാലമുണ്ടായിരുന്നു.

### കാപ്പിക്കട

ഒരു കാലത്ത് കേരളത്തിലെ ഗ്രാമീണ ജീവിതത്തിന്റെ ഭാഗമായിരുന്നു കാപ്പിക്കടകൾ. ഒരു ചെറിയ ചായത്തട്ടും വിറകടുപ്പും ചില്ലലമാരയും രണ്ടോ മൂന്നോ ബഞ്ചും പലകയടിച്ച ഡസ്ക്കും പൈസ വാങ്ങിയിടാനുള്ള ഒരു പണപ്പെട്ടിയും ഇറയത്തു കെട്ടിതൂക്കിയിരിക്കുന്ന ഒരു പഴുത്ത പാളയങ്കോടൻ കുലയും ഒക്കെ ചേരുന്ന ഒറ്റമുറിയും ഒരു ചെറിയ തിണ്ണയുമുള്ള സംവിധാനമായിരുന്നു കാപ്പിക്കടകൾ. രാവിലെയും വൈകുന്നേരവും മാത്രമേ കച്ചവടമുണ്ടാകൂ. ഇന്നത്തെപ്പോലെ പഴയകാപ്പികടയ്ക്ക് പേരും നാളുമൊന്നുമില്ല. കട നടത്തുന്നയാളിന്റെ പേരിലാണറിയപ്പെടുക. ഉദാഹരണത്തിന് ഗോപാലപിള്ളയുടെ കാപ്പികട, ജോർജ്ജ് അച്ചായന്റെ ചായക്കട എന്നിങ്ങനെയാണ് ഇതറിയപ്പെടുക. ഇവിടെ മുതലാളിയും തൊഴിലാളിയും വ്യത്യസ്ഥരല്ല - കട നടത്തുന്നയാൾ തന്നെയാണ് സകലജോലിയും ചെയ്യുന്നത് - ചായയടിക്കുകയും ഗ്ലാസ് കഴുകുകയും പണം വാങ്ങുകയും ചെയ്യും.

### ആശാൻ പള്ളിക്കൂടം

കുടിപ്പള്ളിക്കൂടം, നിലത്തെഴുത്ത് കളരി, ആശാൻകളരി എന്നിങ്ങനെ ഓരോ പ്രദേശങ്ങളിലും വിവിധ പേരുകളിൽ അറിയപ്പെടുന്ന 'ആശാൻപള്ളിക്കൂടം' ആദ്യാക്ഷരം പഠിപ്പിക്കുന്നതിനുള്ള നാട്ടിലെ അനൗപചാരിക വിദ്യാലയമാണ്. ഇപ്പോഴത്തെ കിന്റർ ഗാർഡനും അങ്കണവാടിയും ഒക്കെ പിറവിയെടുക്കുന്നതിന് മുമ്പ് പിഞ്ചുകുഞ്ഞുങ്ങളിൽ അക്ഷരം ഉറപ്പിക്കുന്ന മഹാക്ഷേത്രങ്ങളായിരുന്നു ആശാൻ പള്ളിക്കൂടങ്ങൾ. നിലത്ത് മണ്ണുവിരിച്ച ഒരു ഓല ഷെഡ്ഡായിരിക്കും ആശാൻ പള്ളിക്കൂടം. നാട്ടിൽ എല്ലാപേരെയും ചൂണ്ടുവിരൽ പിടിച്ച് മണ്ണിൽ എഴുതിച്ച ആശാൻമാർക്ക് ഒരു പ്രത്യേക ആദരവും അംഗീകാരവുമാണുള്ളത്.

### കുളിക്കടവ്

പൊതുക്കുളങ്ങളും നീരൊഴുക്ക് തോടുകളും ജലാശയങ്ങളുംകൊണ്ട് സമ്പന്നമായിരുന്നു നമ്മുടെ നാട്. ഇന്നത്തെപ്പോലെ കുളിമുറിയിലെ ഷവറിന് ചുവട്ടിൽനിന്ന് കുളിക്കുന്ന സമ്പ്രദായം പ്രചുരപ്രചാരത്തിലാകുന്നതിന് മുമ്പ് കുളിയും നനയുമെല്ലാം ആറ്റിലും തോട്ടിലും കുളത്തിലും മറ്റുമായിരുന്നു. സ്ത്രീ പുരുഷ ഭേദമന്യേ മുങ്ങിക്കുളിക്കുന്നതായിരുന്നു എല്ലാവർക്കും ഇഷ്ടം. ഇങ്ങനെ കുളിക്കുവാനും വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കുവാനും പ്രത്യേകം കുളിക്കടവുകളും ഉണ്ടായിരുന്നു. നീളവും വീതിയുമുള്ള കരിങ്കൽ പാളികൾ കൊണ്ട് കുളത്തിലേക്കും തോട്ടിലേക്കും കൽപ്പടവുകൾ ഉണ്ടാക്കിയിരുന്നു. കുളക്കടവുകളിലെത്തി അതിരാവിലെ കുളിച്ച് ഈറനായി നനഞ്ഞ വസ്ത്രങ്ങൾ ധരിച്ച് മടങ്ങിപ്പോകുന്ന ഒരു കാലമുണ്ടായിരുന്നു. മൊബൈൽ ഫോണിൽ ചിത്രമെടുക്കുമെന്നോ, ആരെങ്കിലും ശല്യം ചെയ്യുമെന്നോ, മാലപൊട്ടിച്ചെടുക്കാൻ വരുമെന്നോ ഉള്ള ഭയം കൂടാതെ സ്ത്രീകൾക്ക് പോലും പൊതു ജലാശയങ്ങളിൽ കുളിക്കുവാൻ കഴിഞ്ഞിരുന്നു എന്ന് നമുക്കിന്ന് ഓർമ്മിക്കുവാനേ കഴിയൂ.

### കടത്തുവള്ളം

കുളിക്കടവ്, കടവ് എന്നീ വാക്കുകളോടു സാമീപ്യമുള്ള, സാദൃശ്യമുള്ള പദങ്ങളാണ് കടത്തും കടത്തുവള്ളവും. ആറും പുഴയും കടന്ന് അക്കരയിക്കരെ പോകുന്നതിന് കടത്തുവള്ളങ്ങളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. ആറിനും തോടിനും കുറുകെ പാലങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് കടത്തുവള്ളങ്ങളും കാത്ത് കടത്തുകടവിൽ നിന്ന അനുഭവം നമ്മളിൽ മിക്കവർക്കുമുണ്ടാകും. ഔദ്യോഗികമായി കടത്തുവള്ളം ഏർപ്പെടുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കാലവർഷക്കാലത്ത് പുഴ കരകവിഞ്ഞൊഴുകുമ്പോൾ വള്ളത്തിൽ അക്കരയിക്കരെയുള്ള യാത്ര തെല്ല് ദുഷ്കരവും ഭീതിദവുമാണ്.■

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*



# വാർത്തകളും വിശേഷങ്ങളും

## 12 – ാം പഞ്ചവത്സര പദ്ധതി (2012 – 2017) മാർഗ്ഗരേഖ ഭേദഗതി ചെയ്തു

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2012-13ലെ വാർഷിക പദ്ധതിയും 12-ാം പഞ്ചവത്സര പദ്ധതിയും (2012-2017) തയ്യാറാക്കുന്നതിനുള്ള 15.6.2012 ലെ സ.ഉ.(എം.എസ്.) നം. 168/12/തസ്വഭവ നമ്പർ മാർഗ്ഗരേഖയിലെ 9.2 മേഖലാ വകയിരുത്തൽ ഇനം (1) താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു.

‘തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വികസന ഫണ്ടിന്റെ 45%ൽ കൂടാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കിവയ്ക്കാവുന്നതാണ്. മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ആയത് 55% വും ജില്ലാ പഞ്ചായത്തിന് 50% വും ആയിരിക്കും. കൂടാതെ വൃദ്ധർ, വികലാംഗർ, മറ്റ് ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ചുരുങ്ങിയത് 5%വും വനിതാവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 10% വും നീക്കിവയ്ക്കേണ്ടതാണ്. (സ.ഉ. (എം.എസ്.) നം. 173/12/തസ്വഭവ. തീയതി 21.06.2012)

## പട്ടികജാതി കോളനികളിൽ തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കാം

സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ശുപാർശ പ്രകാരം, സംസ്ഥാനത്ത് 50-ൽ അധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 414 പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കോളനിക്കുള്ളിലെ റോഡുകളുടെ നിർമ്മാണം, പുനരുദ്ധാരണം, ജല നിർഗ്ഗമന ചാലുകളുടെ നിർമ്മാണം, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക് ചാൽ നിർമ്മാണം, പട്ടികജാതി കുടുംബങ്ങളിലെ സ്വകാര്യ ഭൂമിയിൽ ഭൂവികസനം, ഹോർട്ടികൾച്ചർ, പ്ലാന്റേഷൻ, ജലസേചനം എന്നീ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ ഗ്രാമപഞ്ചായത്തുകൾ മുൻഗണന നൽകി ഏറ്റെടുത്ത് നടത്തുന്നതിന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. കോളനികളുടെ ലിസ്റ്റ് സർക്കാർ വെബ്സൈറ്റിൽ ലഭ്യമാണ്. (സർക്കുലർ നമ്പർ. 28496/ഡി.ഡി.2/2012/തസ്വഭവ. തീയതി 12.6.2012)

## ഗ്രാമപഞ്ചായത്തുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് അനുമതി

ഗ്രാമപഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേക്ക് മാത്രം നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കേണ്ട ചുമതല അതാത് ഗ്രാമപഞ്ചായത്തുകൾക്ക് തന്നെയായിരിക്കും. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പ്രതിമാസ വേതനമായ 13,500 രൂപ അതാത് ഗ്രാമപഞ്ചായത്തുകൾ തന്നെ നേരിട്ട് നൽകേണ്ടതാണ്. ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (സ.ഉ. (സാധാ) നം. 1772/2012/തസ്വഭവ, തീയതി 27.6.2012)

## കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി: കെൽട്രോണുമായി കരാറിൽ ഏർപ്പെടാം

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി കെൽട്രോണുമായി കരാറിൽ ഏർപ്പെടുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

i) സെർവർ കമ്പ്യൂട്ടറിന്റെ അറ്റകുറ്റപ്പണിക്കായി ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചററുമായി കെൽട്രോൺ കരാറുണ്ടാക്കേണ്ടതും അതിനുള്ള ചെലവ് സെർവർ കമ്പ്യൂട്ടറിന്റെ എ.എം.സി. തുകയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്. ii) വാർഷിക അറ്റകുറ്റപ്പണി കരാറുകൾ ഇൻഫർമേഷൻ കേരള മിഷൻ മോണിട്ടർ ചെയ്യേണ്ടതാണ്. iii) വാർഷിക അറ്റകുറ്റപ്പണി കരാറിൽ റിപ്പയറിന് എടുക്കാവുന്ന കൂടിയ സമയം, ആ സമയത്തിനുള്ളിൽ റിപ്പയർ നടത്തിയില്ലെങ്കിൽ പകരം കമ്പ്യൂട്ടർ നൽകുന്ന കാര്യം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. (സ.ഉ. (സാധാ)നം. 1869/2012/തസ്വഭവ തീയതി 05.07.2012)

## വസ്തുനികുതി പരിഷ്കരണം – സമയക്രമം പുനഃക്രമീകരിച്ചു

വസ്തുനികുതി പരിഷ്ക്കരണ നടപടികളുടെ സമയക്രമം പ്രോപ്പർട്ടി ടാക്സ് ബോർഡിന്റെ സാധൂകരണത്തിന് വിധേയമായി ചുവടെ വിശദമാക്കുംവിധം പുനഃക്രമീകരിച്ച് ഉത്തരവായി.

1. കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റ് പതിക്കൽ, നികുതി നിർണ്ണയം . . . . . . 30.08.2012
   സംബന്ധിച്ചുള്ള പൊതു അറിയിപ്പ്, കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി.
2. അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കൽ . . . . . . . . . . . . . . . . . . . . . 30.09.2012
3. നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ . . . . . . . . . . . . . 16.10.2012

വസ്തു നികുതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പഴയ നിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ ക്രമീകരിക്കേണ്ടതുമാണ്. (സ.ഉ.(സാധാ) നം. 1821/2012/തസ്വഭവ തീയതി 30.6.2012)

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പരമാവധി സംഭാവന നൽകണമെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം. 39520/എഫ്എം3/2012/ത.സ്വ.ഭ.വ. തീയതി: 30.06.2012)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by J. Sadanandan, Director of Panchayats(Additional Charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.